

VOL NO: 03 | ISSUE 02

# നേർപഥം

വാരിക

www.nerpatham.com | mail@nerpatham.com

2019 JANUARY 12 | ₹12

## കോപച്ചൂടിൽ ഉരുകുന്ന ബന്ധങ്ങൾ

പെരുമാറ്റത്തിലും ഇടപെടലുകളിലും അത്രമേൽ മേൽക്കൈ നേടിയ ദുഃസ്വഭാവമാണ് കോപം. പകർച്ചവ്യാധിപോലെ വ്യാപകമായിക്കൊണ്ടിരിക്കുന്ന ഈ ദുഃസ്വഭാവം ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ ചെറുതല്ല. അങ്ങാടിയിൽ മുതൽ കിടപ്പറയിൽവരെ അതുണ്ടാക്കുന്ന പ്രശ്നങ്ങൾ പലവിധമാണ്. ദമ്പതികൾ തമ്മിലുള്ള സല്ലാപം മുതൽ ചാനലുകളിലെ അന്തിച്ചർച്ചകൾ വരെ ഇത് കലുഷിതമാക്കുന്നു. ദാമ്പത്യബന്ധങ്ങളിൽ വിള്ളൽ വീഴ്ത്തുന്നു. തൊഴിലിടങ്ങൾ സദാ സംഘർഷഭരിതമാക്കുന്നു. നടുറോട്ടിൽ ചോര ചിതറിക്കുന്നു. കോപം എങ്ങനെ നിയന്ത്രിക്കാം? പ്രവാചകൻ ഈ രംഗത്ത് നൽകുന്ന ഉപദേശങ്ങൾ എന്തെല്ലാം?

### മുത്ത്വലാക്വും മുഴുവൻ ത്വലാക്വും

രാജ്യത്ത് മുത്ത്വലാക്വ് നിരോധിക്കാനുള്ള കൊണ്ടുപിടിച്ച ശ്രമങ്ങളുമായി മുന്നോട്ടുപോവുകയാണ് സർക്കാർ. രാജ്യത്തിന്റെ അഖണ്ഡത തകർക്കുന്ന പ്രവർത്തനങ്ങളെയും നീറുന്ന പ്രശ്നങ്ങളെയും കണ്ടില്ലെന്ന് നടിക്കുന്ന അതേ നയനങ്ങൾ കൊണ്ട് തന്നെ ഒരു മതത്തിന്റെ ആചാരങ്ങളെയോർത്ത് കണ്ണീർ വാർക്കാൻ ഭരണകൂടം കാണിക്കുന്ന 'സന്മനസ്സിനെ' സംശയത്തോടു കൂടിയല്ലാതെ നോക്കിക്കാണാൻ കഴിയില്ല.

|| മതപഠനത്തോടുള്ള സമുദായത്തിന്റെ സമീപനം

|| ശവപ്പെട്ടിയിലെ നവവരൻ

## വിട പറയൂ അപശബ്ദങ്ങളോട്,
## കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?





peaceradio
Tune to reality

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:


Search peaceradio
Search peace radio App
www.peaceradio.com



Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840

# നേർപഥം
വാരിക

0104 / 2019 ജനുവരി 12 / 1440 ജുമാദുൽ അവ്വൽ 06 / പുസ്തകം 03 / ലക്കം 02

# കോപച്ചൂടിൽ ഉരുകുന്ന ബന്ധങ്ങൾ

ഉസ്മാൻ പാലക്കാഴി / 10


**മുഖമൊഴി**

മുത്ത്വലാക്വും മുഴുവൻ ത്വലാക്വും / 05
എഡിറ്റർ

**ലേഖനം**

നബിﷺയുടെ ജനനം / 06
ഫദ്‌ലുൽ ഹഖ് ഉമരി

അന്തസ്സാർന്ന പ്രവർത്തനങ്ങൾ/ 18
അബൂയഹ്‌യാ ബിൻ മുഹമ്മദ്

മതപഠനത്തോടുള്ള സമുദായത്തിന്റെ സമീപനം / 20
ഡോ. ചേക്കുമരക്കാരകത്ത് ഷാനവാസ്, പറവണ്ണ

അവർ പ്രാർഥിച്ചത് ആരോട്? / 26
മുനവ്വർ ഫൈറൂസ്

**ക്വുർആൻ ദർശനം**

മുത്വഫ്ഫിഫീൻ
(അളവിൽ കമ്മി വരുത്തുന്നവർ) / 15
വിവ: ഹാരിസ് ബിൻ സലീം

**ചരിത്രപഥം**

ബിൽക്വീസ് രാജ്ഞി
സുലൈമാൻ നബിعليه السلامയുടെ കൊട്ടാരത്തിൽ / 30
ഹുസൈൻ സലഫി, ഷാർജ

**കവിത**

ശവപ്പെട്ടിയിലെ നവവരൻ / 34
റിസാലുദ്ദീൻ എം.എം



Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Editor: Usman Palakkazhi I Chief Editor: Anil Primrose
Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
Nerpatham Weekly I PB No: 597 I EKP Complex I Kallai Road I Kozhikkode 2 I Kerala I India
Ph: 0495 4019437 I +91 92075 25244 I mail@nerpatham.com I www.nerpatham.com I Facebook: www.facebook.com

## വായനക്കാർ എഴുതുന്നു



# വക്കം മൗലവി: വിസ്മരിക്കപ്പെടുന്ന നവോത്ഥാനശിൽപി

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ നവോത്ഥാനത്തിന്റെ ഉജ്ജ്വല മുഹൂർത്തങ്ങൾ ഒരുക്കിയ ഏറ്റവും ഉന്നതനായ മുസ്‌ലിം വ്യക്തിത്വമായിരുന്നു വക്കം മുഹമ്മദ് അബ്ദുൽ ഖാദർ മൗലവി. എന്നാൽ നവോത്ഥാന ചർച്ചകൾക്കിടയിൽ ചിലരെങ്കിലും അദ്ദേഹത്തെയും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെയും തമസ്‌കരിക്കാൻ ശ്രമിക്കാറുണ്ടെന്നത് ഖേദകരമാണ്.

തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് താലൂക്കിൽ, അഞ്ചുതെങ്ങ് കായൽക്കരയിൽ വക്കം ഗ്രാമത്തിലെ കുബേര കുടുംബമായ പുന്തൂറാൻ വിളാകം തറവാട്ടിൽ 1873 ഡിസംബർ 28ന് ആയിരുന്നു ജനനം. അദ്ദേഹത്തിന്റെ ജീവിത വിശുദ്ധിയും ദൈവഭക്തിയും കുലീനതയും ശാന്തതയും വിനയവും മുസ്‌ലിംകൾക്കിടയിൽ മാത്രമല്ല, ഇതര സമുദായങ്ങൾക്കിടയിലും അദ്ദേഹത്തെ ആദരണീയനാക്കി.

അഗാധമായ പഠനവും അവഗാഹമായ ഗവേഷണ ചിന്തയും കൈമുതലാക്കി നിരന്തരമായ അധ്വാനത്തിലൂടെ വളർന്നുവന്ന മൗലവി താൻ നേടിയ ജ്ഞാനവും ബുദ്ധിയും പൈതൃകമായി ലഭിച്ച സമ്പത്തും ഉപയോഗിച്ച് സമുദായ പരിഷ്കരണത്തിനിറങ്ങുകയായിരുന്നു. ഒരേസമയം പണ്ഡിതനും സാഹിത്യകാരനും പത്രപ്രവർത്തകനുമായിരുന്നു അദ്ദേഹം. വിദ്യാഭ്യാസത്തിലൂടെ മാത്രമെ സമുദായത്തെ പുരോഗതിയിലേക്ക് നയിക്കാനാവുകയുള്ളൂ എന്ന് അദ്ദേഹം മനസ്സിലാക്കുകയും ആ സന്ദേശം ജനങ്ങളിലേക്ക് എത്തിക്കുകയും ചെയ്തു.

പല പ്രബോധനസംരംഭങ്ങളുടെയും ഒപ്പംചേർന്ന് മൗലവി ജനങ്ങളെ വെളിച്ചത്തിലേക്ക് നയിച്ചു. തിരുവിതാംകൂർ മുസ്‌ലിം മഹാജനസഭ, അരീക്കോട് ലജ്നത്തുൽ ഹമദാനിയ്യ, കേരള മുസ്‌ലിം ഐക്യസംഘം, കേരള ജംഇയ്യത്തുൽ ഉലമ എന്നിവയെല്ലാം വക്കം മൗലവിയുടെ പ്രധാന പ്രവർത്തന വേദികളായിരുന്നു. അദ്ദേഹത്തിന്റെ ശ്രമഫലമായി 1913 മുതൽ തിരുവിതാംകൂർ സർക്കാർ പ്രൈമറി സ്‌കൂളുകളിൽ ക്വുർആൻ അധ്യാപകരെയും ഹൈസ്‌കൂളുകളിൽ അറബി അധ്യാപകരെയും നിയമിച്ചു. മലയാളക്കരയിലെ വലിയ ഒരു സംഭവമായിരുന്നു അത്. അതോടെ സ്‌കൂൾ വിദ്യാഭ്യാസത്തോട് മുസ്‌ലിംകൾക്ക് ആഭിമുഖ്യം വർധിച്ചുവന്നു. മൗലവിയുടെ ശ്രമഫലമായി പിന്നീട് നിരവധി വിദ്യാഭ്യാസകേന്ദ്രങ്ങൾ സ്ഥാപിക്കപ്പെടുകയുണ്ടായി.

സ്വാതന്ത്ര്യ സമരത്തെ ശക്തമായി അനുകൂലിക്കുമ്പോഴും വിദ്യാർഥികൾ പഠനം ഒഴിവാക്കി തെരുവിലിറങ്ങരുതെന്നായിരുന്നു അദ്ദേഹത്തിന്റെ കാഴ്ചപ്പാട്. വിദ്യാർഥികൾക്കിടയിൽ ശക്തമായ ബോധവൽകരണ പ്രവർത്തനങ്ങളും ഇതിനായി അദ്ദേഹം നടത്തിയിരുന്നു.

ഉന്നത നേതാക്കളുമായുള്ള വക്കം മൗലവിയുടെ ബന്ധവും വാക്കുകളിലെ മാസ്മരികതയും സുവിദിതമാണ്. തിരുവിതാംകൂറിൽ ഇസ്‌ലാഹീ പ്രബോധന ദൗത്യം ഏറ്റെടുത്ത മൗലവിയുടെ പ്രവർത്തനങ്ങൾ ഒരു കൊടുങ്കാറ്റുപോലെ കേരളത്തിലെങ്ങും അടിച്ചുവീശി.

തികഞ്ഞ ദേശാഭിമാനിയായിരുന്ന മൗലവി ദേശീയ പ്രസ്ഥാനവുമായി അഭേദ്യമായ ബന്ധം പുലർത്തി.അദ്ദേഹം 1922ൽ ഗാന്ധിജിയുമായി തിരുവനന്തപുരത്ത് വെച്ച് സംഭാഷണം നടത്തുകയുണ്ടായി. സീതി സാഹിബായിരുന്നു കൂടെ ഉണ്ടായിരുന്നത്. ഗാന്ധിജിയുടെ പ്രസംഗ പരിഭാഷകൻ എന്ന നിലയിലുള്ള സീതി സാഹിബിന്റെ സ്വാധീനമുപയോഗിച്ച് കുറെ സമയം ചർച്ചക്ക് ലഭിച്ചു. മൗലവിയുടെ മകൻ ഡൽഹിയിലെ ജാമിഅ മില്ലിയ്യയിലാണ് പഠിക്കുന്നതെന്നറിഞ്ഞപ്പോൾ ഗാന്ധിജി ജാമിഅ മില്ലിയ്യയെ പറ്റി കൂടുതൽ വാചാലനായത്രെ. ശ്രീനാരായണ ഗുരുവുമായും മൗലവിക്ക് അടുത്ത ബന്ധമുണ്ടായിരുന്നു.

നവോത്ഥാന രംഗത്തെ വിശ്രമമില്ലാത്ത പ്രവർത്തനങ്ങൾക്കൊടുവിൽ 1932 ഒക്ടോബർ 31ന് ഉദരരോഗ ബാധിതനായി അദ്ദേഹം ഈ ലോകത്ത് നിന്ന് യാത്രയായി. ഭാവിതലമുറക്ക് പ്രചോദനമാകും വിധം സമൃദ്ധമായ ഒരു പൈതൃകം അവശേഷിപ്പിച്ചു കൊണ്ടുള്ളയാത്ര. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്ക് അല്ലാഹു തക്കതായ പ്രതിഫലം നൽകുമാറാവട്ടെ.

**മുഹമ്മദ് ശാക്കിർ അത്തോളി, ജാമിഅ അൽഹിന്ദ്**

മുഖമൊഴി

# മുത്ത്വലാക്വും മുഴുവൻ ത്വലാക്വും

ഇന്ത്യയിലെ മുസ്‌ലിം സ്ത്രീകളുടെ സുരക്ഷയുടെ കാര്യത്തിൽ കേന്ദ്ര സർക്കാരിനുള്ള അടങ്ങാത്ത താൽപര്യം കാണുമ്പോൾ കണ്ണുകൾ സന്തോഷത്താൽ നിറയുകയാണ്. ഇവർ ഇത്രയും കാലം എവിടെയായിരുന്നു എന്ന് അറിയാതെ ചോദിച്ചുപോകുന്നു. ഒരു മുസ്‌ലിം സ്ത്രീയുടെയും കണ്ണീർതുള്ളികൾ 'ഭാരതാംബ'യുടെ മടിത്തട്ടിൽ ഉറ്റിവീണുകൂടാ എന്ന ചിന്തയാൽ മാത്രം മുത്ത്വലാകിനെ നിരോധിക്കാൻ ആർജവം കാണിച്ച, അതിനായി പ്രതിപക്ഷ പാർട്ടികളോട് കൈമെയ് മറന്ന് പോരാടുന്ന ഭരണകൂടത്തെ എന്തിനാണ് അന്ധമായി വിമർശിക്കുന്നത്?

ഗുജറാത്ത് കലാപവേളയിൽ പൂർണ ഗർഭിണിയായ മുസ്‌ലിം സ്ത്രീയെ പിടിച്ച് ജീവനോടെ പള്ളകീറി ഗർഭസ്ഥശിശുവിനെ പുറത്തെടുത്ത് ശൂലത്തിൽ തുളച്ച് ആളിക്കത്തുന്ന തീയിൽ ചുട്ടെടുത്തതൊക്കെ അങ്ങ് മറന്നേക്കുക. നൂറുകണക്കിന് മുസ്‌ലിം സ്ത്രീകളെ കലാപത്തിന്റെ മറവിൽ മാനഭംഗപ്പെടുത്തിയതും കൊന്നതും ഓർക്കാതിരിക്കുക. അതൊക്കെ 'ഒറ്റപ്പെട്ട' സംഭവമായി എഴുതിത്തള്ളാവുന്നതല്ലേയുള്ളൂ. അന്നൊക്കെ ഈ മുസ്‌ലിം സ്ത്രീകളോടുള്ള 'മുഹബ്ബത്ത്' എവിടെപ്പോയി ഒളിച്ചിരുന്നു എന്ന ചോദ്യത്തിന് പ്രസക്തിയേ ഇല്ല എന്നറിയുക.

മറവി ഒരനുഗ്രഹമാണ് എന്ന് പറഞ്ഞത് ആരാണെന്നറിയില്ല. അപ്പറഞ്ഞത് വളരെ ശരിയാണ്. എല്ലാവരും കഴിഞ്ഞതെല്ലാമങ്ങ് മറന്നേക്കുക. ഏത് മറക്കണം, ഏതെല്ലാം ഓർക്കണം എന്ന് ആരും സ്വയം തീരുമാനമെടുക്കരുത്. അതിന് നിയമനിർമാണം നടത്തി പുലിവാലു പിടിക്കേണ്ട അവസ്ഥയുണ്ടാക്കേണ്ട. പറയേണ്ടവർ പറയും, അനുസരിക്കേണ്ടവർ അനുസരിക്കാൻ മാത്രം ശീലിക്കുക. അലിഖിത നിയമമായി അത് നിലനിൽക്കണം.

മുത്ത്വലാക് നിരോധന ബിൽ ഏകസിവിൽകോഡിലേക്കുള്ള കാൽവയ്പാണ്, മുസ്‌ലിം പുരുഷന്മാരുടെ പീഡനത്തിൽ പൊറുതിമുട്ടി ജീവിക്കുന്നവരാണ് മുസ്‌ലിം സ്ത്രീകൾ എന്ന് വരുത്തിത്തീർക്കാനുള്ള ശ്രമമാണ്, മുസ്‌ലിം വ്യക്തിനിയമങ്ങളിൽ കൈവെക്കാനുള്ള വാതിൽതുറന്നിടലാണ് എന്നൊക്കെ ആരോപിക്കുന്നവർ ആരോപിക്കട്ടെ. അവർക്ക് ഭരണമില്ലാത്തതിന്റെ കെറുവാണ്. മുസ്‌ലിം പുരുഷന്മാരെ ജയിലിലടക്കാനുള്ള കൊതിയൊന്നും ബിൽ കൊണ്ടുവരുന്നവർക്കില്ല. മുത്ത്വലാക് ചെയ്താലല്ലേ ജയിലിലിടൂ. മുത്ത്വലാക് എന്നല്ല ഒറ്റ ത്വലാക്വും രാജ്യത്ത് സംഭവിക്കരുത്. ഒറ്റയടിക്ക് അങ്ങനെയങ്ങ് പറയുന്നത് ശരിയല്ലല്ലോ. അതൊക്കെ സാവകാശമാവാം.

കൂട്ടരേ, ഇന്ത്യാരാജ്യം നേരിടുന്ന ഏറ്റവും വലിയ ഭീഷണി മാവോയിസ്റ്റുകളാണെന്ന് മുൻ പ്രധാനമന്ത്രി മൻമോഹൻ സിംഗ് പ്രസ്താവിച്ചത് നിങ്ങളോർക്കുന്നുണ്ടാകുമല്ലോ. അതൊക്കെ വെറും പൊയ്‌വെടിയാണ്. മുത്ത്വലാക്വാണ് ഇന്ന് രാജ്യം നേരിടുന്ന ഗുരുതരമായ ഭീഷണി. അതുകൊണ്ടാണ് തിരക്കിട്ട് അതിനെതിരെ ബിൽ കൊണ്ടുവന്നത്. പിന്നെ ഐ.എസ്, അൽക്വാഇദ പോലുള്ള ഭീകരസംഘങ്ങളുടെ ആക്രമണം... കാശ്മീരിലെ ഭീകരാക്രമണം... ഇതൊന്നും അത്ര വലിയ വിഷയങ്ങളല്ല. നമ്മുടെ സൈന്യവും പൊലീസുമൊക്കെ അപ്പപ്പോൾ അവരെ കണ്ടെത്തി നശിപ്പിക്കാൻ പ്രാപ്തിയുള്ളവരാണ്. പക്ഷേ, ദോഷൈകദൃക്കുകൾ അവിടെയും കുറ്റമാണ് കണ്ടെത്തുക. തീവ്രവാദികളിൽ നിന്നും പിടിച്ചെടുത്തത് ബോംബും റോക്കറ്റ് ലോഞ്ചറുമൊന്നുമല്ല; ദീപാവലി പടക്കവും പിന്നെ ട്രാക്റ്ററിന്റെ എന്തോ കുന്ത്രാണ്ടവുമാണ് എന്നൊക്കെ പറഞ്ഞ് പ്രചരിപ്പിക്കലാണ് അവരുടെ പണി. അതിന് ചില മാധ്യമങ്ങളും കൂട്ടുനിൽക്കുന്നു. സോഷ്യൽ മീഡിയകളാണ് പലപ്പോഴും പണിതരുന്നത്. എല്ലാവർക്കും എല്ലാവിധ പണിതരാനും സർക്കാരിന് കഴിയും എന്നേ പറയാനുള്ളൂ. എങ്ങനെ ആർക്കൊക്കെ എപ്പോഴൊക്കെ മൂക്കുകയറിടണമെന്ന് സർക്കാരിന് നന്നായി അറിയാം. ●

ഫദ്‌ലുൽ ഹഖ് ഉമരി
kmfumari@gmail.com





# നബിﷺയുടെ ജനനം

**അ**ബ്ദുല്ലക്ക് 25 വയസ്സായപ്പോൾ അദ്ദേഹത്തിന് കല്ല്യാണം കഴിച്ചു കൊടുക്കാൻ അബ്ദുൽ മുത്ത്വലിബ് ഉദ്ദേശിച്ചു. അങ്ങനെ ആമിന ബിൻതു വഹബ്ബ്നു അബ്ദുമനാഫുമായുള്ള വിവാഹം നടന്നു. ആമിനയാകട്ടെ അന്ന് ക്വുറൈശികളിൽ ഉന്നതസ്ഥാനമുള്ള മഹതിയായിരുന്നു. അവരുടെ പിതാവ് ബനൂ സഹ്‌റ ഗോത്രത്തിന്റെ നേതാവുമായിരുന്നു.

നാളുകൾക്ക് ശേഷം അബ്ദുല്ല ശാമിലേക്കുള്ള ഒരു കച്ചവട സംഘത്തോടൊപ്പം പുറപ്പെട്ടു. തിരിച്ച് വരുമ്പോൾ മദീനവഴിവന്ന് തന്റെ അമ്മാവന്മാരായ ബനൂനജ്ജാറിന്റെ കൂടെ താമസിച്ചു. രോഗം കാരണത്താലാണ് ബനൂനജ്ജാറിൽ തങ്ങിയത്. അൽപദിവസങ്ങൾക്ക് ശേഷം അദ്ദേഹം മരണപ്പെടുകയും മദീനയിൽ തന്നെ മറമാടപ്പെടുകയും ചെയ്തു. 25 വയസ്സായിരുന്നു അന്ന് അബ്ദുല്ലക്കുണ്ടായിരുന്നത്. നബിﷺയാകട്ടെ തന്റെ ഉമ്മയുടെ വയറ്റിലുമായിരുന്നു.

യാത്രാസംഘം മക്കയിൽ തിരിച്ചെത്തിയപ്പോൾ അബ്ദുൽ മുത്ത്വലിബ് അബ്ദുല്ല എവിടെയെന്ന് അന്വേഷിച്ചു. ബനൂ നജ്ജാറിലെ അമ്മാവന്മാരുടെ അടുത്തുണ്ടെന്ന് അവർ മറുപടി നൽകി. അബ്ദുൽ മുത്ത്വലിബ് തന്റെ മൂത്തമകൻ ഹാരിസിനെ മദീനയിലേക്കയച്ചു. പക്ഷേ, ഹാരിസ് മദീനയിലേക്കെത്തിയപ്പോഴേക്കും അബ്ദുല്ല മരിച്ച് കഴിഞ്ഞിരുന്നു. ഹാരിസ് തിരിച്ചുവന്ന് പിതാവിനെ വിവരമറിയിച്ചു. അബ്ദുൽ മുത്ത്വലിബിനും മക്കൾക്കും ഈ വാർത്ത താങ്ങാൻ കഴിയുന്നതിലും അപ്പുറമായിരുന്നു. അബ്ദുല്ല മരിക്കുമ്പോൾ വിട്ടേച്ച്പോയത് അഞ്ചു ഒട്ടകങ്ങൾ, ഒരു പറ്റം ആടുകൾ എന്നിവയായിരുന്നു. കൂട്ടത്തിൽ ബർറ എന്ന് പേരുള്ള ഒരു അടിമസ്ത്രീയുമുണ്ടായിരുന്നു. അവരാണ് ഉമ്മുഐമൻ.

ക്രിസ്തു വർഷം 571, ആനക്കലഹവർഷം റബീഉൽ അവ്വൽ 12ന് ലോകത്തിന്റെ കാരുണ്യമായ നബിﷺ മക്കയിലെ ബനൂഹാശിം കുടുംബത്തിൽ ജനിച്ചു. അത് 8ന് ആണെന്നും 2നാണെന്നും വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളുണ്ട്. റബീഉൽ അവ്വൽ മാസത്തിലല്ല എന്ന അഭിപ്രായവും നിലവിലുണ്ട്. തിങ്കളാഴ്ച ദിവസത്തെ നോമ്പിനെക്കുറിച്ച് ചോദിക്കവെ നബിﷺ പറഞ്ഞു: "ഞാൻ ജനിച്ച ദിവസമാണത്. ഞാൻ നബിയായി നിയോഗിക്കപ്പെട്ട ദിവസമാണത്." ഖൈസ്ബ്നു മഖ്റമ പറയുന്നു: "ഞാനും നബിﷺയും ആനക്കലഹ വർഷത്തിലെ റബീഉൽ അവ്വലിലാണ് ജനിച്ചത്."

റബീഅ് എന്നാൽ വസന്തകാലം എന്നാണർഥം. നബിﷺ കൊണ്ടുവന്ന ശറഅ് (മതനിയമം) വസന്തമാണ്. ഏറ്റവും നല്ലകാലം വസന്തകാലമാണ്. നബിﷺ കൊണ്ടുവന്ന ശറഅ് ഏറ്റവും നല്ല ശറഅ് ആണ് .

വസന്തകാലത്ത് ഭൂമി പൊട്ടിപ്പിളർന്ന് ചെടികളും മറ്റും മുളക്കുന്നു. നബിﷺ ലോകത്തിന് കാരുണ്യമായി റബീഉൽ കടന്നുവന്നു.

"ലോകർക്ക് കാരുണ്യമായിക്കൊണ്ടല്ലാതെ നിന്നെ നാം അയച്ചിട്ടില്ല" (അൽഅമ്പിയാഅ് 107).

നബിﷺയോടുകൂടി മതനിയമങ്ങളും പൂർത്തിയാക്കപ്പെട്ടു.

"...ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്‌ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ട് തന്നിരിക്കുന്നു..."(അൽമാഇദ 3).

ഒരു തിങ്കളാഴ്ച ദിവസത്തിൽ തന്നെയാണ് നബിﷺ മരണപ്പെട്ടതും.

പിതാവിന്റെ മരണശേഷമാണ് നബിﷺ ജനിക്കുന്നത്. ഒരു അനാഥന്റെ അങ്ങേയറ്റത്തെ അവസ്ഥയാണിത്. ആറാം വയസ്സിൽ കൺമുന്നിൽ വെച്ച് ഉമ്മയും മരിച്ചു. പ്രവാചകന്റെ സംരക്ഷണത്തിൽ ഉമ്മയുടെയോ ഉപ്പയുടെയോ കൈകളില്ലായിരുന്നു എന്നർഥം. എല്ലാം അറിയുന്നവനും യുക്തിമാനുമായ അല്ലാഹു അതേറ്റെടുത്തു:

"(നബിയേ,) നിന്റെ രക്ഷിതാവ് നിന്നെ കൈവിട്ടിട്ടില്ല. വെറുത്തിട്ടുമില്ല. തീർച്ചയായും പരലോകമാണ് നിനക്ക് ഇഹലോകത്തെക്കാൾ ഉത്തമമായിട്ടുള്ളത്. വഴിയെ നിനക്ക് നിന്റെ രക്ഷിതാവ് (അനുഗ്രഹങ്ങൾ) നൽകുന്നതും അപ്പോൾ നീ തൃപ്തിപ്പെടുന്നതുമാണ്. നിന്നെ അവൻ ഒരു അനാഥയായി കണ്ടെത്തുകയും എന്നിട്ട് (നിനക്ക്) ആശ്രയം നൽകുകയും ചെയ്തില്ലേ? നിന്നെ അവൻ വഴി അറിയാത്തവനായി കണ്ടെത്തുകയും എന്നിട്ട് (നിനക്ക്) മാർഗദർശനം നൽകുകയും ചെയ്തിരിക്കുന്നു. നിന്നെ അവൻ ദരിദ്രനായി കണ്ടെത്തുകയും എന്നിട്ട് അവൻ ഐശ്വര്യം നൽകുകയും ചെയ്തിരിക്കുന്നു" (ളുഹാ 3-8).

നബിﷺക്ക് വിജ്ഞാനം നൽകിയതും അല്ലാഹുതന്നെ.

"നിന്റെ മേൽ അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവുമില്ലായിരുന്നുവെങ്കിൽ അവരിൽ ഒരു വിഭാഗം നിന്നെ പിഴപ്പിച്ച് കളയുവാൻ തുനിഞ്ഞിരിക്കുകയായിരുന്നു. (വാസ്തവത്തിൽ) അവർ അവരെ തന്നെയാണ് പിഴപ്പിക്കുന്നത്. നിനക്ക് അവർ ഒരു ഉപദ്രവവും വരുത്തുന്നതല്ല. അല്ലാഹു നിനക്ക് വേദവും ജ്ഞാനവും അവതരിപ്പിച്ച് തരികയും നിനക്ക് അറിവില്ലാതിരുന്നത് പഠിപ്പിക്കുകയും ചെയ്തിരിക്കുന്നു. നിന്റെ മേലുള്ള അല്ലാഹുവിന്റെ അനുഗ്രഹം മഹത്തായതാകുന്നു"(അന്നിസാഅ് 113).

ഒരു സൃഷ്ടിക്കും അവകാശം പറയാനാകാത്ത വിധം അനാഥനായാണ് നബിﷺ വളർന്നത്. അല്ലാഹു ആർക്ക് പ്രതാപം നൽകിയോ അവനാണ് പ്രതാപവാൻ എന്ന് നബിﷺയുടെ ജീവിതം ആദ്യം മുതൽ അവസാനം വരെ പഠിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. മാതാപിതാക്കളോ സമ്പത്തോ സ്ഥാനമാനങ്ങളോ ആയിരുന്നില്ല അദ്ദേഹത്തിന്റെ ശക്തിയും പിൻബലവും. എല്ലാറ്റിന്റെയും ഉടമസ്ഥനായ അല്ലാഹുവിൽ നിന്നുള്ള സഹായവും കാവലുമായിരുന്നു അദ്ദേഹത്തിന്റെ ശക്തി.

"സന്മാർഗവും സത്യമതവും കൊണ്ട് -എല്ലാ മതങ്ങൾക്കും മീതെ അതിനെ തെളിയിച്ചു കാണിക്കുവാൻ വേണ്ടി-തന്റെ ദൂതനെ നിയോഗിച്ചവനാകുന്നു അവൻ. ബഹുദൈവാരാധകർക്ക് (അത്) അനിഷ്ടകരമായാലും ശരി"(അസ്സ്വഫ്ഫ് 9).

അനാഥനായി വളർന്നത് രക്ഷിതാ

**യതീമായി നബിﷺ മക്കയിൽ ജനിച്ചു. പിതാമഹൻ അബ്ദുൽ മുത്ത്വലിബാണ് ആദ്യം നബിﷺയുടെ സംരക്ഷണം ഏറ്റെടുത്തത്. ഉമ്മ ആമിന വളർത്തുകയും ചെയ്തു. ഉമ്മു ഐമനും കൂടെയുണ്ടായിരുന്നു. മുലയൂട്ടാൻ സുവൈബയും സഹകരിച്ചു. അബൂലഹബിന്റെ ഭൃത്യയായിരുന്നു സുവൈബ. നബിﷺയുടെ കൂടെ അബൂസലമതുബ്നു അബ്ദുൽ അസദും സുവൈബയിൽ നിന്നും മുലകുടിച്ചിരുന്നു.**

വിലേക്ക് കൂടുതൽ ബന്ധം ഉണ്ടാക്കാൻ കാരണമാകുന്നു. ദരിദ്രരുടെയും അനാഥരുടെയും വേദന മനസ്സിലാക്കാൻ സഹായിക്കുന്നു. അവരോട് കാരുണ്യം വർധിക്കും. മുഹമ്മദ് നബിﷺ തന്റെ മാതാപിതാക്കളിൽ നിന്നും പഠിച്ചുമനസ്സിലാക്കിയാണ് പ്രബോധന വിഷയം കൊണ്ടുവന്നത് എന്ന് പറയാൻ ശത്രുക്കൾക്ക് പഴുത് ലഭിക്കാതിരുന്നത് അദ്ദേഹത്തിന്റെ അനാഥത്വം മൂലമാണ്. അനാഥത്വത്തിന്റെ മുമ്പിൽ പകച്ചുനിൽക്കേണ്ട ആവശ്യമില്ല എന്ന പാഠവും അനാഥർക്ക് നബിﷺയുടെ ജീവിതത്തിൽ നിന്നും ലഭിക്കുന്നു. കുറച്ചു കാലം നബിﷺ ഉമ്മയുടെ കൂടെ വളർന്നത് യാദൃച്ഛികമായി ഉണ്ടായ ഒന്നായിരുന്നില്ല. മറിച്ച് അല്ലാഹുവിന്റെ ഒരു നടപടിക്രമമായിരുന്നു അത്. പിതാവിൽനിന്നും എത്രയോ അകലെ ഉമ്മയോടൊപ്പമാണ് ഇസ്മാഈൽ നബിؑ വളർന്നത്.

"ഞങ്ങളുടെ രക്ഷിതാവേ, എന്റെ സന്തതികളിൽ നിന്ന് (ചിലരെ) കൃഷിയൊന്നും ഇല്ലാത്ത ഒരു താഴ്‌വരയിൽ, നിന്റെ പവിത്രമായ ഭവനത്തിന്റെ (കഅ്ബയുടെ) അടുത്ത് ഞാനിതാ താമസിപ്പിച്ചിരിക്കുന്നു. ഞങ്ങളുടെ രക്ഷിതാവേ, അവർ നമസ്കാരം മുറപ്രകാരം നിർവഹിക്കുവാൻ വേണ്ടിയാണ് (അങ്ങനെ ചെയ്തത്). അതിനാൽ മനുഷ്യരിൽ ചിലരുടെ മനസ്സുകളെ നീ അവരോട് ചായ്‌വുള്ളതാക്കുകയും അവർക്ക് കായ്കനികളിൽ നിന്ന് നീ ഉപജീവനം നൽകുകയും ചെയ്യേണമേ. അവർ നന്ദികാണിച്ചെന്ന്‌വരാം" (ഇബ്‌റാഹീം 37).

ഉമ്മയുടെ കൂടെയാണ് മൂസാ നബിؑ വളർന്നത്. ഉമ്മയുടെ കൂടെയാണ് ഈസാനബിؑ വളർന്നത്.

മക്കളെ വളർത്തുന്ന വിഷയത്തിൽ ഒരു ഉമ്മാക്കുള്ള സ്ഥാനവും ഈ ചരിത്രങ്ങൾ വിളിച്ചറിയിക്കുന്നു. തലമുറകളെ വളർത്തിയെടുക്കേണ്ടവർ ഉമ്മമാരാണ്. അതുകൊണ്ട് തന്നെ പിതാവിനെക്കാൾ മൂന്ന് സ്ഥാനം കൂടുതൽ അല്ലാഹു ഉമ്മാക്ക് നൽകി. (ബുഖാരി: 597, മുസ്‌ലിം: 2548).

**നബിﷺക്ക് പേരിടുന്നു**

നബിﷺയുടെ ജനന ശേഷം മുഹമ്മദ് എന്ന് പേരിട്ടു. ശേഷം പിതാമഹൻ അബ്ദുൽ മുത്ത്വലിബിന്റെ അടു

**അറബികളുടെ പതിവനുസരിച്ച് ഏഴാം ദിവസം തന്നെ നബിﷺയുടെ ചേലാകർമം നടത്തി. അന്നുതന്നെ ആടിനെ അക്വീക്വ അറുത്ത് സദ്യയും ഒരുക്കി. ജനങ്ങൾക്കിടയിൽ കുഞ്ഞിന് കീർത്തിയും നൽകി. നബിﷺക്ക് ആറ് വയസ്സായപ്പോൾ അബവാഅ് എന്ന സ്ഥലത്ത് വെച്ച് ആമിന മരണപ്പെട്ടു. നബിയെയും കൊണ്ട് മദീനയിൽ നിന്നും മക്കയിലേക്ക് മടങ്ങുന്ന വഴിയായിരുന്നു അവർ. പ്രവാചകത്വത്തിന് ശേഷവും നബിﷺ തന്റെ ഉമ്മയുടെ ക്വബ്ർ സന്ദർശിക്കാറുണ്ടായിരുന്നു. നബിﷺ ആസന്ദർഭത്തിൽ കുറെ കരഞ്ഞിട്ടുണ്ട്. പക്ഷേ, അവർക്കുവേണ്ടി പാപമോചനം തേടാൻ അല്ലാഹു അനുമതി നൽകിയില്ല.**

ക്കലേക്കയച്ചു. അദ്ദേഹം കുട്ടിയെയും കൊണ്ട് കഅ്ബയിൽ പ്രവേശിച്ചു. ഏഴാം ദിവസം കുട്ടിക്ക് വേണ്ടി അറവ് നടത്തി. അതിലേക്ക് ക്വുറൈശികളെയും ക്ഷണിച്ചു. ഭക്ഷണം കഴിച്ചശേഷം കുട്ടിക്കെന്താണ് പേരിട്ടതെന്ന് ചോദിച്ചപ്പോൾ 'മുഹമ്മദ്' എന്ന് മറുപടി പറഞ്ഞു.

ക്വുറൈശികൾ പറഞ്ഞു: 'നിങ്ങളുടെ പൂർവ പിതാക്കളിലൊന്നും ഇങ്ങനെ ഒരു പേരില്ലല്ലോ.' അബ്ദുൽ മുത്ത്വലിബ് പറഞ്ഞു: 'ആകാശത്തുള്ളവരും ഭൂമിയിലുള്ളവരും അവനെ പുകഴ്ത്താൻ ഞാൻ ആഗ്രഹിക്കുന്നു.'

മുഹമ്മദ് എന്നനാമം ക്വുർആനിൽ നാല് തവണ പരാമർശിച്ചിട്ടുണ്ട്.

"മുഹമ്മദ് നിങ്ങളുടെ പുരുഷൻമാരിൽ ഒരാളുടെയും പിതാവായിട്ടില്ല. പക്ഷേ, അദ്ദേഹം അല്ലാഹുവിന്റെ ദൂതനും പ്രവാചകൻമാരിൽ അവസാനത്തെ ആളുമാകുന്നു..." (അൽ അഹ്‌സാബ് 40).

"മുഹമ്മദ് അല്ലാഹുവിന്റെ പ്രവാചകനാകുന്നു..." (അൽഫത്ഹ് 29).

"വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും മുഹമ്മദ് നബിയുടെ മേൽ അവതരിപ്പിക്കപ്പെട്ടതിൽ -അതത്രെ അവരുടെ രക്ഷിതാവിങ്കൽ നിന്നുള്ള സത്യം- വിശ്വസിക്കുകയും ചെയ്തവരാരോ അവരിൽ നിന്ന് അവരുടെ തിൻമകൾ അവൻ (അല്ലാഹു) മായ്ച്ചുകളയുകയും അവരുടെ അവസ്ഥ അവൻ നന്നാക്കിതീർക്കുകയും ചെയ്യുന്നതാണ്" (മുഹമ്മദ് 2).

"മുഹമ്മദ് അല്ലാഹുവിന്റെ ഒരു ദൂതൻ മാത്രമാകുന്നു. അദ്ദേഹത്തിന് മുമ്പും ദൂതൻമാർ കഴിഞ്ഞുപോയിട്ടുണ്ട്..." (ആലുഇംറാൻ 144).

തൗറാത്തിൽ അഹ്മദ് എന്നപേരാണ് എന്നിട്ടുള്ളത്: "മർയമിന്റെ മകൻ ഈസാ പറഞ്ഞ സന്ദർഭവും (ശ്രദ്ധേയമാകുന്നു:) ഇസ്‌റാഈൽ സന്തതികളേ, എനിക്കു മുമ്പുള്ള തൗറാത്തിനെ സത്യപ്പെടുത്തുന്നവനായിക്കൊണ്ടും എനിക്ക് ശേഷം വരുന്ന അഹ്മദ്

എന്നുപേരുള്ള ഒരു ദൂതനെപ്പറ്റി സന്തോഷവാർത്ത അറിയിക്കുന്നവനായിക്കൊണ്ടും നിങ്ങളിലേക്ക് അല്ലാഹുവിന്റെ ദൂതനായി നിയോഗിക്കപ്പെട്ടവനാകുന്നു ഞാൻ...'' (അസ്സ്വഫ്ഫ് 6).

നബിﷺ പറയുന്നു: "എനിക്ക് പല പേരുകളുണ്ട്. ഞാൻ മുഹമ്മദാണ്, ഞാൻ അഹ്മദാണ്, ഞാൻ 'മാഹി'യാണ്. എന്നെക്കൊണ്ട് അല്ലാഹു കുഫ്റിനെ മായ്ച്ച് കളയും. ഞാനാണ് 'ഹാശിർ.' എന്റെ കീഴിൽ ജനങ്ങൾ ഒരുമിച്ച് കൂട്ടപ്പെടും. ഞാൻ ആക്വിബ് ആണ്'' (ബുഖാരി: 4896).

'ഞാൻ അബുൽ ക്വാസിം ആണ്' എന്നും നബിﷺ പറഞ്ഞിട്ടുണ്ട്. (ബുഖാരി: 3114, മുസ്ലിം: 2133).

നബിﷺയുടെ ജനന സമയത്ത് തന്റെ ഉമ്മയിൽ നിന്ന് ഒരു പ്രകാശം പുറപ്പെടുകയും ശാമിലെ കൊട്ടാരങ്ങൾ വരെ അതുമൂലം തിളങ്ങുകയും ചെയ്തു എന്ന് ഇമാം അഹ്മദിൽ നിന്ന് ഒരു സംഭവവും ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. (അഹ്മദ്: 17163).

**ചേലാകർമം**

അറബികളുടെ പതിവനുസരിച്ച് ഏഴാം ദിവസം തന്നെ നബിﷺയുടെ ചേലാകർമം നടത്തുകയും ചെയ്തു. അന്നുതന്നെ ആടിനെ അക്വീക്വ അറുത്ത് സദ്യയും ഒരുക്കി. ജനങ്ങൾക്കിടയിൽ കുഞ്ഞിന് കീർത്തിയും നൽകി.

**സംരക്ഷണം**

യതീമായി നബിﷺ മക്കയിൽ ജനിച്ചു. പിതാമഹൻ അബ്ദുൽ മുത്ത്വലിബാണ് ആദ്യം നബിﷺയുടെ സംരക്ഷണം ഏറ്റെടുത്തത്. ഉമ്മ ആമിന വളർത്തുകയും ചെയ്തു. ഉമ്മു ഐമനും കൂടെയുണ്ടായിരുന്നു. മുലയൂട്ടാൻ സുവൈബയും സഹകരിച്ചു. അബൂലഹബിന്റെ ഭൃത്യയായിരുന്നു സുവൈബ. നബിﷺയുടെ കൂടെ അബൂസലമതുബ്നു അബ്ദുൽ അസദും സുവൈബയിൽ നിന്നും മുലകുടിച്ചിരുന്നു.

നബിﷺക്ക് ആറ് വയസ്സായപ്പോൾ അബവാഅ് എന്ന സ്ഥലത്ത് വെച്ച് ആമിന മരണപ്പെട്ടു. നബിയെയും കൊണ്ട് മദീനയിൽ നിന്നും മക്കയിലേക്ക് മടങ്ങുന്ന വഴിയായിരുന്നു അവർ. പ്രവാചകത്വത്തിന് ശേഷവും നബിﷺ തന്റെ ഉമ്മയുടെ ക്വബ്ർ സന്ദർശിക്കാറുണ്ടായിരുന്നു. നബിﷺ ആസന്ദർഭത്തിൽ കുറെ കരഞ്ഞിട്ടുണ്ട്. പക്ഷേ, അവർക്കുവേണ്ടി പാപമോചനം തേടാൻ അല്ലാഹു അനുമതിനൽകിയില്ല. (മുസ്ലിം: 976).

ആമിന മരിച്ച് അബവാഇൽ മറവ് ചെയ്ത ശേഷം ഉമ്മു ഐമൻ കുഞ്ഞുമായി മക്കയിലേക്ക് മടങ്ങി. അബ്ദുൽ മുത്ത്വലിബ് കുഞ്ഞിനെ തന്നിലേക്കണച്ചു കൂട്ടി. തന്റെ മക്കൾക്കൊന്നും നൽകാത്ത വാത്സല്യം മുഹമ്മദ് നബിﷺക്ക് നൽകി. അബ്ദുൽ മുത്ത്വലിബ് എപ്പോഴും കുഞ്ഞിനെ കൂടെയിരുത്തി. ഊണിലും ഉറക്കിലും ഒപ്പം തന്നെ. എന്നാൽ കുഞ്ഞിന് എട്ട് വയസ്സായപ്പോൾ ഈ സ്നേഹവും അസ്തമിച്ചു. പക്ഷേ, മരണത്തിന് മുമ്പ് നബിﷺയുടെ സംരക്ഷണം ഏറ്റെടുക്കാൻ അബൂത്വാലിബിനോട് വസ്വിയ്യത്ത് ചെയ്തിരുന്നു. കാരണം അബ്ദുല്ലയും അബൂത്വാലിബും ഒരേ ഉമ്മയിലുണ്ടായ മക്കളായിരുന്നു.

അബൂത്വാലിബ് തന്റെ കടമ കൃത്യമായി നിർവഹിച്ചു. തന്റെ മക്കളോടൊപ്പം നബിയെയും ചേർത്തു. എല്ലാവരെക്കാളും മുൻഗണന നൽകി. ശക്തമായിത്തന്നെ സ്നേഹിച്ചു. നബിയുടെ കൂടെയല്ലാതെ അബൂത്വാലിബ് ഉറങ്ങിയില്ല. പുറത്ത് പോകുമ്പോൾ നബിﷺയെയും കൊണ്ടുപോകും. വലിയ ക്വുറൈശി പ്രമാണിമാരോടൊപ്പമുള്ള ശാമിലേക്കുള്ള കച്ചവടയാത്രയിൽ അബൂത്വാലിബ് നബിﷺയെയും കുടെ കൂട്ടി.

സമ്പത്ത് കുറവുള്ള ആളായിരുന്നു അബൂത്വാലിബ്. ശാമിൽ നിന്നും മടങ്ങിയ ശേഷം നബിﷺ ഉപജീവനം തേടി ഇറങ്ങിത്തുടങ്ങി. തുഛമായ നാണയത്തുട്ടുകൾ നിശ്ചയിച്ച് നബിﷺ മക്കക്കാരുടെ ആടുകളെ മേയ്ച്ചു. അങ്ങനെ ചെറുപ്പം മുതലേ അധ്വാനിച്ച് മാതൃകയായി നബിﷺ.

നബിﷺ പറയുന്നു:"അല്ലാഹു നിയോഗിച്ച നബിമാരൊക്കെ ആടിനെ മേയ്ച്ചിട്ടുണ്ട്.'' സ്വഹാബത്ത് ചോദിച്ചു: "നിങ്ങളും ആടിനെ മേയ്ച്ചിട്ടുണ്ടോ റസൂലേ.'' നബിﷺ പറഞ്ഞു: "ഉണ്ട്. ക്വീറാതുകൾ പ്രതിഫലമാക്കി മക്കക്കാരുടെ ആടുകളെ ഞാൻ മേയ്ച്ചിട്ടുണ്ട്'' (ബുഖാരി: 2262).

പ്രവാചകത്വത്തിന് മുമ്പ് ആടിനെ മേയ്ക്കുന്നതിൽ ഒരുപാട് യുക്തികളുണ്ട്.

1. സമൂഹത്തെ നയിക്കാനുള്ള പരിശീലനം.

2. ആടുകളുടെ കൂടെനിന്ന് ക്ഷമിക്കാനും സഹിക്കാനും സ്നേഹിക്കാനും കരുണകാണിക്കാനുമുള്ള പരിശീലനം.

3. ശത്രുക്കളിൽ നിന്ന് സമുദായത്തെ രക്ഷിക്കാനുള്ള സാഹസവും പരിശീലനവും.

അബൂത്വാലിബ് നബിﷺയെ സംരക്ഷിച്ചുകൊണ്ടിരുന്നു. നാൽപത് കൊല്ലത്തിൽ അധികം നബിﷺക്ക് വേണ്ടി പ്രതിരോധിക്കുകയും ചെയ്തു.

**(തുടരും)**





ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

# കോപച്ചൂടിൽ ഉരുകുന്ന ബന്ധങ്ങൾ

**പെരുമാറ്റത്തിലും ഇടപെടലുകളിലും അത്രമേൽ മേൽക്കൈ നേടിയ ദുഃസ്വഭാവമാണ് കോപം. പകർച്ചവ്യാധി പോലെ വ്യാപകമായിക്കൊണ്ടിരിക്കുന്ന ഈ ദുഃസ്വഭാവം ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ ചെറുതല്ല. അങ്ങാടിയിൽ മുതൽ കിടപ്പറയിൽവരെ അതുണ്ടാക്കുന്ന പ്രശ്നങ്ങൾ പലവിധമാണ്. ദമ്പതികൾ തമ്മിലുള്ള സല്ലാപം മുതൽ ചാനലുകളിലെ അന്തിച്ചർച്ചകൾ വരെ ഇത് കലുഷിതമാക്കുന്നു. ദാമ്പത്യബന്ധങ്ങളിൽ വിള്ളൽ വീഴ്ത്തുന്നു. തൊഴിലിടങ്ങൾ സദാ സംഘർഷഭരിതമാക്കുന്നു. നടുറോട്ടിൽ ചോര ചിതറിക്കുന്നു. കോപം എങ്ങനെ നിയന്ത്രിക്കാം? പ്രവാചകൻ ഈ രംഗത്ത് നൽകുന്ന ഉപദേശങ്ങൾ എന്തെല്ലാം?**

"...നായർ വിശന്നു വലഞ്ഞു വരുമ്പോൾ
കായക്കഞ്ഞിക്കരിയിട്ടില്ല
ആയതുകേട്ടുകലമ്പിച്ചെന്ന-
ങ്ങായുധമുടനേ കാട്ടിലെറിഞ്ഞു.
ചുട്ടുതിളക്കും വെള്ളമശേഷം
കുട്ടികൾ തങ്ങടെ തലയിലൊഴിച്ചു.
കെട്ടിയ പെണ്ണിനെ മടികൂടാതെ
കിട്ടിയ വടികൊണ്ടൊന്നു കൊടുത്തു.
ഉരുളികൾ കിണ്ടികളൊക്കെയുടച്ചു,
ഉരലുവലിച്ചു കിണറ്റിൽ മറിച്ചു,
ചിരവയെടുത്തത് തീയിലെരിച്ചു,
അരകല്ലങ്ങു കുളത്തിലെറിഞ്ഞു;
അതുകൊണ്ടരിശം തീരാഞ്ഞവന-
പ്പുരയുടെ ചുറ്റും മണ്ടി നടന്നു..."

ദേഷ്യം പിടിച്ച പടയാളിയുടെ പരാക്രമങ്ങൾ നർമത്തിൽ പൊതിഞ്ഞു കൊണ്ട് കുഞ്ചൻ നമ്പ്യാർ ഇങ്ങനെ മൂന്ന് നൂറ്റാണ്ടു മുമ്പ് പാടിയപ്പോൾ സദസ്സ്യർ ഇളകിച്ചിരിച്ചിട്ടുണ്ടാകും. എന്നാൽ 'അതുകൊണ്ടരിശം തീരാതെ...' മണ്ടിനടക്കുന്ന മലയാളിക്കിന്ന് ഇതു കേട്ടാൽ ചിരിക്കാൻ കഴിഞ്ഞുകൊള്ളണമെന്നില്ല.

ഒരുപാട് ദുരന്തങ്ങളെ വിളിച്ചുവരുത്തുന്ന, മനുഷ്യനെ അന്ധനും ബധിരനുമാക്കുന്ന, വ്യക്തികളെയും കുടുംബങ്ങളെയും സമൂഹങ്ങളെയും രാഷ്ട്രങ്ങളെയും വരെ നശിപ്പിക്കാൻ കാരണമായേക്കാവുന്ന ഒരു ദുഃസ്വഭാവമാണ് അമിതമായ കോപം.

ഇന്ന് എല്ലാവർക്കും എല്ലാവരോടും ദേഷ്യമാണ്. ഭാര്യക്ക് ഭർത്താവിനോട്, ഭർത്താവിന് ഭാര്യയോട്, മാതാപിതാക്കൾക്ക് മക്കളോട്, മക്കൾക്ക് മാതാപിതാക്കളോട്, തൊഴിലാളിക്ക് മുതലാളിയോട്, മുതലാളിക്ക് തൊഴിലാളിയോട്, വീട്ടുകാർക്ക് അയൽപക്കക്കാരോട്, ഒരു മതക്കാരന് മറ്റു മതക്കാരനോട്, മതരഹിത മതവിശ്വാസിയോട്, ഒരു രാഷ്ട്രീയപാർട്ടിക്കാരന് മറ്റു പാർട്ടിക്കാരോട്, നേതാവിന് അനുയായികളോട്, അനുയായികൾക്ക് നേതാവിനോട്, ജനങ്ങൾക്ക് സർക്കാറിനോട്, സർക്കാറിന് ജനങ്ങളോട്... എന്തിനേറെ ഓരോരുത്തർക്കും അവരവരോട് തന്നെ ദേഷ്യമാണിന്ന്!

പെരുമാറ്റത്തിലും ഇടപെടലുകളിലും അത്രമേൽ മേൽക്കൈ നേടിയ ഒരു ദുഃസ്വഭാവമാണ് കോപം എന്നത്. ഒരു പകർച്ചവ്യാധിപോലെ വ്യാപകമായിക്കൊണ്ടിരിക്കുന്ന ഈ ദുഃസ്വഭാവം ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ ചെറുതല്ല. അങ്ങാടിയിൽ മുതൽ കിടപ്പറയിൽവരെ അതുണ്ടാക്കുന്ന പ്രശ്നങ്ങൾ പലവിധമാണ്. ദമ്പതികൾ തമ്മിലുള്ള സല്ലാപം മുതൽ ചാനലുകളിലെ അന്തിച്ചർച്ചകൾ വരെ ഇത് കലുഷിതമാകുന്നു. ദാമ്പത്യബന്ധങ്ങളിൽ വിള്ളൽ വീഴ്ത്തുന്നു. തൊഴിലിടങ്ങളിൽ സദാ സംഘർഷഭരിതമാകുന്നു. നടുറോട്ടിൽ ചോര ചിതറിക്കുന്നു. നാലാളു കേട്ടാൽ നാണക്കേടാകുമെന്ന് കരുതി കോപം നിയന്ത്രിച്ചിരുന്നവർ പോലും ഫേസ്ബുക്കിലൂടെയും വാട്സാപ്പിലൂടെയും നിസ്സാരകാര്യങ്ങൾക്കുപോലും തല്ലു കൂടുകയാണ്.

കേരളത്തിലെ വർധിച്ചുവരുന്ന ദാമ്പത്യ സംഘർഷങ്ങളിലും വിവാഹമോചനക്കേസുകളിലും അമിതകോപം പ്രധാന ഘടകമാണെന്ന് മനഃശാസ്ത്ര വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു. റോഡപകടങ്ങളിൽ, ആത്മഹത്യകളിൽ, വിവാഹമോചനക്കേസുകളിൽ, മദ്യപാനത്തിൽ, ഗാർഹിക അതിക്രമങ്ങളിൽ, ജീവിതശൈലീരോഗങ്ങളിൽ ഒക്കെയാണ് നാമിന്ന് മുൻപന്തിയിൽ നിൽക്കുന്നത്. ഒട്ടും അഭിമാനകരമല്ലാത്ത ഈ 'നേട്ടങ്ങൾക്ക്' പിന്നിൽ അമിത കോപത്തിനും എടുത്തുചാടിയുള്ള പ്രതികരണങ്ങൾക്കും വലിയ പങ്കുണ്ടെന്ന് മനഃശാസ്ത്രജ്ഞർ ചൂണ്ടിക്കാണിക്കുന്നു.

അമിതകോപം എന്നത് ഒരു ആഗോള പ്രതിഭാസമായി മാറിയിട്ടുണ്ടെന്നും ആഗോളതാപനം പോലെ കോപതാപവും ഉയർന്നുകൊണ്ടിരിക്കുകയാണെന്നും സാമൂഹ്യശാസ്ത്രജ്ഞർ വിലയിരുത്തുന്നുണ്ട്. ദേഷ്യം പോലുള്ള വൈകാരികപ്രശ്നങ്ങൾ വർധിച്ചു വരുന്നതിൽ സാമൂഹിക മാറ്റങ്ങൾക്കും വലിയ പങ്കുണ്ടെന്ന് നേരത്തെ തന്നെ നിരീക്ഷണങ്ങളുണ്ട്. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ പാശ്ചാത്യ ജീവിതത്തെ പഠനവിധേയമാക്കിയ ബ്രിട്ടീഷ് ഗ്രന്ഥകാരന്മാരായ ഒലിവർ ജെയിംസും റിച്ചാർഡ് ലേയാഡും പറയുന്നത് 50 വർഷത്തെ സാമ്പത്തിക വളർച്ച മനുഷ്യരെ കൂടുതൽ സന്തോഷവാന്മാരാക്കുകയല്ല, മറിച്ച് അവരിൽ ദേഷ്യം വർധിപ്പിക്കുകയാണ് ചെയ്തത് എന്നാണ്. നാഗരിക ജീവിതത്തിലെ പിരിമുറുക്കങ്ങൾ, നിരാശ, ശബ്ദമലിനീകരണം, ആൾക്കൂട്ടങ്ങൾ, ലഹരിയുപയോഗം തുടങ്ങിയവയൊക്കെ അമിതകോപത്തിന് കാരണമാകുന്നു എന്നാണ്.



**കേരളത്തിലെ വർധിച്ചുവരുന്ന ദാമ്പത്യ സംഘർഷങ്ങളിലും വിവാഹമോചനക്കേസുകളിലും അമിതകോപം പ്രധാന ഘടകമാണെന്ന് മനഃശാസ്ത്ര വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു. റോഡപകടങ്ങളിൽ, ആത്മഹത്യകളിൽ, വിവാഹമോചനക്കേസുകളിൽ, മദ്യപാനത്തിൽ, ഗാർഹിക അതിക്രമങ്ങളിൽ, ജീവിതശൈലീരോഗങ്ങളിൽ ഒക്കെയാണ് നാമിന്ന് മുൻപന്തിയിൽ നിൽക്കുന്നത്. ഒട്ടും അഭിമാനകരമല്ലാത്ത ഈ 'നേട്ടങ്ങൾക്ക്' പിന്നിൽ അമിത കോപത്തിനും എടുത്തുചാടിയുള്ള പ്രതികരണങ്ങൾക്കും വലിയ പങ്കുണ്ടെന്ന് മനഃശാസ്ത്രജ്ഞർ ചൂണ്ടിക്കാണിക്കുന്നു.**

ഭൗതികനേട്ടങ്ങളെക്കുറിച്ചുള്ള കണക്കുകൂട്ടലുകളുടെ ലോകത്താണ് മനുഷ്യൻജീവിച്ചുകൊണ്ടിരിക്കുന്നത്. തൊട്ടടുത്ത നിമിഷം നേടിയെടുക്കേണ്ട ലാഭത്തെ കുറിച്ചുള്ള ആലോചനകളാണ് ഊണിലും ഉറക്കിലുമൊക്കെ. ഈ കണക്കുകൂട്ടലുകൾ തെറ്റാനുള്ള സാധ്യത എപ്പോഴും ഏറെയാണ്. അങ്ങനെ സംഭവിക്കുമ്പോൾ അവർ വേഗം അസ്വസ്ഥരാകും. ദേഷ്യമായി അത് പുറത്തേക്ക് വരും.

ആണിന്റെയും പെണ്ണിന്റെയും ദേഷ്യപ്രകടനങ്ങൾ തമ്മിൽ ചില വ്യത്യാസങ്ങളുണ്ട്. ദേഷ്യത്താൽ പുരുഷൻ പലപ്പോഴും ആക്രമണസ്വഭാവം കാണിക്കും. അട്ടഹസിക്കും. എന്നാൽ സ്ത്രീ പൊതുവെ വിഷാദവതിയാവുകയാണ് ചെയ്യുക. കണ്ണീരായിട്ടോ അവഗണനയായിട്ടോ ഒക്കെയാകും അവരത് പ്രകടമാക്കുക. എന്നാൽ കൗമാരക്കാരിൽ എടുത്തുചാട്ട പ്രവണതയായിട്ടായിരിക്കും ദേഷ്യം പ്രകടമാവുക.

ദേഷ്യം പിടിക്കാനും കലിതുള്ളാനുമൊക്കെ ഓരോരുത്തർക്കും ഓരോ കാരണങ്ങളുണ്ടാവും. അഥവാ ഓരോരോ കാരണങ്ങളാൽ അവർ കോപാന്ധരായി മാറും. തന്റെ വാഹനത്തെ മറ്റൊരു വാഹനം മറികടക്കാൻ ശ്രമിച്ചാൽ, അല്ലെങ്കിൽ തനിക്ക് വഴിമാറിത്തരാതിരുന്നാൽ പൊട്ടിത്തെറിക്കുന്നവരെയും അസഭ്യം പറയുന്നവരെയും നാം കാണാറുണ്ട്. മക്കൾ അനുസരണക്കേട് കാണിച്ചാൽ, കറിയിൽ അൽപം ഉപ്പ് കുറയുകയോ എരുവ് കൂടുകയോ ചെയ്താൽ... അങ്ങനെയങ്ങനെ പലതും മനുഷ്യനെ കോപാകുലനാക്കി മാറ്റാറുണ്ട്. വിളിച്ചയുടൻ വിളിപ്പുറത്തെത്താത്തതിനാൽ ഭാര്യയുടെ കയ്യിൽനിന്ന് മൊബൈൽ ഫോൺ വാങ്ങി എറിഞ്ഞുതകർക്കുന്ന ഭർത്താക്കൻമാരും ഇല്ലാതില്ല. ഭാര്യയോടുള്ള ദേഷ്യം മൊബൈലിനോട് പ്രകടിപ്പിക്കുമ്പോൾ താൻ അധ്വാനിച്ചുണ്ടാക്കിയ കാശാണ് നശിച്ചുപോകുന്നതെന്ന് ചിന്തിക്കാൻ കോപാന്ധത അവനെ അനുവദിക്കില്ല.

ദേഷ്യത്തിനുള്ള കാരണം എന്തായാലും, അത് പ്രകടിപ്പിക്കുന്ന രീതി എത്ര വ്യത്യസ്തമായാലും അതിന്റെ അനന്തരഫലം എല്ലായ്പ്പോഴും മോശമായിരിക്കും എന്നതിൽ സംശയമില്ല. അമിതമായ കോപം കോപിക്കുന്നയാൾക്കും കോപത്തിന് ഇരയാകുന്നവർക്കും അപകടമേ വരുത്തൂ.

'ദേഷ്യം ഒരുതരം ആസിഡാണ്. അത് പ്രയോഗിക്കപ്പെടുന്ന വസ്തുവിനെക്കാൾ പരിക്കേൽപിക്കുക ശേഖരിച്ചുവെച്ച പാത്രത്തിനായിരിക്കും' എന്ന മാർക്ട്വയ്നിന്റെ വാക്കുകൾ അർഥഗർഭമാണ്. ദേഷ്യത്തിന്റെ പ്രധാന ഇര ദേഷ്യപ്പെടുന്നവൻ തന്നെയാണ്. അമിതദേഷ്യം വ്യക്തിയുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തെ തകർക്കും. ദേഷ്യപ്പെടുമ്പോൾ രക്തത്തിലേക്ക് സ്രവിക്കപ്പെടുന്ന അഡ്രിനാലിൻ രക്തസമ്മർദം കൂട്ടും. സ്ഥിരമായ കോപം ഹൃദയാഘാത സാധ്യത വർധിപ്പിക്കും, രോഗപ്രതിരോധശേഷി ക്ഷയിപ്പിക്കും എന്നെല്ലാം കണ്ടെത്തിയിട്ടുണ്ട്. അത് വിഷാദം പോലുള്ള പലതരം മാനസിക പ്രശ്നങ്ങൾക്കും ഇടയാക്കും. അക്രമ പ്രവർത്തനങ്ങളിലേക്ക് നയിക്കും. വ്യക്തിബന്ധങ്ങൾ തകർക്കും. തെറ്റായ തീരുമാനങ്ങളെടുക്കാൻ ഇടയാക്കും.

'ദേഷ്യപ്പെടാൻ ആർക്കും കഴിയും; അത് എളുപ്പ



**'ദേഷ്യം ഒരുതരം ആസിഡാണ്. അത് പ്രയോഗിക്കപ്പെടുന്ന വസ്തുവിനെക്കാൾ പരിക്കേൽപിക്കുക ശേഖരിച്ചുവെച്ച പാത്രത്തിനായിരിക്കും' എന്ന മാർക്ട്വയ്നിന്റെ വാക്കുകൾ അർഥഗർഭമാണ്. ദേഷ്യത്തിന്റെ പ്രധാന ഇര ദേഷ്യപ്പെടുന്നവൻ തന്നെയാണ്. അമിതദേഷ്യം വ്യക്തിയുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തെ തകർക്കും. ദേഷ്യപ്പെടുമ്പോൾ രക്തത്തിലേക്ക് സ്രവിക്കപ്പെടുന്ന അഡ്രിനാലിൻ രക്തസമ്മർദം കൂട്ടും. സ്ഥിരമായ കോപം ഹൃദയാഘാത സാധ്യത വർധിപ്പിക്കും, രോഗപ്രതിരോധശേഷി ക്ഷയിപ്പിക്കും എന്നെല്ലാം കണ്ടെത്തിയിട്ടുണ്ട്.**

മാണ്. എന്നാൽ ആവശ്യമുള്ളവരോട് ആവശ്യമുള്ള അളവിൽ വേണ്ട സമയത്ത് ശരിയായ ഉദ്ദേശ്യത്തോടെ ശരിയായ രീതിയിൽ ദേഷ്യപ്പെടാൻ എല്ലാവർക്കും കഴിഞ്ഞുകൊള്ളണമെന്നില്ല; അത്ര എളുപ്പമല്ല' എന്ന് അരിസ്റ്റോട്ടിൽ പറഞ്ഞത് എത്ര ശരിയാണ്.

ദേഷ്യം ഒരു അടിസ്ഥാന മാനുഷിക വികാരമാണ്; സങ്കടം, സന്തോഷം, ഭയം പോലുള്ള ഒന്ന്. മിതവും മാന്യവുമായ ദേഷ്യത്തിന് അതിന്റെതായ ഗുണമുണ്ടായിരിക്കും. നല്ല കാര്യങ്ങളിലേക്ക് ദേഷ്യം പ്രചോദനമാകാം. അനീതിക്കും അന്യായത്തിനും അക്രമത്തിനുമെതിരെ അത് വ്യക്തികൾക്ക് ധൈര്യമേകും. ആക്രമിക്കപ്പെടുമ്പോൾ അത് നമ്മുടെ നിലനിൽപിന് തന്നെ ആവശ്യമായിവരും.

ദേഷ്യത്തെ പൂർണമായും ഒഴിവാക്കാൻ ആർക്കും കഴിയില്ല. പക്ഷേ, അപകടകാരിയായ ദേഷ്യത്തെ നിയന്ത്രിക്കാൻ സത്യവിശ്വാസികൾക്ക് സാധിക്കേണ്ടതുണ്ട്. ദേഷ്യത്തിന്റെ ഒരു നിമിഷത്തിൽ ക്ഷമിച്ചാൽ ദുഃഖത്തിന്റെ അനേകം ദിവസങ്ങളിൽ നിന്ന് രക്ഷപ്പെടാനാകും. കുറ്റബോധത്തിന്റെ നാളെകളിൽ നിന്ന് മുക്തരാവാൻ കഴിയും. അനിയന്ത്രിതമായി പുറത്തേക്ക് പ്രകടിപ്പിക്കലോ പൂർണമായും അടക്കി വെക്കലോ അല്ല ദേഷ്യത്തോട് സ്വീകരിക്കേണ്ട ആരോഗ്യകരമായ സമീപനം. ദേഷ്യത്തെ അടിച്ചമർത്തുമ്പോൾ ദേഷ്യമല്ല ഇല്ലാതാകുന്നത്; അതിന്റെ ബഹിർസ്ഫുരണം മാത്രമാണ്. ദേഷ്യത്തെ സ്വയം തിരിച്ചറിയുകയും അതിനെ ഇല്ലാതാക്കുകയുമാണ് ചെയ്യേണ്ടത്.

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം. നബി(സ) പറഞ്ഞു: "ഗുസ്തിയിൽ ജയിക്കുന്നവനല്ല ശക്തൻ. മറിച്ച്, കോപം വരുമ്പോൾ മനസ്സിനെ നിയന്ത്രിക്കുന്നവനാണ് ശക്തൻ" (ബുഖാരി, മുസ്‌ലിം).

കോപിക്കുവാനും കഴിവനുസരിച്ച് അക്രമം കാണിക്കുവാനും ആർക്കും കഴിയും. എന്നാൽ കോപത്തെ അടക്കിനിർത്തുവാനും മാപ്പ് നൽകാനും കഴിവുള്ളവർ വളരെ വിരളമാണ്. എതിരാളിയെ എന്ത് ചെയ്യുവാനും ശേഷിയുണ്ടായിരിക്കെ കോപം അടക്കിനിർത്താനും മാപ്പ് നൽകാനും കഴിയുന്നവനാണ് യഥാർഥത്തിൽ ശക്തൻ. അവന് ജീവിതത്തിൽ വിജയം കണ്ടെത്താൻ കഴിയും. വേഗം കോപത്തിന് അടിമപ്പെടുകയും അക്രമാസക്തനാവുകയും ചെയ്യുന്നവൻ ദുഃഖിക്കേണ്ടിവരും. അവൻെറ ജീവിതം ദുരന്തമയമായിരിക്കും.

വിശുദ്ധ ക്വുർആനിൽ ഇങ്ങനെ കാണാം:

"വൻപാപങ്ങളും നീചകൃത്യങ്ങളും വിട്ടകന്ന് നിൽക്കുന്നവരും കോപംവന്നാൽ മാപ്പ് നൽകുന്നവരും (പ്രതിഫലാർഹരാണ്)" (42: 37).

യൂനുസ് നബി(അ) തൻെറ പ്രബോധനംകൊണ്ട് ഫലം കാണാതെവന്നപ്പോൾ ജനങ്ങളോട് ദേഷ്യപ്പെട്ടുകൊണ്ട് നാടുവിട്ടുപോയ സംഭവം വിവരിക്കെ ക്വുർ

**കോപിക്കുവാനും കഴിവനുസരിച്ച് അക്രമം കാണിക്കുവാനും ആർക്കും കഴിയും. എന്നാൽ കോപത്തെ അടക്കിനിർത്തുവാനും മാപ്പ് നൽകാനും കഴിവുള്ളവർ വളരെ വിരളമാണ്. എതിരാളിയെ എന്ത് ചെയ്യുവാനും ശേഷിയുണ്ടായിരിക്കെ കോപം അടക്കിനിർത്താനും മാപ്പ് നൽകാനും കഴിയുന്നവനാണ് യഥാർഥത്തിൽ ശക്തൻ. അവന് ജീവിതത്തിൽ വിജയം കണ്ടെത്താൻ കഴിയും. വേഗം കോപത്തിന് അടിമപ്പെടുകയും അക്രമാസക്തനാവുകയും ചെയ്യുന്നവൻ ദുഃഖിക്കേണ്ടിവരും. അവൻെറ ജീവിതം ദുരന്തമയമായിരിക്കും.**

ആനിൽ ഇങ്ങനെ കാണാം:

"അദ്ദേഹം കോപിഷ്ഠനായിപോയ സന്ദർഭം. നാം ഒരിക്കലും അദ്ദേഹത്തിന് ഞെരുക്കമുണ്ടാക്കുകയില്ലെന്ന് അദ്ദേഹം ധരിച്ചു...." (21:87).

അല്ലാഹുവിന്റെ അനുവാദംകിട്ടാതെ ജനങ്ങളെ വിട്ടേച്ചുകൊണ്ടു പോയത് ഒരു പ്രവാചകന് യോജിച്ചതായിരുന്നില്ല. അതിനാൽ അല്ലാഹു അദ്ദേഹത്തെ പരീക്ഷണത്തിന് വിധേയനാക്കി. കപ്പലിൽ കയറിയ അദ്ദേഹത്തിന് കടലിൽ ചാടേണ്ടിവന്നു. ഒരു മത്സ്യം അദ്ദേഹത്തെ വിഴുങ്ങുകയും ഏതാനും ദിവസങ്ങൾക്കുശേഷം മത്സ്യം അദ്ദേഹത്തെ കരയിലെത്തിക്കുകയും ചെയ്തു. ഇത്തരത്തിലുള്ള ഒരു ഞെരുക്കത്തിലും പരീക്ഷണത്തിലും അദ്ദേഹം അകപ്പെടാൻ ഹേതു അദ്ദേഹം ദേഷ്യപ്പെട്ടുപോയതാണ്.

ഒരിക്കൽ ഒരാൾ നബി(സ)യുടെ അടുക്കൽ വന്നുകൊണ്ട് എനിക്ക് ഒരു ഉപദേശം നൽകിയാലും എന്ന് പറഞ്ഞപ്പോൾ 'നീ കോപിഷ്ഠനാകരുത്' എന്നായിരുന്നു അദ്ദേഹത്തിന് നൽകിയ ഉപദേശം. അതേ അപേക്ഷ പലതവണ ആവർത്തിച്ചപ്പോഴും 'നീ കോപിഷ്ഠനാകരുത്' എന്നായിരുന്നു നബി(സ) നൽകിയ ഉപദേശം.(ബുഖാരി).

ഒരു സായാഹ്നത്തിൽ ജനങ്ങളോട് പ്രസംഗിച്ചുകൊണ്ടിരിക്കെ പ്രവാചകൻ(സ) പറഞ്ഞു: "ആദം സന്തതികൾ വിവിധ തരക്കാരായാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. അറിയുക, സാവധാനം മാത്രം കോപം വരുന്നവരും വേഗം അത് ശമിക്കുന്നവരും അവരിലുണ്ട്. വേഗം

ദേഷ്യം വരികയും ശമിക്കുകയും ചെയ്യുന്നവരുമുണ്ട്. സാവകാശം കോപിക്കുന്നവരും സാവധാനം അത് ശമിക്കുന്നവരുമുണ്ട്. അത് രണ്ടും അങ്ങനെ ഒത്തുപോകും. എന്നാൽ അറിയുക; വേഗം കോപിക്കുന്നവരും സാവകാശം ശമിക്കുന്നവരും മനുഷ്യനിലുണ്ട്. അതിനാൽ അവരിലേറ്റവും നല്ലവർ സാവധാനം കോപം വരികയും വേഗം ശമിക്കുകയുംചെയ്യുന്നതാണ്. എളുപ്പം കോപിക്കുകയും മെല്ലെ മാത്രം ശമിക്കുന്നവരുമാണ് ഏറ്റവും കൊള്ളരുതാത്തവർ.''

ഗുരുതരമായ ഭവിഷ്യത്തുകൾക്ക് ഇടവരുത്തുന്ന ഒരു ദുഃസ്വഭാവമാണ് അനിയന്ത്രിതമായ കോപം. അതിനാൽ



കോപത്തെ അടക്കിനിർത്താൻ ശ്രമിക്കുക. ശ്രദ്ധിക്കുക. ദൂരവ്യാപകമായ പ്രത്യാഘാതങ്ങളിൽനിന്ന് രക്ഷനേടുക.

പ്രവാചകസന്നിധിയിൽവെച്ച് ഒരാൾ കോപാകുലനായി; അയാളുടെ മുഖം കോപത്താൽ ചുവന്നു. അന്നേരം നബിﷺ പറഞ്ഞു: നിശ്ചയമായും എനിക്ക് ഒരു വാചകമറിയാം. അയാൾ അത് അത് പറയുകയാണെങ്കിൽ അയാളുടെ കോപം നീങ്ങിപ്പോകുന്നതാണ്. 'ശപിക്കപ്പെട്ട പിശാചിൽനിന്ന് ഞാൻ അല്ലാഹുവിൽ ശരണം തേടുന്നു' എന്ന് അയാൾ പറയുകയാണെങ്കിൽ (ദേഷ്യം ഇല്ലാതാകുന്നതാണ്). (മുസ്‌ലിം).

അനിയന്ത്രിതമായ കോപമെന്ന ദുർവികാരം പൈശാചികമാണ്. കോപം വരുമ്പോൾ വിവേകത്തെ അടിച്ചമർത്തി വികാരത്തെയാണ് പിശാച് പരിപോഷിപ്പിക്കുക. അതുകൊണ്ട് കോപം വരുമ്പോൾ ശപിക്കപ്പെട്ട പിശാചിൽ നിന്ന് അല്ലാഹുവിൽ രക്ഷതേടുവാൻ നാം കൽപിക്കപ്പെട്ടിരിക്കുന്നു. കോപത്തിലെ പൈശാചികത മനസ്സിലാക്കുന്ന ഒരു വിശ്വാസി അതിനനുസരിച്ചാവണം തന്റെ ജീവിതം പാകപ്പെടുത്തേണ്ടത്.

അബൂബക്കർ‍ؓ തന്റെ മകനെ ഉപദേശിച്ചുകൊണ്ട് ഇപ്രകാരം എഴുതി: 'നീ കോപാകുലനായിരിക്കെ ആളുകൾക്കിടയിൽ തീരുമാനമെടുക്കരുത്. കാരണം നബിﷺ അപ്രകാരം വിലക്കുന്നതായി ഞാൻ കേട്ടിരിക്കുന്നു' (ബുഖാരി, മുസ്‌ലിം).

കോപം വരുമ്പോൾ മൗനം പാലിക്കുക, അംഗശുദ്ധി വരുത്തുക, നിൽക്കുകയാണെങ്കിൽ ഇരിക്കുക, ഇരിക്കുകയാണെങ്കിൽ കിടക്കുക തുടങ്ങിയ മാർഗങ്ങൾ അവലംബിക്കുവാൻ നബിﷺ നിർദേശിച്ചതായി കാണാം.

കോപാന്ധതയാൽ കരുത്ത് പ്രകടിപ്പിക്കുന്നത് പക്വതയാർന്ന നിലപാടല്ലെന്നും സഹജീവികളിൽ നിന്നും വന്നുപോകുന്ന അബദ്ധങ്ങൾ ക്ഷമിക്കാനും പൊറുക്കാനും കഴിയുക എന്നതാണ് മഹത്ത്വത്തിന്റെയും പക്വതയുടെയും ലക്ഷണമെന്നും നാം തിരിച്ചറിയേണ്ടതുണ്ട്. നമ്മെ സൃഷ്ടിച്ച് പരിപാലിക്കുന്ന, എണ്ണിയാലൊടുങ്ങാത്ത അനുഗ്രഹങ്ങൾ നമുക്ക് നൽകിയ സ്രഷ്ടാവ് നാം ചെയ്തുപോയ തെറ്റുകുറ്റങ്ങൾക്ക് നമുക്കു മാപ്പുനൽകണമെന്ന് നാം ആഗ്രഹിക്കുന്നുവെങ്കിൽ മറ്റുള്ളവർക്ക് മാപ്പുകൊടുക്കൽ നമ്മുടെയും ബാധ്യതയാണ്.

"നിങ്ങളുടെ കൂട്ടത്തിൽ ശ്രേഷ്ഠതയും കഴിവുമുള്ളവർ കുടുംബബന്ധമുള്ളവർക്കും സാധുക്കൾക്കും അല്ലാഹുവിന്റെ മാർഗത്തിൽ സ്വദേശം വെടിഞ്ഞു വന്നവർക്കും ഒന്നും കൊടുക്കുകയില്ലെന്ന് ശപഥം ചെയ്യരുത്. അവർ മാപ്പു നൽകുകയും വിട്ടുവീഴ്ച കാണിക്കുകയും ചെയ്യട്ടെ. അല്ലാഹു നിങ്ങൾക്ക് പൊറുത്തുതരാൻ നിങ്ങൾ ഇഷ്ടപ്പെടുന്നില്ലേ? അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ" (ക്വുർആൻ 24:22).

അനസ്ബ്നുമാലിക്ؓവിൽ നിന്ന് നിവേദനം: "ക്വബ്റിന്നരികിൽ നിന്ന് കരഞ്ഞ് കൊണ്ടിരിക്കുന്ന ഒരു സ്ത്രീയുടെ അരികിലൂടെ നബിﷺ നടന്ന് പോകുകയുണ്ടായി. അന്നേരം നബിﷺ ആ സ്ത്രീയോട് പറഞ്ഞു: 'നീ അല്ലാഹുവിനെ സൂക്ഷിക്കുക, നീ ക്ഷമിക്കുക.' അപ്പോൾ അവൾ പറഞ്ഞു: 'എന്നെ ബാധിച്ച പ്രയാസം നിനക്ക് ബാധിച്ചിട്ടില്ല, നിനക്കതിനെപ്പറ്റി അറിയുകയുമില്ല.' അവളോട് അത് പ്രവാചകനാണെന്ന് പറയപ്പെട്ടപ്പോൾ അവൾ പ്രവാചകന്റെ വാതിലിനടുത്ത് ചെന്ന് പറഞ്ഞു- പ്രവാചകന്റെ അടുത്ത് അവൾ പാറാവുകാരെ കണ്ടില്ല- താങ്കളാണെന്ന് എനിക്ക് അറിയില്ലായിരുന്നു.' അപ്പോൾ നബിﷺ പറഞ്ഞു: 'നിശ്ചയമായും ക്ഷമ അതിന്റെ പ്രഥമ ഘട്ടത്തിലാകുന്നു" (ബുഖാരി, മുസ്‌ലിം).

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം



അധ്യായം: 83

# മുത്വഫ്ഫിഫീൻ
## (അളവിൽ കമ്മി വരുത്തുന്നവർ)

മക്കയിൽ അവതരിച്ചത്

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ
وَيۡلٞ لِّلۡمُطَفِّفِينَ ﴿١﴾ ٱلَّذِينَ إِذَا ٱكۡتَالُواْ عَلَى
ٱلنَّاسِ يَسۡتَوۡفُونَ ﴿٢﴾ وَإِذَا كَالُوهُمۡ أَو
وَّزَنُوهُمۡ يُخۡسِرُونَ ﴿٣﴾ أَلَا يَظُنُّ أُوْلَٰٓئِكَ
أَنَّهُم مَّبۡعُوثُونَ ﴿٤﴾ لِيَوۡمٍ عَظِيمٖ ﴿٥﴾ يَوۡمَ
يَقُومُ ٱلنَّاسُ لِرَبِّ ٱلۡعَٰلَمِينَ ﴿٦﴾ كَلَّآ إِنَّ
كِتَٰبَ ٱلۡفُجَّارِ لَفِي سِجِّينٖ ﴿٧﴾ وَمَآ أَدۡرَىٰكَ مَا
سِجِّينٞ ﴿٨﴾ كِتَٰبٞ مَّرۡقُومٞ ﴿٩﴾ وَيۡلٞ يَوۡمَئِذٖ
لِّلۡمُكَذِّبِينَ ﴿١٠﴾ ٱلَّذِينَ يُكَذِّبُونَ بِيَوۡمِ ٱلدِّينِ
﴿١١﴾ وَمَا يُكَذِّبُ بِهِۦٓ إِلَّا كُلُّ مُعۡتَدٍ أَثِيمٍ

1. അളവിൽ കുറക്കുന്നവർക്ക് മഹാനാശം.
2. അതായത് ജനങ്ങളോട് അളന്നുവാങ്ങുകയാണെങ്കിൽ തികച്ചെടുക്കുകയും
3. ജനങ്ങൾക്ക് അളന്നുകൊടുക്കുകയോ തൂക്കിക്കൊടുക്കുകയോ ആണെങ്കിൽ നഷ്ടം വരുത്തുകയും ചെയ്യുന്നവർക്ക്.
4. അക്കൂട്ടർ വിചാരിക്കുന്നില്ലേ; തങ്ങൾ എഴുന്നേൽപിക്കപ്പെടുന്നവരാണെന്ന്?
5. ഭയങ്കരമായ ഒരു ദിവസത്തിനായിട്ട്!
6. അതെ, ലോകരക്ഷിതാവിങ്കലേക്ക് ജനങ്ങൾ എഴുന്നേറ്റ് വരുന്ന ദിവസം.
7. നിസ്സംശയം; ദുർമാർഗികളുടെ രേഖ സിജ്ജീനിൽ തന്നെയായിരിക്കും.
8. സിജ്ജീൻ എന്നാൽ എന്താണെന്ന് നിനക്കറിയാമോ?
9. എഴുതപ്പെട്ട ഒരു ഗ്രന്ഥമാകുന്നു അത്.
10. അന്നേ ദിവസം നിഷേധിച്ചു തള്ളുന്നവർക്കാകുന്നു നാശം.
11. അതായത് പ്രതിഫല നടപടിയുടെ ദിവസത്തെ നിഷേധിച്ചു തള്ളുന്നവർക്ക്.
12. എല്ലാ അതിരുവിട്ടവനും മഹാപാപിയുമായിട്ടുള്ളവനല്ലാതെ അതിനെ നിഷേധിച്ചു തള്ളുകയില്ല.

(1-2) (മഹാനാശം) ശിക്ഷയെയും നാശത്തെ യും സൂചിപ്പിക്കുന്ന പദം. (അളവിൽ കുറവ് വരു ത്തുന്നവർ) ആരാണെന്ന് അല്ലാഹു തന്നെ വിശ ദീകരിക്കുന്നു. (അതായത് ജനങ്ങളോട് അളന്നു വാങ്ങുകയാണെങ്കിൽ തികച്ചെടുക്കുന്നു). അവർ ക്കുള്ളത് എത്രയാണോ അതവർ പൂർണമായെ ടുക്കുന്നു (തിരിച്ചെടുക്കുന്നു). ഒന്നും കുറക്കാതെ, പൂർണമായി.

(3). (ജനങ്ങൾക്ക് അളന്ന് കൊടുക്കുകയോ തൂ ക്കിക്കൊടുക്കുകയോ ആണെങ്കിൽ). ജനങ്ങൾക്കു ള്ള അവകാശം അങ്ങോട്ട് നൽകുമ്പോഴാകട്ടെ, അ വർ അളവിലും തൂക്കത്തിലും (അവർ നഷ്ടം വരു ത്തുകയും ചെയ്യുന്നു). അളവിലും തൂക്കത്തിലും കുറവ് വരുത്തിയോ അളവും തൂക്കവും പൂർണ മാക്കാതെയോ മറ്റേതെങ്കിലും രൂപത്തിലോ അവർ നഷ്ടം വരുത്തുന്നു. ഇത് യഥാർഥത്തിൽ ജനങ്ങ ളുടെ സ്വത്ത് മോഷ്ടിക്കലും അവരോട് അനീതി ചെയ്യലുമാണ്. അളവിലും തൂക്കത്തിലും കുറവ് വരുത്തുന്നവരോടാണ് ഈ താക്കീതെങ്കിലും ജ നങ്ങളുടെ ധനം ശക്തി ഉപയോഗിച്ച് മോഷ്ടിച്ചു കൈവശപ്പെടുത്തുന്നവർ ഇവരെക്കാളും ഈ താ ക്കീതിന്നർഹരാണ്. ഇടപാടുകളിൽ ജനങ്ങളിൽ നിന്നും സ്വീകരിക്കുന്നവർ അവർക്ക് തിരിച്ചുനൽ കുമ്പോഴും അവരുടെ അവകാശങ്ങൾ പൂർത്തി യാക്കി കൊടുക്കാൻ ബാധ്യസ്ഥരാണ്.

**തർക്കങ്ങളുണ്ടാകുമ്പോൾ പതിവനുസരിച്ച് ഓരോരുത്തരും തങ്ങൾക്ക് അനുകൂലമായ വാക്കുകളും തെളിവുകളും സ്വീകരിക്കുന്നു. അതിനു താൽപര്യം കാണിക്കുന്നു. അതോടൊപ്പം തന്റെ എതിരാളിയുടെ തെളിവുകളും ന്യായങ്ങളും കൂടി സ്വീകരിക്കൽ നിർബന്ധമാണ്. തനിക്കനുകൂ ലമായ തെളിവുകളെ കാണുന്ന പോലെ എതിരാളിയുടെ തെളിവിലെ ന്യായങ്ങളും കാണണം. മാനുഷികനീതിയാണ് ഇവിടെ വ്യക്തമാവുന്നത്. ഇതിൽനിന്നും മനുഷ്യൻ കക്ഷിത്വത്തിൽ നിന്നും പക്ഷപാതിത്വത്തിൽ നിന്നും മാറി അഹങ്കാരത്തിനു പകരം വിനയവും അവിവേകത്തിനു പകരം വിവേകവുമുള്ളവനാകണമെന്ന് മനസ്സിലാക്കാം.**

പൊതുവായി മറ്റു ചില കാര്യങ്ങളും ഇതിൽ ഉൾപെടുന്നു. തർക്കങ്ങളുണ്ടാകുമ്പോൾ പതിവ നുസരിച്ച് ഓരോരുത്തരും തങ്ങൾക്ക് അനുകൂല മായ വാക്കുകളും തെളിവുകളും സ്വീകരിക്കുന്നു. അതിനു താൽപര്യം കാണിക്കുന്നു. അതോടൊ പ്പം തന്റെ എതിരാളിയുടെ തെളിവുകളും ന്യായ ങ്ങളും കൂടി സ്വീകരിക്കൽ നിർബന്ധമാണ്. തനി ക്കനുകൂലമായ തെളിവുകളെ കാണുന്ന പോലെ എതിരാളിയുടെ തെളിവിലെ ന്യായങ്ങളും കാണ ണം. മാനുഷികനീതിയാണ് ഇവിടെ വ്യക്തമാവു ന്നത്. ഇതിൽനിന്നും മനുഷ്യൻ കക്ഷിത്വത്തിൽ നിന്നും പക്ഷപാതിത്വത്തിൽ നിന്നും മാറി അഹ ങ്കാരത്തിനു പകരം വിനയവും അവിവേകത്തിനു പകരം വിവേകവുമുള്ളവനാകണമെന്ന് മനസ്സിലാ ക്കാം. അല്ലാഹു നന്മയിലേക്കു നമ്മെ വഴി നട ത്തട്ടെ. പിന്നീട് അളവിലും തൂക്കത്തിലും കുറവ് വരുത്തുന്നവരെ താക്കീത് ചെയ്യുകയും അവരു ടെ നിലപാടിലും അത് തുടർന്നുകൊണ്ടിരിക്കുന്ന തിലും അല്ലാഹു അത്ഭുതം പ്രകടിപ്പിക്കുകയും ചെയ്യുന്നു.

(4-6) (അക്കൂട്ടർ വിചാരിക്കുന്നില്ലേ, തങ്ങൾ ഭയങ്കരമായ ഒരു ദിവസത്തനായി എഴുന്നേൽ പിക്കപ്പെടുന്നവരാണെന്ന്. അതെ, ലോക രക്ഷി താവിങ്കലേക്ക് ജനങ്ങൾ എഴുന്നേറ്റ് വരുന്ന ദി വസം).

അളവിലും തൂക്കത്തിലും കുറവ് വരുത്താൻ ധൈര്യപ്പെടുന്നവർ അന്ത്യദിനത്തിൽ വിശ്വസിക്കാ ത്തവരാണ്. മറിച്ച് അവർ വിശ്വസിക്കുകയും അ ല്ലാഹുവിന്റെ മുമ്പിൽ നിൽക്കേണ്ടിവരുമെന്നും അ ധികമാണെങ്കിലും കുറവാണെങ്കിലും അതിന്റെ മേൽ വിചാരണ ചെയ്യപ്പെടുമെന്നും മനസ്സിലാക്കി യിരുന്നുവെങ്കിൽ അവരത് ഉപേക്ഷിക്കുകയും പ ശ്ചാത്തപിക്കുകയും ചെയ്യുമായിരുന്നു.

(7) അല്ലാഹു പറയുന്നു: (നിസ്സംശയം ദുർമാർ ഗികളുടെ രേഖ 'സിജ്ജീനിൽ' തന്നെയായിരി ക്കും). അവിശ്വാസികൾ, കപടവിശ്വാസികൾ, പാ പികൾ തുടങ്ങിയ എല്ലാ അധർമകാരികളും ഇ തിൽ ഉൾപ്പെടുന്നു. തുടർന്ന് അതിനെ വിശദീക രിക്കുന്നു.

(8-9) (സിജ്ജീൻ എന്നാൽ എന്താണെന്ന് നി നക്കറിയാമോ? എഴുതപ്പെട്ട ഒരു ഗ്രന്ഥമാകുന്നു അത്). അവരുടെ മോശം പ്രവർത്തനങ്ങൾ പരാ മർശിക്കപ്പെട്ട ഗ്രന്ഥം. 'സിജ്ജീൻ' എന്നാൽ ഇടു ങ്ങിയതും കുടുസ്സായതുമായ സ്ഥലം എന്നാണർ ഥം. സിജ്ജീൻ എന്നതിന്റെ വിപരീതമാണ് ഇല്ലി യ്യീൻ. അത് പുണ്യവാന്മാരുടെ രേഖയുടെ സ്ഥാ നമാണ്. മറ്റൊരഭിപ്രായം: സിജ്ജീൻ എന്നത് ഏ ഴാമത്തെ ഭൂമിയുടെ ഏറ്റവും താഴ്ന്ന ഭാഗമാണെ

ന്നാണ്. അധർമകാരികളുടെ സങ്കേതം. അവർക്ക് തിരിച്ചെത്താനുള്ള സ്ഥിരവാസ കേന്ദ്രം.

(10-11) (അന്നേ ദിവസം നിഷേധിച്ച് തള്ളുന്നവർക്കാകുന്നു നാശം). തുടർന്ന് അവരാരാണെന്ന് വിശദീകരിക്കുന്നു. (അതായത് പ്രതിഫല നടപടിയുടെ ദിവസത്തെ നിഷേധിച്ച് തള്ളുന്നവർക്ക്). പ്രതിഫലദിനം തങ്ങളുടെ പ്രവർത്തനങ്ങളാൽ ജനങ്ങൾ അല്ലാഹുവിന് വിധേയരാകുന്ന ദിവസം

(12) (എല്ലാ അതിരുവിട്ടവനും മഹാപാപിയുമായിട്ടുള്ളവനുമല്ലാതെ അതിനെ നിഷേധിച്ച് തള്ളുകയില്ല). അല്ലാഹു നിഷിദ്ധമാക്കിയതിലേക്ക് അതിരുവിട്ട് കടന്നവർ അനുവദനീയമായതിൽ നിന്ന്.

(മഹാപാപി). ധാരാളം പാപം ചെയ്തവൻ. ഈ പ്രയോഗം അവന്റെ അങ്ങേയറ്റത്തെ നിഷേധത്തെ അറിയിക്കുന്നു. അവൻ അഹങ്കാരിയും സത്യത്തെ തള്ളിക്കളയുന്നവനുമാണെന്ന് ഉറപ്പിക്കുകയും ചെയ്യുന്നു. അതാണ് തുടർന്ന് പറയുന്നത്.

peaceradio
Tune to reality

**ഈ ആഴ്ചയിലെ പ്രധാന പരിപാടികൾ**

**പ്രകാശ തീരം**
വിവാഹ സൽക്കാരത്തിലെ ധൂർത്ത്
മുഹമ്മദ് സാദിഖ് മദീനി
31.12.18 തിങ്കൾ 9:30 PM, 01.01.19 ബുധൻ 9:35 AM

**ലൈഫ്, ക്ലാസ്സ് 27**
നമസകാരത്തിൽ നിഷിദ്ധമായ കാര്യങ്ങൾ, ഭാഗം: 1
ഫദ്‌ലുൽ ഹഖ് ഉമരി
31.12.18 തിങ്കൾ 10:00 PM

**അടിത്തറകൾ**
നബിﷺയുടെ മുഅ്ജിസത്തുകൾ, ഭാഗം: 6
ഫദ്‌ലുൽ ഹഖ് ഉമരി
01.01.19 ചൊവ്വ 09:30 PM, 03.01.19 വ്യാഴം 09:35 AM

**ലൈഫ്, ക്ലാസ്സ് 28**
നമസകാരത്തിൽ നിഷിദ്ധമായ കാര്യങ്ങൾ, ഭാഗം: 2
ഫ്ദലുൽ ഹഖ് ഉമരി
01.01.19 ചൊവ്വ 10:00 PM

**ജനക്ഷേമം**
സർക്കാർ സേവനങ്ങൾ
രാഷ്ട്രീയ ആരോഗ്യനിധി
മുഹമ്മദ് ബഷീർ
(പീസ് റേഡിയോ പ്രതിനിധി)
01.01.19 ചൊവ്വ 07:05 AM

**ഹൃദയ വസന്തം**
സൂറ: ഖലം 17-19
മുസ്തഫ മദനി
02.01.19 07:45 PM

**കർമ്മസരണി**
കച്ചവട നിബന്ധശനകൾ ശരിയും തെറ്റും
ഹംസ മദീനി
02.01.19 ബുധൻ 9:30 PM, 04.01.19 വെള്ളി 9:35 AM

**സലഫി ദുറൂസ്**
നബി തിരുമേനിയെ പറ്റിയുള്ള പഠനം, ഭാഗം: 8
അബൂബക്കർ സലഫി
03.01.19 വ്യാഴം, 09:30 PM
05.01.19 ശനി, 09:35 AM

**ലൈഫ്, ക്ലാസ്സ് 30**
നമസ്ക്കാരം ബാത്വിലാകുന്ന കാര്യങ്ങൾ
ഫ്ദലുൽ ഹഖ് ഉമരി
03.01.19 വ്യാഴം 10:00 PM

**സവിശേഷം**
കേരള മുസ്‌ലിം ചരിത്രവും വർത്തമാനവും
സയ്യിദ് അബ്ദുൽ അഷ്‌റഫ് തങ്ങൾ
(General Secretary, Grace Educational Association)
സിറാജ് ആലുവ
(പീസ് റേഡിയോ പ്രതിനിധി)
04.01.19 വെള്ളി 09:00 PM

**അൽ ഉസൂൽ**
പ്രവാചകന്റെ കാലത്തെ ഹദീഥുകളുടെ വ്യാപനം
ഭാഗം: 4
അബ്ദുൽ മാലിക് സലഫി
05.01.19 ശനി 09:30 PM
07.01.19 തിങ്കൾ 09:35 AM

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:
Search peaceradio
Search peace radio App
www.peaceradio.com
Scan QR Code

അബൂയഹ്‌യാബിൻ മുഹമ്മദ്
(ജാമിഅ അൽഹിന്ദ്)

ലേഖനം



# അന്തസ്സാർന്ന പ്രവർത്തനങ്ങൾ

അല്ലാഹുവിന്റെ നാമങ്ങളെല്ലാം ഉൽകൃഷ്ടവും വിശേഷണങ്ങൾ മുഴുവൻ പരിപൂർണവുമാണ്. അവന്റെ നാമങ്ങളിൽ പെട്ട ഒന്നാണ് 'അൽജമീൽ' (ഭംഗിയുള്ളവൻ) എന്നത്. അല്ലാഹു തന്റെ സത്തയിലും പ്രവർത്തനങ്ങളിലും നാമഗുണ വിശേഷണങ്ങളിലുമെല്ലാം ഏറ്റവും ഭംഗിയുള്ളവനാണെന്ന് സാരം.

സർവ ചരാചരങ്ങളെയും ഏറ്റവും അനുയോജ്യമായ ഘടനയോടെയും പൂർണതയോടെയും സൗന്ദര്യത്തോടെയും സൃഷ്ടിച്ച അല്ലാഹു ഭംഗിയെ ഇഷ്ടപ്പെടുന്നവനുമാണ്. മനുഷ്യരും ഭംഗിയെ ഇഷ്ടപ്പെടുന്നവരാണല്ലോ. നക്ഷത്രാലംകൃതമായ വാനവും വ്യത്യസ്ത ശബ്ദങ്ങൾ പുറപ്പെടുവിക്കുന്ന, അന്തരീക്ഷത്തിൽ പാറിപ്പറക്കുന്ന പറവകളും ആഴിയിൽ നീന്തിത്തുടിക്കുന്ന മത്സ്യങ്ങളും കളകളാരവമൊഴുക്കുന്ന അരുവികളും ഉദയാസ്തമയ ശോഭയും...അങ്ങനെയങ്ങനെ എത്ര കണ്ടാലും മതിവരാത്ത എത്രയെത്ര കാഴ്ചകൾ!

മനുഷ്യന്റെ ബാഹ്യരൂപത്തിന്റെ സൗന്ദര്യത്തെക്കാൾ അവനെ വ്യത്യസ്തനാക്കുന്നത് അവന്റെ ഉന്നതമായ സ്വഭാവഗുണങ്ങളാണ്. ഇസ്‌ലാം പ്രാധാന്യം നൽകുന്നത് മനുഷ്യന്റെ വിശ്വാസം, കർമം, സ്വഭാവം തുടങ്ങിയ രംഗങ്ങളിലെ അഴകിനാണ്. ഭംഗിയോടെ നിർവഹിക്കണമെന്ന് ക്വുർആൻ പ്രത്യേകം ഉണർത്തിയ ചില കാര്യങ്ങൾ സൂചിപ്പിക്കാം.

**1. ക്ഷമ**

അല്ലാഹു പറയുന്നു: "എന്നാൽ (നബിയേ) നീ ഭംഗിയായ ക്ഷമ കൈക്കൊള്ളുക" (ക്വുർആൻ 70:5). സത്യത്തിലേക്കുള്ള ക്ഷണത്തിന് സത്യനിഷേധികൾ ചെവികൊടുക്കാത്തതിലും അവരതിൽ തൽപരരാകാത്തതിലും വിഷമിക്കരുതെന്നും പ്രബോധനത്തിൽ നിന്ന് താങ്കളെ തടയാൻ

അവരുടെ നിഷേധാത്മകമായ നിലപാട് കാരണമാകരുത് എന്നും അത്തരം സന്ദർഭങ്ങളിൽ നന്നായി ക്ഷമിക്കലാണ് ഉത്തമമെന്നും അല്ലാഹു നബിﷺയോട് ഉണർത്തുകയാണ് ഈ വചനത്തിലൂടെ.

ഈ കൽപന നബിﷺക്കോ ആ കാലഘട്ടക്കാർക്കോ മാത്രം ബാധകമായതല്ല; മറിച്ച് എല്ലാ വിശ്വാസികൾക്കും ബാധകമാണ്. സകല പ്രശ്നങ്ങൾക്കും പ്രതിസന്ധികൾക്കും ആത്യന്തികമായ പരിഹാരവും തീരുമാനവും അല്ലാഹുവിൽ നിന്നാകയാൽ പരാതികളും അഭയതേട്ടവും അവനിലേക്കായിരിക്കണം എന്നതാണ് ഭംഗിയായി ക്ഷമിക്കണമെന്നതിന്റെ പൊരുൾ. അത്തരക്കാർക്ക് ഏത് പ്രതിസന്ധിയെയും മനക്കരുത്തോടെ നേരിടാൻ കഴിയും. യഅ്ക്വൂബ് നബി(അ) തന്റെ മക്കൾക്കുണ്ടായ പരീക്ഷണങ്ങളിൽ കൈക്കൊണ്ട ക്ഷമയെ പറ്റിയും സമാനപ്രയോഗം ക്വുർആൻ നടത്തിയിട്ടുണ്ട്. അശക്തന്റെ അവസാന അടവല്ല ക്ഷമയെന്നും വിശ്വാസിയുടെ സൗന്ദര്യമാണെന്നും തിരിച്ചറിയാൻ നമുക്ക് സാധിക്കണം.

## 2. ഒഴിഞ്ഞുനിൽക്കൽ

അവിശ്വാസികളുടെ ആക്ഷേപമമോ അപകീർത്തിപ്പെടുത്തലോ പരിഗണിക്കേണ്ടതില്ലെന്നും അവരിൽനിന്നും നല്ല രീതിയിൽ മാറിനിൽക്കണമെന്നും അല്ലാഹു ഉപദേശിക്കുന്നു: "അവർ (അവിശ്വാസികൾ) പറയുന്നതിനെപ്പറ്റി നീ ക്ഷമിക്കുകയും ഭംഗിയായ വിധത്തിൽ അവരിൽ നിന്ന് ഒഴിഞ്ഞുനിൽക്കുകയും ചെയ്യുക" (ക്വുർആൻ 73:10).

സത്യവിരോധികൾ സത്യത്തിന്റെ വ്യാപനത്തെ വെറുക്കുന്നവരാണ്. അതിനാൽ അവർ വ്യാജമായ ആരോപണങ്ങൾ ഉന്നയിക്കും. അപകീർത്തിപ്പെടുത്താൻ നുണക്കഥകൾ മെനയും. പകരത്തിനു പകരം എന്ന നിലയിൽ അവരോട് തിരിച്ചു പെരുമാറരുത്. മാന്യമായി അവരിൽ നിന്ന് ഒഴിഞ്ഞുനിൽക്കലാണ് ബുദ്ധിപരമായ നിലപാട്. എന്നാൽ സാഹചര്യത്തിന്റെ തേട്ടം അവരോട് പ്രതികരിക്കലാണെങ്കിൽ ഏറ്റവും നല്ലനിലയിൽ പ്രതികരിക്കുകയും വേണം.

സത്യവിശ്വാസികൾക്ക് ഇതിൽ ഏറെ ഗുണപാഠങ്ങളുണ്ട്. സമയം, സമ്പത്ത്, ആരോഗ്യം തുടങ്ങിയ അനുഗ്രഹങ്ങൾ ഉപകാരപ്രദമായ മാർഗത്തിലല്ലാതെ വിനിയോഗിക്കരുതെന്നും പ്രയോജനവും പ്രതിഫലനവുമുണ്ടാക്കാത്ത സംസാരങ്ങളും തർക്കങ്ങളും വെടിയണമെന്നും വിശ്വാസികൾക്ക് നേരെ ഉന്നയിക്കപ്പെടുന്ന വിമർശനങ്ങൾക്കും ആക്ഷേപങ്ങൾക്കും സന്ദർഭോചിതം നന്മയും ഗുണകാംക്ഷയും നിറഞ്ഞ ശൈലിയിൽഉചിതമായ മറുപടി നൽകണമെന്നും മൗനം പാലിക്കലാണ് ഗുണകരമെങ്കിൽ മൗനം പാലിക്കണമെന്നും അതിനെ അവഗണിച്ച് മതനിഷേധികൾക്ക് പേരും പ്രസിദ്ധിയും ഉണ്ടാക്കിക്കൊടുക്കരുതെന്നുമെല്ലാമുള്ള സന്ദേശം ഈ കൽപനയിൽ അടങ്ങിയതായി മനസ്സിലാക്കാം.

## 3. മാപ്പ് നൽകൽ

ആകാശഭൂമികളുടെ സൃഷ്ടിപ്പിനെപ്പറ്റി ഉണർത്തിയതിനും അന്ത്യനാളിനെക്കുറിച്ച് ഓർമപ്പെടുത്തിയതിനും ശേഷം അല്ലാഹു പറയുന്നു: "ആകാശങ്ങളും ഭൂമിയും അവ രണ്ടിനും ഇടയിലുള്ളതും യുക്തിപൂർവകമായിട്ടല്ലാതെ നാം സൃഷ്ടിച്ചിട്ടില്ല. തീർച്ചയായും അന്ത്യസമയം വരുക തന്നെ ചെയ്യും. അതിനാൽ നീ ഭംഗിയായി മാപ്പ് ചെയ്ത് കൊടുക്കുക" (ക്വുർആൻ 15:85).

സത്യനിഷേധികളും അക്രമികളുമായവർക്ക് മാപ്പു കൊടുക്കുവാൻ കരുണാമയനായ അല്ലാഹു നബിﷺയോട് കൽപിക്കുന്നു. അഭയം തേടി ത്വാഇഫിലെത്തിയ സന്ദർഭത്തിലുണ്ടായ പരീക്ഷണത്തിലും സന്തോഷം നിറഞ്ഞ മക്കാവിജയ സമയത്തും നബിﷺ അക്രമികൾക്ക് മാപ്പ് നൽകിയത് ഓർക്കുക. നബിﷺയുടെ ജീവിതത്തിൽ ഒട്ടേറെ സംഭവങ്ങൾ ഈ വിഷയകമായി കാണുവാൻ സാധിക്കും. ക്ഷമയുടെയും മാപ്പുനൽകലിന്റെയും സുന്ദരമായ മുഹൂർത്തങ്ങൾ. ആ മാപ്പു നൽകലിന്റെ ആശ്വാസം സത്യവിശ്വാസികൾക്കും അനുഭവിക്കാൻ കഴിഞ്ഞതായി ചരിത്രത്തിൽ കാണാൻ കഴിയും.

## 4. പിരിച്ചുവിടൽ

വിവാഹജീവിതത്തിലേക്ക് പ്രവേശിക്കും മുമ്പ് തന്നെ വിവാഹമോചനം ആവശ്യപ്പെടുന്ന സ്ത്രീകളെ പിരിച്ചുവിടുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഉണർത്തവെ അല്ലാഹു പറയുന്നു: "എന്നാൽ അവർക്ക് മതാഅ് നൽകുകയും അവരെ ഭംഗിയായി പറിച്ചയക്കുകയും ചെയ്യുക" (ക്വുർആൻ 33:49).

ഇരുവരുടെയും വേർപിരിയലിന് ആശ്വാസമാകും വിധം ഭൗതികവിഭവത്തിൽ നിന്ന് വല്ലതും കൊടുത്ത്, തർക്കമോ പഴിചാരലോ നടത്താതെ ഭംഗിയായി തിരിച്ചയക്കണമെന്നർഥം. ഉമൈമ ബിൻത് ശറാഹീൻ എന്നവരോടൊത്തുള്ള ജീവിതാരംഭത്തിൽ അവർ പ്രകടമാക്കിയ വെറുപ്പ് കാരണം നബിﷺ ചെയ്ത രീതി ഇതിന് മാതൃകയാണ്.

വിമർശിക്കുന്നേടത്തും ആക്ഷേപിക്കുന്നേടത്തും മാത്രമല്ല സർവമേഖലകളിലും ഇസ്‌ലാം അതിന്റെ അന്തസ്സും പ്രൗഢിയും കാത്തുസൂക്ഷിക്കുന്നുവെന്നാണ് ഇതിൽ നിന്നെല്ലാം നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. ഇഹലോകവിഭവങ്ങളുടെ അലങ്കാരത്തിൽ ആകൃഷ്ടരായി അതിൽ കടിച്ചു തൂങ്ങാനല്ല, പാരത്രിക ലോകത്തേക്കുള്ള മടക്കം നന്നാക്കാനും വർണനകൾക്കും ഭാവനകൾക്കുമതീതമായ സുന്ദരസവിധത്തിൽ ചെന്നുചേരാനുമാണ് നാം അധ്വാനിക്കേണ്ടത്. അതാണ് എന്നെന്നും ബാക്കിയാവുക.

ഡോ. ചേക്കുമരക്കാരകത്ത് ഷാനവാസ്, പറവണ്ണ
drshanavasparavanna@gmail.com

ലേഖനം

വിശുദ്ധ ക്വുർആൻ പരിഭാഷയും മലയാളികളും 2



# മതപഠനത്തോടുള്ള സമുദായത്തിന്റെ സമീപനം ഒരു വാഴക്കാടൻ വായന

വിശുദ്ധ ക്വുർആനിന്റെ സാരം ഉൾക്കൊള്ളാൻ കൂട്ടാക്കാത്ത, അതിന്റെ ചൈതന്യത്തെ കെടുത്തിക്കളയുന്ന, മനുഷ്യ ജീവിതത്തെ പ്രതിലോമകരവും ദുഷ്കരവുമാക്കിത്തീർക്കുന്ന സാമൂഹിക ശോചനീയാവസ്ഥയെ നിലനിർത്താനാണ് പുരോഹിത പ്രമാണിമാർ കേരളക്കരയിൽ ശ്രമിച്ചു പോന്നത്. ഉന്നത മതപഠനത്തിലൂടെ അവസ്ഥാ മാറ്റം ആഗ്രഹിച്ചവരെയൊക്കെ നിഷ്കാസനം ചെയ്യാൻ അവർ പല്ലും നഖവും ഉപയോഗിച്ചു. യഥാർഥ ജ്ഞാനത്തിലൂടെ വെളിച്ചം പ്രസരിക്കാനുള്ള എല്ലാ കിളിവാതിലുകളും അവർ അടച്ചു കുറ്റിയിട്ടു. ക്വുർആൻ പരിഭാഷകൾ പോലെയുള്ള വ്യക്തിഗത പഠനമാർഗങ്ങൾ അക്കാലത്ത് അചിന്ത്യമായിരുന്നു.

തിരൂർ സി.സൈതാലിക്കുട്ടി മാസ്റ്ററുടെ സവിശേഷ സഹായത്തോടെ 1909ൽ ബഹുഭാഷാ പണ്ഡിതനും സമുദായ പരിഷ്കർത്താവുമായ മൗലാനാ ചാലിലകത്ത് കുഞ്ഞഹ്മദ് ഹാജി വാഴക്കാട് പള്ളിദർസിന്റെ സിലബസ് പരിഷ്കരിച്ച് മദ്റസാ പ്രസ്ഥാനത്തിന് നാ

ന്ദി കുറിച്ചു. സ്വന്തം കുടുംബത്തിലെയും പൊന്നാനി മതപഠന കേന്ദ്രത്തിലെയും പ്രമുഖ പണ്ഡിതൻമാരുടെ അടുക്കൽ നിന്ന് വിദ്യ നുകർന്ന ശേഷം തമിഴ്നാട്ടിലെ വെല്ലൂരിലുള്ള ലത്വീഫിയ്യഃ കോളജിലെ പഠനമാണ് അദ്ദേഹത്തിൽ പരിഷ്കരണ ചിന്ത വളർത്തിയത്. അവിടുത്തെ റഹ്മാനിയ്യഃ മദ്റസയിലെ മുദർരിസായ അതിരാംപട്ടണം സ്വദേശി ശൈഖ് അഹ്മദിൽ നിന്ന് പ്രമുഖ ഗോളശാസ്ത്ര ഗ്രന്ഥമായ രിസാലത്തുൽ മാറദീനിയുടെ അഭ്യസനത്തോടെയാണ് അദ്ദേഹത്തിൽ പുതുചിന്തകൾ നാമ്പെടുക്കുന്നത്.

അന്നത്തെ യാഥാസ്ഥിതിക പണ്ഡിതൻമാർ വാഴക്കാട് മദ്റസക്കുള്ള സഹായം; കൃത്രിമമായ മതവിധികൾ ചമച്ച് അധികാരികളെ കാണിച്ച് നിറുത്തൽ ചെയ്യിച്ചു. പോയ പ്രദേശങ്ങളിലെല്ലാം മൗലാനയും ശിഷ്യൻമാരും പരിഷ്കരണ പ്രവർത്തനങ്ങളിൽ വ്യാപൃതരായി. ക്ഷുദ്രകൃതികളിലൂടെയും ദേഹോപദ്രവങ്ങളിലൂടെയും അവരെ പിന്തിരിപ്പിക്കാൻ യാഥാസ്ഥിതികൾ നിരന്തരം ശ്രമിച്ചു.

അന്നത്തെ ദയനീയസ്ഥിതി വിവരിച്ചു കൊണ്ട് 1955 ജൂൺ 5ലെ അൽമനാർ ലേഖനത്തിൽ ഇങ്ങനെ എഴുതി: "പുരോഗമനം ആവശ്യമുള്ളവർക്കെല്ലാം വിദ്യാഭ്യാസം അത്യന്താപേക്ഷിതമാണ്. ആവശ്യമുള്ള വിദ്യ കരസ്ഥമാക്കുവാനായി ഇസ്‌ലാം ശാസിക്കുന്നു. വൈദികവും ലൗകികവുമെന്ന വ്യത്യാസം ഈ വിഷയത്തിലില്ല. വ്യക്തികളുടെയും സമുദായത്തിന്റെയും നിലനിൽപിനും പുരോഗതിക്കും ഒഴിച്ചുകൂടാത്ത അറിവ് സമ്പാദിക്കേണ്ടത് നിർബന്ധം തന്നെയാകുന്നു. എന്നാൽ നമ്മുടെ ഇടയിൽ മുസ്‌ല്യാക്കൾ വിദ്യാഭ്യാസത്തിനെതിരായി പ്രവർത്തിച്ചു കൊണ്ടിരുന്നു. ആര്യനെഴുത്ത് പഠിക്കൽ ഹറാമാക്കി, ഇംഗ്ലീഷ് നരകത്തിലെ ഭാഷയാണ്... എന്നെല്ലാമായിരുന്നു പ്രാചരവേല. അപ്രകാരം തന്നെ ഇടക്കാലത്ത് പരിഷ്കൃത രീതിയിൽ മദ്റസകൾ സ്ഥാപിക്കപ്പെട്ടപ്പോൾ അതിനെയും അവർ ആക്ഷേപിച്ചിരുന്നു. നമ്മുടെ ബാപ്പ ഉപ്പാപ്പമാർ ഇങ്ങനെ ഒന്നുമല്ല പഠിച്ചിരുന്നത്, അവർ മേശയും കസാലയും ബോർഡും ഉപയോഗിച്ചിട്ടില്ല, ഇതൊക്കെ ക്വിയാമത്തിന്റെ[1] അലാമത്താണ്;[2] അതിലൊന്നും പങ്കെടുക്കുന്നത് നമുക്ക് യോജിച്ചതല്ല... എന്നൊക്കെ പ്രസംഗിച്ച് നടക്കുകയാണ് അവർ ചെയ്തിരുന്നത്. സ്ത്രീ വിദ്യാഭ്യാസത്തെയും അവർ വളരെ ശക്തിപൂർവം എതിർത്തിരുന്നു. സ്ത്രീകൾക്ക് കയ്യെഴുത്ത് പഠിക്കൽ ഹറാമാണെന്ന്[3] അവർ പ്രബോധനം ചെയ്തു. പക്ഷേ, ഫത്‌വകൾ[4] പെണ്ണുങ്ങൾ എഴുത്ത് പഠിക്കൽ കറാഹത്താണെന്നായിരുന്നു.[5] അക്കാലത്ത് ദീനും[6] ദുൻയാവും[7] മനസ്സിലാവാത്ത പള്ളിയോത്ത് മാത്രമെ അവർ സ്വീകരിച്ചിരുന്നുള്ളൂ. പാമരൻമാരായ ബഹുജനങ്ങൾ അവരുടെ വാദങ്ങളെ 'മതവിധി'കളായി സ്വീകരിച്ചു."[8]

ബോർഡിൽ എഴുതുന്ന സമ്പ്രദായം മതപഠന മേഖലയിൽ ആദ്യം കൊണ്ടുവന്നത് മൗലാനാ ചാലിലകത്ത് ആയിരുന്നു. പലകമേൽ ചവിടി കൊണ്ട് പാഠങ്ങളെഴുതിക്കൊടുത്ത് പഠിപ്പിക്കുന്ന രീതി മാറ്റാനാണ് അദ്ദേഹം ശ്രമിച്ചത്. ബോർഡിൽ ക്വുർആൻ എഴുതുമ്പോൾ താഴെ വീഴുന്ന ചോക്കിൻപൊടി ചവിട്ടുന്നത് ക്വുർആനിനെ നിന്ദിക്കലായതിനാൽ ചോക്ക് കൊണ്ട് ബോർഡിൽ എഴുതുന്നത് നിഷിദ്ധമാണെന്ന് വിധി പുറപ്പെടുവിക്കുക മാത്രമല്ല, വാഴക്കാട് ദാറുൽ ഉലൂം മദ്റസയിലെ പാഠപുസ്തകങ്ങൾ ഇസ്‌ലാമിക വിരുദ്ധമാണെന്ന് പ്രചരിപ്പിക്കാനും പൗരോഹിത്യം പരിശ്രമിച്ചു. മതപഠനത്തിന് വേണ്ടി മാറ്റി വെച്ച വക്വഫ് സ്വത്തുക്കളിൽ നിന്ന് ഇതിനായി ചെലവഴിക്കാൻ പാടില്ല എന്ന് ചില പണ്ഡിത വിധികൾ എഴുതിക്കൊണ്ടു വന്നു സ്ഥാപനാധികാരികളെ കാണിച്ചു. എതിർപ്പുകൾ ശക്തമാക്കി ചാലിലകത്തിനെ പുറത്തു ചാടിക്കാനുള്ള സമ്മർദം സൃഷ്ടിച്ചു.

പൊന്നാനി മഖ്ദൂം ചെറിയ ബാവ മുസ്‌ലിയാർ, കട്ടിലശ്ശേരി ആലി മുസ്‌ലിയാർ, പള്ളിപ്പുറം യൂസുഫ് മുസ്‌ലിയാർ, രായിൻ കുട്ടി മുസ്‌ലിയാർ എന്നീ പ്രമുഖ പണ്ഡിതൻമാരുടെ ഒരു സമിതി പാഠപുസ്തക പരിശോധനക്ക് നിയോഗിക്കപ്പെട്ടു. പരിശോധന സമയത്ത് മലബാറിലെ പ്രഗത്ഭരായ ചില പണ്ഡിതരും സന്നിഹിതരായിരുന്നു. അവയിൽ മതവിരുദ്ധമായത് ഒന്നുമില്ലെന്നും വിദ്യാർഥികൾക്ക് ഏറെ പ്രയോജനകരമായ പാഠ്യരീതി നിലനിർത്തേണ്ടതാ

**ബോർഡിൽ എഴുതുന്ന സമ്പ്രദായം മതപഠന മേഖലയിൽ ആദ്യം കൊണ്ടുവന്നത് മൗലാനാ ചാലിലകത്ത് ആയിരുന്നു. പലകമേൽ ചവിടി കൊണ്ട് പാഠങ്ങളെഴുതിക്കൊടുത്ത് പഠിപ്പിക്കുന്ന രീതി മാറ്റാനാണ് അദ്ദേഹം ശ്രമിച്ചത്. ബോർഡിൽ ക്വുർആൻ എഴുതുമ്പോൾ താഴെ വീഴുന്ന ചോക്കിൻ പൊടി ചവിട്ടുന്നത് ക്വുർആനിനെ നിന്ദിക്കലായതിനാൽ ചോക്ക് കൊണ്ട് ബോർഡിൽ എഴുതുന്നത് നിഷിദ്ധമാണെന്ന് വിധി പുറപ്പെടുവിക്കുക മാത്രമല്ല, വാഴക്കാട് ദാറുൽ ഉലൂം മദ്റസയിലെ പാഠ പുസ്തകങ്ങൾ ഇസ്‌ലാമിക വിരുദ്ധമാണെന്ന് പ്രചരിപ്പിക്കാനും പൗരോഹിത്യം പരിശ്രമിച്ചു. എതിർപ്പുകൾ ശക്തമാക്കി ചാലിലകത്തിനെ പുറത്തു ചാടിക്കാനുള്ള സമ്മർദം സൃഷ്ടിച്ചു.**

**പള്ളിയോത്തിന്റെ അശാസ്ത്രീയത വേണ്ടുവോളം അനുഭവിച്ച മൊയ്തു മൗലവി തന്റെ അനുഭവങ്ങൾ വിവരിക്കുന്നത് വായിക്കുമ്പോൾ ചാലിലകത്തിന്റെ പരിഷ്കരണ സംരംഭങ്ങളുടെ പ്രസക്തി എത്രമാത്രമുണ്ടെന്ന് നമുക്ക് ബോധ്യപ്പെടും. വഖഫ് സ്വത്ത് ദുരുപയോഗമെന്ന ഉമ്മാക്കി കാട്ടി ചാലിലകത്തിനെ നിശ്ശബ്ദമാക്കാൻ നടന്ന ശ്രമങ്ങളെപ്പറ്റി സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ ആധികാരിക ചരിത്രമായ; 'സമസ്ത: ചരിത്രത്തിന്റെ നാൾവഴികൾ' എന്ന ഗ്രന്ഥത്തിലും നിശ്ശബ്ദത പാലിക്കുന്നില്ല. ചാലിലകത്തിനെ സ്വന്തം പിതാവും മദ്റസാ പ്രസ്ഥാനത്തെ തങ്ങളുടെ സന്തതിയുമായി അവതരിപ്പിക്കാനുള്ള വിഫല ശ്രമങ്ങൾക്കാണ് പിന്നീട് അവർ നേതൃത്വം നൽകിയത്.**



ണെന്നും സമിതി പ്രസ്താവിച്ചു.

മദ്റസാ വിദ്യാർഥികളുടെ പഠന നിലവാരം കൂടി പരിശോധിക്കാൻ മൗലാനാ പരിശോധകരോട് അഭ്യർഥിച്ചു. അവരുടെ കഴിവിൽ മതിപ്പ് രേഖപ്പെടുത്തുകയാണ് പരിശോധകർ ചെയ്തത്.

പൗരോഹിത്യത്തിന്റെ തീക്ഷ്ണമായ എതിർപ്പുകൾക്കൊടുവിൽ 1914ൽ ദാറുൽ ഉലൂമിനോട് വിട പറഞ്ഞ മൗലാന വളപട്ടണം, പറവണ്ണ, പുളിക്കൽ, നല്ലളം, കോഴിക്കോടിനടുത്ത കോട്ടുമ്മൽ, വടകര തുടങ്ങിയ സ്ഥലങ്ങളിൽ പരിഷ്കരണ മദ്റസകൾ സ്ഥാപിക്കുകയും മേൽനോട്ടത്തിനായി ശിഷ്യൻമാരെ നിയമിക്കുകയും ശാസ്ത്രീയമായ പാഠപുസ്തകങ്ങൾ രചിക്കുകയും ചെയ്തു.

മൗലാനയുടെ ശിഷ്യനും രണ്ടാമത്തെ മകൾ കുഞ്ഞായിശയുടെ ഭർത്താവുമായ പ്രമുഖ പണ്ഡിതൻ പി.കെ. മൂസാ മൗലവി മദ്റസാ പ്രസ്ഥാനത്തിന്റെ പ്രധാന പ്രചാരകനായിരുന്നു. മൂസാ മൗലവിയെ കളിയാക്കിക്കൊണ്ട് യാഥാസ്ഥിതിക പണ്ഡിതനും 'അരീക്കൽ ഓർ' എന്ന് ആളുകൾ ബഹുമാനപൂർവം വിളിക്കുന്നയാളുമായ മുയിപ്പോത്ത് അരീക്കൽ അമ്മദ് മുസ്‌ലിയാർ ഒരു അറബി മലയാള ഗാനം തന്നെ രചിക്കുകയുണ്ടായി. പൈങ്ങോട്ടായി എ.കെ.കുഞ്ഞമ്മദ് സാഹിബിന്റെ കുറിപ്പുകളിൽ നിന്ന് ടി.കെ അബ്ദുല്ല ശേഖരിച്ച ആ ഗാനത്തിലെ ചില വരികൾ കാണുക:

"ഇബ്‌ലീസ് മദ്റസയിട്ടു ഫീ അർദില്ലാ[9]
നാടാകെ ദീന് നടത്തി ലഅ്നതുല്ലാ[10]
മീമുൻ ലി മദ്റസതിൻ വ മീമു ജഹന്നമീ[11]
ഒന്നാണ് ചങ്ങാതീ ബിലാ തവഹ്ഹുമീ[12]
മൂസാ നബിക്കെതിരായി പണ്ടൊരു മൂസാ[13]
ഇസ്‌ലാമിനെതിരാണിന്ന് കുഞ്ഞിമ്മൂസാ[14]
ഒരു കാലത്തും ലാ തജ്അലുൽ ബനീന[15]
മദ്റസ വഴിയിൽ യതഅല്ലമൂനാ[16]
മൗലൂദിനും തടസ്സമല്ലേ ഖാലൂ[17]
ഉണ്ടോ ഇവർക്ക് നാല് കാലും വാലും?!"[18]

ചാലിലകത്തിന്റെ മദ്റസ തന്നിലുണ്ടാക്കിയ മാറ്റം അന്ന് അദ്ദേഹത്തിന്റെ മറ്റൊരു ശിഷ്യനായിരുന്ന ഇ.മൊയ്തു മൗലവി തന്റെ 'സലഫി പ്രസ്ഥാനം ആദ്യകാല ചരിത്രം' എന്ന ലഘുഗ്രന്ഥത്തിൽ ഹൃദയസ്പൃക്കായി വിവരിച്ചിട്ടുണ്ട്. യാഥാസ്ഥിതികരുടെ എതിർപ്പുകളുടെ നിരർഥകതയും സ്വാനുഭവത്തിലൂടെ മൊയ്തു മൗലവി അതിൽ വ്യക്തമാക്കിയിട്ടുണ്ട്. പി.കെ മൂസാ മൗലവി അന്നത്തെ അനുഭവങ്ങൾ കെ.എം. മൗലവി സ്മാരക ഗ്രന്ഥത്തിലും[20] സൂചിപ്പിച്ചിട്ടുണ്ട്. മൗലാനയുടെ മറ്റൊരു ശിഷ്യനായ ഇ.കെ മൗലവിയുടെ 'കേരളത്തിലെ ഇസ്‌ലാഹി പ്രസ്ഥാനം'[21] എന്ന ലേഖന പരമ്പരയിലും ഇതിന്റെ വിശദീകരണങ്ങൾ കാണാം. മറ്റൊരു ശിഷ്യനായ സി.എ. മുഹമ്മദ് മൗലവി 1970ലെ തിരൂരങ്ങാടി യതീംഖാനയുടെ സിൽവർ ജൂബിലി സോവനീറിലും ഈ അനുഭവങ്ങൾ പങ്കുവെച്ചിട്ടുണ്ട്.

ഇ.മൊയ്തു മൗലവി അദ്ദേഹത്തിന്റെ ആത്മകഥയിൽ ഈ സംഭവം വിവരിക്കുന്നതിങ്ങനെയാണ്:

"വാഴക്കാട് മദ്റസക്ക് ധാരാളം ഭൂസ്വത്തുണ്ടായിരുന്നു. പക്ഷേ, അതിന്റെ നടത്തിപ്പ് ഒട്ടും തൃപ്തികരമായിരുന്നില്ല. പുതിയ നിലയിലുള്ള പഠന സമ്പ്രദായം നടപ്പാക്കണമെന്നു ചിലർക്ക് അഭിപ്രായമുണ്ടായി. അങ്ങനെ അക്കാലത്തെ മുതവല്ലിയായിരുന്ന കൊയപ്പത്തൊടി അഹ്മദ്കുട്ടി ഹാജി മുന്നോട്ടുവന്നു. വഖഫ് സ്വത്തുക്കളുടെ നടത്തിപ്പ് വ്യവസ്ഥപ്പെടുത്തി. നവീന രീതിയിലുള്ള ഒരു മദ്റസയും ആരംഭിച്ചു. പെൻസിൽ, ഫൗണ്ടൻ പെൻ, ബ്ലാക്ക് ബോർ

ഡ്, കടലാസ് എന്നീ പഠനോപകരണങ്ങൾ മദ്‌റസാ ഹാളിൽ സ്ഥലം പിടിച്ചു. മുസ്‌ലിയാക്കന്മാർ വിറളി പൂണ്ടു. ഫത്‌വകൾ പുറപ്പെടുവിച്ചു.

മദ്‌റസാ നടത്തിപ്പുകാരനായിരുന്ന മാന്യൻ യാഥാസ്ഥിതിക പണ്ഡിതൻമാരുടെ വലയിൽ അകപ്പെട്ടു പോയി. ഒടുവിൽ ദാറുൽ ഉലൂം അറബി വിദ്യാലയം; മൗലവി കുഞ്ഞഹ്മദ് ഹാജിക്കും ശിഷ്യഗണത്തിനും മറ്റ് അധ്യാപകർക്കും ഉപേക്ഷിക്കേണ്ടതായി വന്നു. ഈ ദുഃസ്ഥിതി സംജാതമായത് കള്ള ഫത്‌വയുടെ ഫലമായിട്ടത്രെ."[22]

തുടർന്ന്, മൊയ്തു മൗലവി ഈ ഫത്‌വയെ മക്തി തങ്ങളുടെ പ്രസിദ്ധമായ ഒരു വാക്യത്തോടു ചേർത്തു വായിക്കുന്നുണ്ട്. മക്തി തങ്ങൾക്ക് സമാനമായ അനുഭവങ്ങളാണ് ചാലിലകത്തിനും ഉണ്ടായതെന്നാണ് അതിലൂടെ മൗലവി സമർഥിക്കുന്നത്. കള്ള ഫത്‌വക്കാരെ പറ്റിയുള്ള മക്തി തങ്ങളുടെ ആ മഹദ്‌വാക്യം അദ്ദേഹം കൂടെക്കൂടെ അനുസ്മരിച്ചിരുന്നു.

"ക്രൈസ്തവ പാതിരിമാരോടെന്ന പോലെ മുസ്‌ലിം സമുദായത്തിലെ യാഥാസ്ഥിതിക മുസ്‌ലിയാക്കൻമാരോടും അദ്ദേഹം പടപൊരുതി. ആ മഹാനായ പരിഷ്കർത്താവിന്റെ മരിക്കാത്തൊരു വാക്യം ഞാനിപ്പോഴും ഓർക്കാറുണ്ട്."[23]

"അടുക്കള വിട്ട് പോയില്ല;
അറിവുള്ളോരെ കണ്ടില്ല
അറിവുകളൊന്നും പഠിച്ചില്ല
ഫത്‌വക്കൊന്നും മുട്ടില്ല"[24]

അക്കാലത്തെ പള്ളിയോത്തിന്റെ അശാസ്ത്രീയത വേണ്ടുവോളം അനുഭവിച്ച മൊയ്തു മൗലവി തന്റെ അനുഭവങ്ങൾ വിവരിക്കുന്നത് വായിക്കുമ്പോൾ ചാലിലകത്തിന്റെ പരിഷ്കരണ സംരംഭങ്ങളുടെ പ്രസക്തി എത്രമാത്രമുണ്ടെന്ന് നമുക്ക് ബോധ്യപ്പെടും. വഖഫ് സ്വത്ത് ദുരുപയോഗമെന്ന ഉമ്മാക്കി കാട്ടി ചാലിലകത്തിനെ നിശ്ശബ്ദമാക്കാൻ നടന്ന ശ്രമങ്ങളെപ്പറ്റി സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ ആധികാരിക ചരിത്രമായ; 'സമസ്ത: ചരിത്രത്തിന്റെ നാൾവഴികൾ'[25] എന്ന ഗ്രന്ഥത്തിലും നിശ്ശബ്ദത പാലിക്കുന്നില്ല. ചാലിലകത്തിനെ സ്വന്തം പിതാവും മദ്‌റസാ പ്രസ്ഥാനത്തെ തങ്ങളുടെ സന്തതിയുമായി അവതരിപ്പിക്കാനുള്ള വിഫല ശ്രമങ്ങൾക്കാണ് പിന്നീട് അവർ നേതൃത്വം നൽകിയത്.

പഴയ കാലത്ത് കുരുന്നുകൾക്ക് അക്ഷരം പകർന്നു നൽകിയിരുന്ന 'നാഗദം' എന്ന പള്ളിയോത്ത് മൊയ്തു മൗലവി ഓർത്തെടുക്കുന്നത് വായിക്കുക:

"സ്കൂളിൽ ചേർക്കുന്നതിന് മുമ്പ് ഖുർആൻ പഠിപ്പിക്കുന്ന നാഗദം ഏർപ്പാടാണ് അക്കാലത്ത് സമുദായത്തിൽ നടപ്പുണ്ടായിരുന്നത്. അത് വെറും വായന മാത്രമാണ്. ഇരുപത്തിയെട്ട് ലിപികളുള്ള അക്ഷരമാലയാണ് അറബി ഭാഷയ്ക്കുള്ളത്. ആദ്യമായി കുഞ്ഞുകുട്ടികളെ ഹൃദിസ്ഥമാക്കാൻ പഠിപ്പിക്കുന്നു. അതോടു കൂടി എഴുത്ത് പഠിപ്പിക്കുന്നില്ല. ഖുർആൻ പാരായണം തുടങ്ങി അതിലെ നാലാം ഖണ്ഡം പഠിച്ചതിൽ ശേഷം മാത്രമേ 'ഖലം' (തൂലിക) വിദ്യാർഥിക്ക് തൊടാൻ പാടുള്ളൂവെന്നാണ് വയ്പ്പ്. ഇന്നത്തെപ്പോലെ തുടക്കം മുതലേ കടലാസിലോ, സ്ലേറ്റിലോ എഴുതുന്ന ഏർപ്പാടില്ല. അതിനു പകരം ചെത്തി മിനുക്കിയ പലകകളിൻമേൽ ഒരുതരം വെളുത്ത പൊടി (ചെവ്ടി) തേക്കും. ആ പലകമേൽ ചെത്തിക്കൂർപ്പിച്ച മുളക്കഷ്ണം കൊണ്ട് എഴുതിക്കാണിക്കും. മണ്ണെണ്ണ വിളക്കു കത്തിച്ച്, അതിന്റെ പുകയേറ്റു കിട്ടുന്ന കരി വെളിച്ചെണ്ണയിൽ ചേർത്തുണ്ടാക്കുന്നതാണ് മഷി. പെന്നിനു പകരം ചെത്തിക്കൂർപ്പിച്ച മുളക്കഷ്ണം ആ മഷിയിൽ മുക്കിയാണ് മേൽ പറഞ്ഞ പലക മേൽ എഴുതുന്നത്. അറബി പഠിപ്പിക്കുന്നതു തന്നെ യാതൊരു വിധ ചിട്ടയോ സിലബസോ ഇല്ലാതെയാണ്. മൊല്ലമാർ അവരുടെ ഇഷ്ടത്തിനും സൗകര്യത്തിനുമനുസരിച്ച് പഠിപ്പിക്കുന്നു. ഖുർആനിനെയോ അതിലെ സാരംശത്തെയോ പറ്റി അറിവില്ലാത്ത മൊല്ലമാരായിരുന്നു അധ്യാപക ജോലി നടത്തിയിരുന്നത്. വായിക്കാൻ മാത്രമാണ് ഇവർ പഠിപ്പിച്ചിരു

**ചാലിലകത്തിന്റെ മദ്‌റസ തന്നിലുണ്ടാക്കിയ മാറ്റം അന്ന് അദ്ദേഹത്തിന്റെ മറ്റൊരു ശിഷ്യനായിരുന്ന ഇ.മൊയ്തു മൗലവി തന്റെ 'സലഫി പ്രസ്ഥാനം ആദ്യകാല ചരിത്രം' എന്ന ലഘുഗ്രന്ഥത്തിൽ ഹൃദയസ്പൃക്കായി വിവരിച്ചിട്ടുണ്ട്. യാഥാസ്ഥിതികരുടെ എതിർപ്പുകളുടെ നിരർഥകതയും സ്വാനുഭവത്തിലൂടെ മൊയ്തു മൗലവി അതിൽ വ്യക്തമാക്കിയിട്ടുണ്ട്. പി.കെ. മൂസാ മൗലവി അന്നത്തെ അനുഭവങ്ങൾ കെ.എം. മൗലവി സ്മാരക ഗ്രന്ഥത്തിലും സൂചിപ്പിച്ചിട്ടുണ്ട്. മൗലാനയുടെ മറ്റൊരു ശിഷ്യനായ ഇ.കെ മൗലവിയുടെ 'കേരളത്തിലെ ഇസ്വ്‌ലാഹി പ്രസ്ഥാനം' എന്ന ലേഖന പരമ്പരയിലും ഇതിന്റെ വിശദീകരണങ്ങൾ കാണാം. മറ്റൊരു ശിഷ്യനായ സി.എ.മുഹമ്മദ് മൗലവി 1970ലെ തിരൂരങ്ങാടി യതീംഖാനയുടെ സിൽവർ ജൂബിലി സോവനീറിലും ഈ അനുഭവങ്ങൾ പങ്കുവെച്ചിട്ടുണ്ട്.**

**ഗുണകാംക്ഷികളുടെ ഉപദേശം സ്വീകരിച്ച് ഉപരി പഠനത്തിന്റെ പുതിയ ഭൂമിയും പുതിയ ആകാശവും കണ്ടെത്തിയവർ പിന്നീട് മഹാ പ്രതിഭകളായിത്തീർന്നു. പക്ഷേ, പണ്ഡിതൻമാർക്കും പ്രമാണിമാർക്കും അവരുടെ സംശയങ്ങൾ തീർന്നിട്ടുണ്ടായിരുന്നില്ല. അന്നത്തെ ഫ്യൂഡൽ വ്യവസ്ഥിതി മാറ്റങ്ങളുടെ മുഖത്ത് കാർക്കിച്ചു തുപ്പുന്ന ധാർഷ്ഠ്യമാണ് പ്രകടിപ്പിച്ചത്. സി.സൈതാലിക്കുട്ടി മാസ്റ്ററും ശൈഖ് മാഹിൻ ഹംദാനി തങ്ങളും സയ്യിദ് സനാഉല്ലാ മക്തി തങ്ങളും കൊച്ചി അബ്ദുൽ കരീം മൗലവിയും കോടച്ചേരി മരക്കാർ മുസ്‌ലിയാരും എതിർത്തു തോൽപിക്കാൻ ശ്രമിച്ച ശോചനീയവസ്ഥകളെ പുനഃപ്രതിഷ്ഠിക്കാനാണ് യാഥാസ്ഥിതിക പണ്ഡിതരും പ്രമാണിമാരും തോളോട് തോൾ ചേർന്നത്.**



ന്നത്. ക്വുർആൻ പഠിക്കാൻ അഞ്ചും ആറും വർഷമാണെടുക്കുക. ക്വുർആൻ[26] പഠിച്ചു കഴിഞ്ഞാൽ എല്ലാം ആയി എന്നായിരുന്നു അക്കാലത്ത് കരുതപ്പെട്ടിരുന്നത്. സ്ത്രീ വിദ്യാഭ്യാസം അതോടു കൂടി അവസാനിക്കുന്നു. പിന്നെ അവർ ഇരുട്ടറയിൽ നിന്നും പുറത്തേക്കു വരുന്നില്ല. ക്വുർആൻ പഠനത്തിനു[27] ശേഷമാണ് ആൺകുട്ടികളെ കിതാബ്[28] ഓതാൻ പള്ളികളിലേക്ക് അയക്കുന്നത്.''[29]

മുസ്‌ലിം സമുദായത്തിലെ കൊച്ചു കുരുന്നുകളെ പറഞ്ഞയക്കാറുണ്ടായിരുന്നത് ഇത്തരം അശാസ്ത്രീയ സംവിധാനങ്ങളിലേക്കായിരുന്നുവെങ്കിൽ അതിനു ശേഷമുള്ള മതപരമായ പഠന സമ്പ്രദായങ്ങൾ നിഷ്പ്രയോജനകരമായ ചില ഏർപ്പാടുകളായിരുന്നു.

തന്റെ ചെറുപ്പകാലത്തെ മതപഠനത്തിന്റെ ഉപരി കേന്ദ്രങ്ങളായിരുന്ന പള്ളി ദർസുകളുടെ അവസ്ഥ മൊയ്തു മൗലവി വിവരിക്കുന്നത് ഇങ്ങിനെയാണ്:

"പള്ളിപ്പഠനത്തിനും യാതൊരു സിലബസും പരിപാടിയുമുണ്ടായിരുന്നില്ല. പത്തു കിതാബ്[30] എന്ന പുസ്തകം വെച്ചാണ് പഠനം ആരംഭിക്കുന്നത്. ആ പുസ്തകം കുട്ടികളിൽ എന്തു മാറ്റമാണ് ഉണ്ടാക്കുക്കയന്നൊന്നും നോക്കാറില്ല. അതുമായി കുറേകാലം മൽപ്പിടുത്തം നടത്തിയ ശേഷം ഗ്രാമറിലേക്ക് പ്രവേശിക്കുന്നു. വളരെ കാലം വ്യാകരണം പഠിക്കാനായി വിനിയോഗിച്ച ശേഷം വീണ്ടും മതനിയമങ്ങൾ അടങ്ങിയ ഗ്രന്ഥങ്ങളെ ശരണം പ്രാപിക്കുന്നു. ഇങ്ങനെ ജീവിതത്തിലെ നല്ലൊരു ഭാഗം യാതൊരു ചിട്ടയും ശാസ്ത്രീയതുമില്ലാത്ത പഠനത്തിൽ ഏർപ്പെടുക മൂലം പാഴായിപ്പോകുന്നു. പള്ളിയിലെ ഇത്തരം പഠനം കൊണ്ടു പറയത്തക്ക പ്രയോജനം ആർക്കും ഉണ്ടാകുന്നില്ല. ഈ ദുഷിച്ച നിലയ്ക്കു മാറ്റം വരുത്താൻ ശ്രമിച്ചവർക്കു യാഥാസ്ഥിതികൻമാരിൽ നിന്നും വിവിധ തരത്തിലുള്ള മർദ്ദനങ്ങൾക്കിരയാകേണ്ടി വന്നു.''[31]

മതപഠനമെന്ന പേരിൽ നടത്തി വരുന്ന ഈ വ്യവഹാര രീതികളിൽ മൊയ്തു മൗലവിയെപ്പോലെയുള്ള പ്രത്യുൽപന്നമതികളായ മഹാമനീഷികളുടെ ധിഷണക്ക് ചിതലു വരാതിരിക്കാൻ അവരും രക്ഷിതാക്കളും പുതിയ പഠനരീതികളെക്കുറിച്ച് അന്വേഷണമാരംഭിച്ചു.

"ഞാനും പഠനം തുടങ്ങിയത് ഈ നിലയിൽത്തന്നെയായിരുന്നുവെങ്കിലും ഈ ദുഷിച്ച സമ്പ്രദായം പാടേ പിഴുതെറിയെണമെന്ന അഭിപ്രായക്കാരനായിരുന്നു എന്റെ പിതാവ്[32] എന്നതിനാൽ സംസ്കാര സമ്പന്നരും വിശാല വീക്ഷണഗതി ഉള്ളവരും സമുദായ ശരീരത്തെ ബാധിച്ച മഹാവ്യാധിയെ എന്തു ത്യാഗം ചെയ്തും അകറ്റാൻ കച്ചകെട്ടി പുറപ്പെട്ടിട്ടുള്ളവരുമായ ചില പണ്ഡിതൻമാരുടെ ശിഷ്യത്വം സ്വീകരിച്ചതു കൊണ്ട് എനിക്ക് ഏറെ കഷ്ടപ്പെടേണ്ടി വന്നില്ല. അക്കാലത്തു ജീവിച്ചിരുന്ന ഒരു മഹാപണ്ഡിതനും മതഭക്തനും ആളുകൾ ദിവ്യനെന്നു കരുതിയിരുന്ന ആളുമായ പിയാമു മുസ്‌ലിയാർ തങ്ങളുടെ അടുത്തേക്കാണു കിത്താബ് ഓത്ത് ആരംഭിക്കാൻ പിതാവ് എന്നെ കൊണ്ടു പോയത്. പിന്നീട് പള്ളികളിൽ വെച്ചു നടത്തപ്പെടുന്ന 'ദർസു'കൾ തന്നെ അവലംബിക്കേണ്ടി വന്നു. ആ നിലയിൽ കൊല്ലങ്ങൾ പലതും കടന്നുപോയി. ഈ ഘട്ടത്തിലാണു പരിഷ്കൃതാശയനായ മർഹൂം ശൈഖ് ഹംദാനി സാഹിബുമായി സമ്പർക്കം പുലർത്താൻ എനിക്കു ഭാഗ്യം ലഭിച്ചത്. അദ്ദേഹം എന്റെ വളർച്ചയിൽ വളരെ ശുഷ്കാന്തി പ്രകടിപ്പിച്ചു. എന്നെ ഉറുദു ഭാഷ പഠിപ്പിച്ചു. ഉപരിപഠനത്തിനായി വെല്ലൂരിലേക്കു കൊണ്ടു പോകാൻ തീരുമാനിച്ചു. അങ്ങനെയിരിക്കെയാണ് വാഴക്കാട് ദാറുൽ ഉലൂം മദ്റസയെപ്പറ്റി എനിക്കറിയാൻ കഴിഞ്ഞത്.''[33]

ഗുണകാംക്ഷികളുടെ ഉപദേശം സ്വീകരിച്ച് ഉപരി പഠനത്തിന്റെ പുതിയ ഭൂമിയും പുതിയ ആകാശവും കണ്ടെത്തിയവർ പിന്നീട് മഹാ പ്രതിഭകളായിത്തീർന്നു. പക്ഷേ, പണ്ഡിതൻമാർക്കും പ്രമാണിമാർക്കും

അവരുടെ സംശയങ്ങൾ തീർന്നിട്ടുണ്ടായിരുന്നില്ല. അന്നത്തെ ഫ്യൂഡൽ വ്യവസ്ഥിതി മാറ്റങ്ങളുടെ മുഖത്ത് കാർക്കിച്ചു തുപ്പുന്ന ധാർഷ്ഠ്യമാണ് പ്രകടിപ്പിച്ചത്. സി.സൈതാലിക്കുട്ടി മാസ്റ്ററും ശൈഖ് മാഹിൻ ഹംദാനി തങ്ങളും സയ്യിദ് സനാഉല്ലാ മക്തി തങ്ങളും കൊച്ചി അബ്ദുൽ കരീം മൗലവിയും കോടഞ്ചേരി മരക്കാർ മുസ്‌ലിയാരും എതിർത്തു തോൽപിക്കാൻ ശ്രമിച്ച ശോചനീയവസ്ഥകളെ പുനഃപ്രതിഷ്ഠിക്കാനാണ് യാഥാസ്ഥിതിക പണ്ഡിതരും പ്രമാണിമാരും തോളോട് തോൾ ചേർന്നത്.

ഉന്നതമായ മതപഠനത്തോടൊപ്പം ശാസ്ത്ര-ഭൗതിക വിജ്ഞാനീയങ്ങളുടെ വിഹായസ്സിലേക്ക് തുറന്നു വെച്ച ദാറുൽ ഉലൂം എന്ന കിളിവാതിലിന്ന് നിസ്സങ്കോചം അവർ സാക്ഷയിടുകയായിരുന്നു.

മൗലാനാ ചാലിലകത്തിന്റെ ശിഷ്യൻ ഇ.കെ മൗലവി വഖഫ് സ്വത്ത് ഉപയോഗത്തിന്റെ കാര്യത്തിൽ പരിശോധകരും പണ്ഡിതരും അധികാരിയും തമ്മിൽ നടന്ന അവസാന വട്ട ചർച്ചയുടെ അനന്തരഫലം റിപ്പോർട്ട് ചെയ്തത് ഇങ്ങനെയാണ്:

“പ്രശസ്താതിഥികൾക്ക് അധികാരിയുടെ വസതിയായ മണ്ണിൽ തൊടികയിൽ അന്ന് ഒരു സൽക്കാരം ഏർപ്പെടുത്തി. ശൈഖുനാ[34] അതിൽ സംബന്ധിച്ചിരുന്നില്ല. വിചിത്രമെന്നു പറയട്ടെ, അവിടെ വെച്ച് സമുദായ നായകരായ ആ ആലിമുകൾ ഇപ്രകാരം അഭിപ്രായപ്പെട്ടു: ‘നാം മദ്രസക്കായി വലിയ സംഖ്യ ചെലവുചെയ്യുന്നു. ആ സ്ഥിതിക്കു തർക്കത്തിലിരിക്കുന്ന ഒരു സ്ഥാപനത്തിന് ചെലവു ചെയ്യുന്നതിനേക്കാൾ തർക്കമില്ലാതെ വിഷയത്തിൽ ചെലവഴിക്കുന്നതല്ലേ നല്ലത്?”

**റഫറൻസസ്:**

1. ലോകാവസാന ദിനം.

2. ലോാവസാനത്തിന് മുന്നോടിയായി സംഭവിക്കുന്ന അടയാളം.

3. മതനിഷിദ്ധം.

4. പണ്ഡിത വിധികൾ.

5. അനഭിലഷണീയമായത്.

6. മതം.

7. ഇഹലോകം.

8. അൽമനാർ മലയാള മാസിക, 06/06/1955, പു.6, ല.2&3. ‘അവർ പിന്നാലെ വരുന്നു.’ കെ.എം തങ്ങൾ കോഴിക്കോട്

9. അല്ലാഹുവിന്റെ ഭൂമിയിൽ.

10. അല്ലാഹുവിന്റെ ശാപം.

11. മദ്റസ എന്ന അറബി വാക്കിലെ ആദ്യാക്ഷരമായ ‘മീം’ നരകം എന്നർഥം വരുന്ന ‘ജഹന്നമ്’ എന്ന വാക്കിലെ അവസാന അക്ഷരമാണ് എന്നർഥം. മദ്റസാ പഠനം നരക പ്രവേശനത്തിന് നിമിത്തമാകും എന്ന് സൂചന.

12. സംശയമന്യെ.

13. മൂസാ നബിﷺ തൗറാത്ത് സ്വീകരിക്കാൻ പോയപ്പോൾ പശുക്കുട്ടിയെ ഉണ്ടാക്കി വെച്ച് അതിനെ ആരാധിക്കാൻ ഇസ്‌റാഈൽ മക്കളെ പ്രേരിപ്പിച്ച വ്യക്തി.

14. പി.കെ മൂസാ മൗലവി.

15. മക്കളെ വിടരുത്.

16. മദ്റസയിൽ പഠിക്കാൻ.

17. മുഹമ്മദ് നബിﷺയുടെ ജന്മദിനാഘോഷത്തെ എതിർത്ത് സംസാരിക്കുന്നവരാണിവർ.

18. ടി.കെ അബ്ദുല്ല, ‘നടന്നു തീരാത്ത വഴികളിൽ’ (ആത്മകഥ). ഐ.പി.എച്ച്, 2015 ഒക്ടോബർ, ഒന്നാം പതിപ്പ്.

19. അൽഹുദാ ബുക്സ്റ്റാൾ കോഴിക്കോട്, 1992 ഡിസംബർ, ഒന്നാം പതിപ്പ്.

20. കെ.എം മൗലവി മെമ്മോറിയൽ ട്രസ്റ്റ് കമ്മിറ്റി പുറത്തിറക്കിയത്.

21. അൽ മുർശിദ് മലയാളം മാസികയുടെ 1966-68 വർഷത്തിലെ 16 ലക്കങ്ങൾ.

22. ഇ. മൊയ്തു മൗലവിയുടെ ആത്മകഥ, ഡി.സി.ബുക്സ്, ഡിസംബർ 1985 (രണ്ടാം പതിപ്പ്) പേജ്:13

23. സയ്യിദ് സനാഉല്ലാ മക്തി തങ്ങൾ.

24. ഇ.മൊയ്തു മൗലവി, 04/02/1977 ‘ശ്ലാഘനീയമായ സംരംഭം’ (മക്തി തങ്ങളുടെ സമ്പൂർണ കൃതികളുടെ ആദ്യ പതിപ്പിന്റെ അവതാരിക).

25. രചന: പി.എ സ്വാദിഖ് ഫൈസി, താനൂർ. ഇസ കോഴിക്കോട്, 2016 ഒക്ടോബർ ആദ്യ പതിപ്പ്, പേജ് 611.

26. ക്വുർആൻ വായിക്കാൻ.

27. ക്വുർആൻ വായനാ പഠനം.

28. പണ്ഡിതൻമാരുടെ ഗ്രന്ഥങ്ങൾ.

29, ഇ.മൊയ്തു മൗലവി, ‘മൗലവിയുടെ ആത്മകഥ,’ ഡി.സി ബുക്സ്, ഡിസംബർ 1985, രണ്ടാം പതിപ്പ്, പേജ് 11,12.

30. ഇസ്‌ലാമിലെ വിശ്വാസ- അനുഷ്ഠാന കാര്യങ്ങൾ വിവരിക്കുന്ന ശാഫിഈ ചിന്താധാരയിലുള്ള പത്ത് ലഘുഗ്രന്ഥങ്ങൾ ഒറ്റ വാള്യത്തിലാക്കിയത്.

31. ഇ.മൊയ്തു മൗലവി, ‘മൗലവിയുടെ ആത്മകഥ,’ ഡി.സി ബുക്സ്, ഡിസംബർ 1985, രണ്ടാം പതിപ്പ്, പേജ് 11,12.

32. കോടഞ്ചേരി മലയംകുളത്തേൽ മരക്കാർ മുസ്‌ലിയാർ, കൊച്ചി അബ്ദുൽ കരീം മൗലവിയുടെ ശിഷ്യൻ.

33. ഇ.മൊയ്തു മൗലവി, ‘മൗലവിയുടെ ആത്മകഥ,’ ഡി.സി ബുക്സ്, ഡിസംബർ 1985, രണ്ടാം പതിപ്പ്, പേജ് 11,12.

34. ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി.

35. ഇ.കെ മൗലവി: കേരളത്തിലെ ഇസ്‌ലാഹി പ്രസ്ഥാനം, അൽമുർശിദ് മലയാള മാസിക, 1966 ഒക്ടോബർ. ●

മുനവ്വർ ഫൈറൂസ്
mail@nerpatham.com

ലേഖനം



# അവർ പ്രാർഥിച്ചത് ആരോട്?

"ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല" (ക്വുർആൻ 51:56).

മനുഷ്യസൃഷ്ടിപ്പിന്റെ ലക്ഷ്യമെന്തെന്ന് ഈ ക്വുർആൻ വചനം വ്യക്തമാക്കുന്നു. അല്ലാഹു ലോകത്തിലെ വിവിധ സമൂഹങ്ങളിലേക്ക് വ്യത്യസ്ത കാലങ്ങളിലായി ദൂതന്മാരെ നിയോഗിച്ചതും ഇതേ കാര്യം ജനങ്ങളെ ബോധ്യപ്പെടുത്തുവാനായിരുന്നു.

"തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിന് വേണ്ടി)..."(ക്വുർആൻ 16:36).

മുഹമ്മദ് നബിﷺയോട് അല്ലാഹു പറയുന്നു:

"ഞാനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്ക് മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല" (ക്വുർആൻ 21:25).

ആരാധനകൾ അഖിലവും സകല ലോകങ്ങളുടെയും പരിപാലകനു മാത്രം അവകാശപ്പെട്ടതത്രെ. സ്രഷ്ടാവും സംരക്ഷകനും പരിപാലകനുമായവനല്ലാതെ ആരാധിക്കപ്പെടാൻ അർഹതയുള്ളവർ ആരുമില്ല.

"ജനങ്ങളേ, നിങ്ങളെയും നിങ്ങളുടെ മുൻഗാമികളെയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ. നിങ്ങൾ ദോഷബാധയെ സൂക്ഷിച്ച് ജീവിക്കുവാൻ വേണ്ടിയത്രെ അത്. നിങ്ങൾക്ക് വേണ്ടി ഭൂമിയെ മെത്തയും ആകാശത്തെ മേൽപുരയുമാക്കിത്തരികയും ആകാശത്ത് നിന്ന് വെള്ളം ചൊരിഞ്ഞുതന്നിട്ട് അത് മുഖേന നിങ്ങൾക്ക് ഭക്ഷിക്കുവാനുള്ള കായ്കനികൾ ഉൽപാദിപ്പിച്ചുതരികയും ചെയ്ത (നാഥനെ). അതിനാൽ (ഇതെല്ലാം) അറിഞ്ഞ്കൊണ്ട് നിങ്ങൾ അല്ലാഹുവിന് സമൻമാരെ ഉണ്ടാക്കരുത്" (ക്വുർആൻ 2:21,22).

നുഅ്മാനുബ്നു ബശീർ ﷺ ഉദ്ധരിക്കുന്നു: അല്ലാഹുവിന്റെ റസൂൽ ﷺ അരുളി: "നിശ്ചയം പ്രാർഥന; അത് ആരാധന (ഇബാദത്ത്) തന്നെയാണ്." ശേഷം നബി ﷺ ഓതി: 'നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർഥിക്കൂ. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്; തീർച്ച" (ക്വുർആൻ 40:60)(തിർമിദി 2969).

പ്രാർഥന ആരാധനയാണ് എന്നതുകൊണ്ടുതന്നെ അത് അല്ലാഹുവിനു മാത്രം അവകാശപ്പെട്ടതാണ്. പരിശുദ്ധ ക്വുർആനിൽ അനേകം പ്രാർഥനകളുണ്ട്. നബി ﷺ ഒരാൾ രാവിലെ എഴുന്നേൽക്കുന്നത് മുതൽ രാത്രി ഉറങ്ങുന്നതുവരെ വിവിധ സന്ദർഭങ്ങളിലായിചൊല്ലേണ്ടുന്ന വ്യത്യസ്ത പ്രാർഥനകൾ പഠിപ്പിച്ചിട്ടുണ്ട്. എല്ലാം അല്ലാഹുവിനോട് മാത്രമുള്ള പ്രാർഥനകൾ.

പരിശുദ്ധ ക്വുർആനിൽ നബിമാർ നടത്തിയ ധാരാളം പ്രാർഥനകൾ നമുക്ക് ദർശിക്കുവാൻ സാധിക്കും.അവരെല്ലാവരും വിഷമഘട്ടങ്ങളിലും സന്തോഷ സന്ദർഭങ്ങളിലും പ്രാർഥിച്ചത് അല്ലാഹുവിനോട് മാത്രം. അവയിൽ ചിലത് കാണുക:

### ആദം നബി عليه السلام യുടെ പ്രാർഥന

പറ്റിപ്പോയ അബദ്ധത്തിൽ പശ്ചാത്തപിച്ച് ആദം നബി عليه السلام യും ഹവ്വാബീവിയും നടത്തിയ പ്രാർഥന ക്വുർആനിൽ ഇപ്രകാരം കാണാം: "അവർ രണ്ടുപേരും പറഞ്ഞു: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ ഞങ്ങളോട് തന്നെ അക്രമം ചെയ്തിരിക്കുന്നു. നീ ഞങ്ങൾക്ക് പൊറുത്തുതരികയും കരുണ കാണിക്കുകയും ചെയ്തില്ലെങ്കിൽ തീർച്ചയായും ഞങ്ങൾ നഷ്ടം പറ്റിയവരുടെ കൂട്ടത്തിലായിരിക്കും" (7:23).

### നൂഹ് നബി عليه السلام യുടെ പ്രാർഥന

തന്റെ മാതാപിതാക്കൾക്കും വിശ്വാസികൾക്കും വേണ്ടി നൂഹ് നബി عليه السلام പ്രാർഥിച്ചു: "എന്റെ രക്ഷിതാവേ, എന്റെ മാതാപിതാക്കൾക്കും എന്റെ വീട്ടിൽ വിശ്വാസിയായിക്കൊണ്ട് പ്രവേശിച്ചവന്നും സത്യവിശ്വാസികൾക്കും സത്യവിശ്വാസിനികൾക്കും നീ പൊറുത്തുതരേണമേ. അക്രമകാരികൾക്ക് നാശമല്ലാതൊന്നും നീ വർധിപ്പിക്കരുതേ" (71:28)

### ഇബ്റാഹീം നബി عليه السلام യുടെ പ്രാർഥന

അല്ലാഹുവിന്റെ കൽപന പ്രകാരം കഅ്ബ പടുത്തുയർത്തുമ്പോൾ ആ സൽകർമം അല്ലാഹു സ്വീകരിക്കുവാനും പ്രതിഫലം ലഭിക്കുവാനുമായി ഇരുവരും പ്രാർഥിച്ചു: "ഇബ്റാഹീമും ഇസ്മാഈലും കൂടി ആ ഭവനത്തിന്റെ (കഅ്ബയുടെ) അടിത്തറ കെട്ടി ഉയർത്തിക്കൊണ്ടിരുന്ന സന്ദർഭവും (അനുസ്മരിക്കുക). (അവർ ഇപ്രകാരം പ്രാർഥിച്ചിരുന്നു:) ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിൽ നിന്ന് നീയിത് സ്വീകരിക്കേണമേ. തീർച്ചയായും നീ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു" (2:127).

വിവിധ ആവശ്യങ്ങൾ സഫലീകൃതമാകുവാനായി മഹാന്മാരായ ആ രണ്ട് പ്രവാചകന്മാരും പ്രാർഥിച്ചത് കാണുക:

"ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ ഇരുവരെയും നിനക്ക് കീഴ്പെടുന്നവരാക്കുകയും ഞങ്ങളുടെ സന്തതികളിൽ നിന്ന് നിനക്ക് കീഴ്പെടുന്ന ഒരു സമുദായത്തെ ഉണ്ടാക്കുകയും ഞങ്ങളുടെ ആരാധനാ ക്രമങ്ങൾ ഞങ്ങൾക്ക് കാണിച്ചുതരികയും ഞങ്ങളുടെ പശ്ചാത്താപം സ്വീകരിക്കുകയും ചെയ്യേണമേ. തീർച്ചയായും നീ അത്യധികം പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമാകുന്നു" (2:128).

### മൂസാനബി عليه السلام യുടെ പ്രാർഥന

അല്ലാഹു ഏൽപിച്ച പ്രബോധനമെന്ന മഹാദൗത്യം നന്നായി നിറവേറ്റുവാനാവശ്യമായ സഹായം ലഭിക്കുന്നതിനായി മൂസാനബി عليه السلام പ്രാർഥിച്ചത് കാണുക: "അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവേ, നീ എനിക്ക് ഹൃദയവിശാലത നൽകേണമേ. എനിക്ക് എന്റെ കാര്യം നീ എളുപ്പമാക്കിത്തരേണമേ. എന്റെ നാവിൽ നിന്ന് നീ കെട്ടഴിച്ച് തരേണമേ. ജനങ്ങൾ എന്റെ സംസാരം മനസ്സിലാക്കേണ്ടതിന്" (20:25-28)

**അയ്യൂബ് നബി(അ)യുടെ പ്രാർഥന**

രോഗം ബാധിച്ചാൽ ശമനം ലഭിക്കുവാനായി അല്ലാഹുവല്ലാത്തവർക്ക് നേർച്ച നേരുകയും അല്ലാഹുവല്ലാത്തവരോട് രോഗമനത്തിനായി പ്രാർഥിക്കുകയും ചെയ്യുന്നവർ സമൂഹത്തിൽ ഏറെയുണ്ട്. കഠിനമായ രോഗം ബാധിച്ചപ്പോൾ അങ്ങേയറ്റം ക്ഷമയവലംബിച്ച് അല്ലാഹുവിനോട് പ്രാർഥിച്ച അയ്യൂബ് നബി(അ)യുടെ ചരിത്രം അല്ലാഹു നമുക്ക് പറഞ്ഞുതരുന്നുണ്ട്.

"അയ്യൂബിനെയും (ഓർക്കുക). തന്റെ രക്ഷിതാവിനെ വിളിച്ച് കൊണ്ട് അദ്ദേഹം ഇപ്രകാരം പ്രാർഥിച്ച സന്ദർഭം: എനിക്കിതാ കഷ്ടപ്പാട് ബാധിച്ചിരിക്കുന്നു. നീ കാരുണികരിൽ വെച്ച് ഏറ്റവും കരുണയുള്ളവനാണല്ലോ" (ക്വുർആൻ 21:83).

**സകരിയ്യാനബി(അ)യുടെ പ്രാർഥന**

വിവാഹം കഴിഞ്ഞ് രണ്ടോമൂന്നോ വർഷം കഴിഞ്ഞിട്ടും കുട്ടികളുണ്ടാകാത്തപക്ഷം വിവിധ ദർഗകളിലേക്ക് തീർഥയാത്ര നടത്തുന്നവരും ആത്മീയചൂഷകരെ സമീപിക്കുന്നവരും വാർധക്യത്തിലും നിരാശപ്പെടാതെ ഒരു സന്താനത്തിനു വേണ്ടി അല്ലാഹുവിനോട് നിരന്തരം പ്രാർഥിച്ച സകരിയ്യാനബി(അ)യുടെ ജീവിതത്തിൽനിന്നും പാഠമുൾക്കൊള്ളേണ്ടതുണ്ട്.

"അവിടെ വെച്ച് സകരിയ്യാ തന്റെ രക്ഷിതാവിനോട് പ്രാർഥിച്ചു: എന്റെ രക്ഷിതാവേ, എനിക്ക് നീ നിന്റെ പക്കൽ നിന്ന് ഒരു ഉത്തമ സന്താനത്തെ നൽകേണമേ, തീർച്ചയായും നീ പ്രാർഥന കേൾക്കുന്നവനാണല്ലോ എന്ന് അദ്ദേഹം പറഞ്ഞു" (ക്വുർആൻ 3:38).

**യൂനുസ് നബി(അ)യുടെ പ്രാർഥന**

തന്റെ ജനത എത്ര ഉപദേശിച്ചിട്ടും സത്യമാർഗത്തിലേക്ക് വരാത്തിനാലുള്ള വിഷമത്താൽ നാട്വിട്ടു പോയ യൂനുസ് നബി(അ) യാത്രാമധ്യെ കപ്പലിൽ നിന്ന് കടലിലെറിയപ്പെടുകയും അങ്ങനെ അദ്ദേഹത്തെ മത്സ്യം വിഴുങ്ങുകയുമുണ്ടായി. ഏറ്റവും വിഷമകരമായ ആ അവസ്ഥയിൽ, മത്സ്യത്തിന്റെ വയറ്റിൽ നിന്ന് യൂനുസ് നബി(അ) പ്രാർഥിച്ചത് അല്ലാഹുവിനോട് മാത്രം.

"ദുന്നൂനിനെയും (ഓർക്കുക). അദ്ദേഹം കുപിതനായി പോയിക്കളഞ്ഞ സന്ദർഭം. നാം ഒരിക്കലും അദ്ദേഹത്തിന് ഞെരുക്കമുണ്ടാക്കുകയില്ലെന്ന് അദ്ദേഹം ധരിച്ചു. അനന്തരം ഇരുട്ടുകൾക്കുള്ളിൽ നിന്ന് അദ്ദേഹം വിളിച്ചു പറഞ്ഞു: നീയല്ലാതെ യാതൊരു ദൈവവുമില്ല. നീ എത്ര പരിശുദ്ധൻ! തീർച്ചയായും ഞാൻ അക്രമികളുടെ കൂട്ടത്തിൽ പെട്ടവനായിരിക്കുന്നു" (ക്വുർആൻ 21:87)

ഇനിയും ഒരുപാട് പ്രാർഥനകൾ ക്വുർആനിൽ നിന്നും ഉദ്ധരിക്കാൻ സാധിക്കും. അവയെല്ലാം അല്ലാഹുവിനോട് മാത്രം; അല്ലാഹുവല്ലാത്തവരോടുള്ള പ്രാർഥനക്ക് ഒരു ഉദാഹരണമെങ്കിലും പരിശുദ്ധ ക്വുർആനിൽ നിന്നോ പ്രവാചക അധ്യാപനങ്ങളിൽ നിന്നോ ഉദ്ധരിക്കാൻ ഒരാൾക്കും സാധ്യമല്ല. അല്ലാഹുവല്ലാത്തവരെ വിളിച്ച് പ്രാർഥിക്കരുത് എന്നതിന് എത്രയോ തെളിവുകൾ ക്വുർആനിലും ഹദീഥുകളിലും നമുക്ക് കണ്ടെത്തുവാൻ സാധിക്കും.

അല്ലാഹു പറയുന്നു: "വല്ലവനും അല്ലാഹുവോടൊപ്പം മറ്റ് വല്ല ദൈവത്തെയും വിളിച്ച് പ്രാർഥിക്കുന്ന പക്ഷം അതിന് അവന്റെ പക്കൽ യാതൊരു പ്രമാണവും ഇല്ല തന്നെ. അവന്റെ വിചാരണ അവന്റെ രക്ഷിതാവിന്റെ അടുക്കൽ വെച്ചുതന്നെയായിരിക്കും. സത്യനിഷേധികൾ വിജയം പ്രാപിക്കുകയില്ല; തീർച്ച. (ക്വുർആൻ 23:117).

അല്ലാഹുവിന് പുറമെ യാതൊന്നിനോടും പ്രാർഥിക്കാത്തവരാണ് അവന്റെ യഥാർഥ ദാസന്മാർ എന്ന് അല്ലാഹു നമ്മെ അറിയിച്ചിട്ടുമുണ്ട്:

"അല്ലാഹുവോടൊപ്പം വേറെയൊരു ദൈവത്തെയും വിളിച്ചു പ്രാർഥിക്കാത്തവരും അല്ലാഹു പവിത്രമാക്കിവെച്ചിട്ടുള്ള ജീവനെ ന്യായമായ കാരണത്താലല്ലാതെ ഹനിച്ചുകളയാത്തവരും വ്യഭിചരിക്കാത്തവരുമാകുന്നു അവർ. ആ കാര്യങ്ങൾ വല്ലവനും ചെയ്യുന്ന പക്ഷം അവൻ പാപഫലം കണ്ടെത്തുക തന്നെ ചെയ്യും" (ക്വുർആൻ 25:68).

അല്ലാഹുവിനെ മാത്രം ആരാധിച്ച് ജീവിക്കുവാൻ സ്വന്തം നാട്ടിൽ കഴിയാതെ വന്നപ്പോൾ നാട് വിടാനൊരുങ്ങുകയും വഴിമധ്യെ ഒരു ഗുഹയിൽ അഭയം പ്രാപിക്കുകയും ചെയ്ത, ഗുഹാവാസികൾ (അസ്ഹാബുൽ കഹ്ഫ്) എന്നറിയപ്പെടുന്ന യുവാക്കളുടെ പ്രഖ്യാപനം ക്വുർആനിൽ കാണാവുന്നതാണ്.

"ഞങ്ങളുടെ രക്ഷിതാവ് ആകാശഭൂമികളുടെ രക്ഷിതാവ് ആകുന്നു. അവന്നു പുറമെ യാതൊരു ദൈവത്തോടും ഞങ്ങൾ പ്രാർഥിക്കുന്നതേയല്ല, എങ്കിൽ (അങ്ങനെ ഞങ്ങൾ ചെയ്യുന്ന പക്ഷം) തീർച്ചയായും ഞങ്ങൾ അന്യായമായ വാക്ക് പറഞ്ഞവരായി പോകും എന്ന് അവർ എഴുന്നേറ്റ് നിന്ന് പ്രഖ്യാപിച്ച സന്ദർഭത്തിൽ അവരുടെ ഹൃദയങ്ങൾക്കു നാം കെട്ടുറപ്പ് നൽകുകയും ചെയ്തു. ഞങ്ങളുടെ ഈ ജനത അവന്നു പുറമെ പല ദൈവങ്ങ

ളെയും സ്വീകരിച്ചിരിക്കുന്നു. അവരെ (ദൈവങ്ങളെ) സംബന്ധിച്ച് വ്യക്തമായ യാതൊരു പ്രമാണവും ഇവർ കൊണ്ടുവരാത്തതെന്താണ്? അപ്പോൾ അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമച്ചവനെക്കാൾ അക്രമിയായി ആരുണ്ട്!'' (ക്വുർആൻ 18:14,15).

ഇതുപോലെ ആത്മാർഥമായി പ്രഖ്യാപിക്കുവാൻ ഓരോ സത്യവിശ്വാസിക്കും കഴിയേണ്ടതുണ്ട്. അല്ലാഹുവിനു പുറമെ ആരെ വിളിച്ചു പ്രാർഥിച്ചാലും ആ പ്രാർഥിക്കുന്നവൻ ഏറ്റവും വഴിപിഴച്ചവരാണ് എന്നാണ് ക്വുർആൻ മുന്നറിയിപ്പ് നൽകുന്നത്:

"അല്ലാഹുവിനു പുറമെ, ഉയിർത്തെഴുന്നേൽപിന്റെ നാളുവരെയും തനിക്ക് ഉത്തരം നൽകാത്തവരെ വിളിച്ചു പ്രാർഥിക്കുന്നവനെക്കാൾ വഴിപിഴച്ചവൻ ആരുണ്ട്? അവരാകട്ടെ ഇവരുടെ പ്രാർഥനയെപ്പറ്റി ബോധമില്ലാത്തവരാകുന്നു. മനുഷ്യരെല്ലാം ഒരുമിച്ചുകൂട്ടപ്പെടുന്ന സന്ദർഭത്തിൽ അവർ ഇവരുടെ ശത്രുക്കളായിരിക്കുകയും ചെയ്യും. ഇവർ അവരെ ആരാധിച്ചിരുന്നതിനെ അവർ നിഷേധിക്കുന്നവരായിത്തീരുകയും ചെയ്യും" (ക്വുർആൻ 46:5,6).

മാത്രവുമല്ല അത്തരം വഴിമാറിയ പ്രാർഥന അല്ലാഹുവിൽ പങ്ക് ചേർക്കുക എന്ന മഹാ ആക്രമമാണ് . അല്ലാഹുവിന് പുറമെയുള്ളവരെ വിളിച്ചു പ്രാർഥിച്ചാൽ അവർ ആ പ്രാർഥന കേൾക്കില്ലന്നും അതിനുത്തരം നൽകില്ലെന്നും ക്വുർആൻ അറിയിക്കുന്നു. പരലോകത്ത് വെച്ച് തങ്ങളെ വിളിച്ച് പ്രാർഥിച്ചതിനെ അവർ നിഷേധിക്കുകയും ചെയ്യും:

"നിങ്ങൾ അവരോട് പ്രാർഥിക്കുന്ന പക്ഷം അവർ നിങ്ങളുടെ പ്രാർഥന കേൾക്കുകയില്ല. അവർ കേട്ടാലും നിങ്ങൾക്കവർ ഉത്തരം നൽകുന്നതല്ല. ഉയിർത്തെഴുന്നേൽപിന്റെ നാളിലാകട്ടെ നിങ്ങൾ അവരെ പങ്കാളികളാക്കിയതിനെ അവർ നിഷേധിക്കുന്നതുമാണ്. സൂക്ഷ്മജ്ഞാനമുള്ളവനെ(അല്ലാഹുവെ)പ്പോലെ നിനക്ക് വിവരം തരാൻ ആരുമില്ല" (ക്വുർആൻ 35:14).

പ്രാർഥന അല്ലാഹുവല്ലാത്തവർക്ക് നൽകൽ ശിർക്കാണ് അഥവാ അല്ലാഹുവിൽ പങ്കുചേർക്കലാണ് എന്നതാണ് ഉപരിസൂചിത വചനം അറിയിക്കുന്നത്. ഒരാൾ ശിർക്ക് ചെയ്താൽ അയാൾക്ക് സ്വർഗം നിഷിദ്ധവും നരകം നിർബന്ധവുമായിരിക്കും. അതുകൊണ്ട് അല്ലാഹുവിനോട് മാത്രം പ്രാർഥിക്കുക.

"(നബിയേ,) പറയുക: ഞാൻ എന്റെ രക്ഷിതാവിനെ മാത്രമെ വിളിച്ചു പ്രാർഥിക്കുകയുള്ളൂ. അവനോട് യാതൊരാളെയും ഞാൻ പങ്കുചേർക്കുകയില്ല" (ക്വുർആൻ 72:20).

"പള്ളികൾ അല്ലാഹുവിന്നുള്ളതാകുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവോടൊപ്പം ആരെയും വിളിച്ച് പ്രാർഥിക്കരുത്" (ക്വുർആൻ 72:18).

സൂറതുൽ ഫാതിഹയിലൂടെ നമസ്കാരത്തിൽ നാം ദിനേന പലതവണ ഇക്കാര്യം പ്രഖ്യാപിക്കുന്നുണ്ട് എന്നതോർക്കുക: "നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു. നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു" (ക്വുർആൻ 1:5).

എന്നാൽ നമസ്കാരശേഷം പലരും ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നു എന്നത് ഖേദകരമായ വസ്തുതയാണ്.

അല്ലാഹുവല്ലാത്ത ശക്തികളെയും വ്യക്തികളെയും സചേതന-അചേതന വസ്തുക്കളെയും വിളിച്ചുപ്രാർഥിക്കുന്നതിലെ നിരർഥകത വളരെ ഭംഗിയായി, മനസ്സിൽ തട്ടുന്ന രൂപത്തിൽ ക്വുർആൻ നമുക്ക് പറഞ്ഞുതരുന്നുണ്ട്.

"മനുഷ്യരേ, ഒരു ഉദാഹരണമിതാ വിവരിക്കപ്പെടുന്നു. നിങ്ങൾ അത് ശ്രദ്ധിച്ചു കേൾക്കുക. തീർച്ചയായും അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ചു പ്രാർഥിക്കുന്നവർ ഒരു ഈച്ചയെപ്പോലും സൃഷ്ടിക്കുകയില്ല. അതിന്നായി അവരെല്ലാവരും ഒത്തുചേർന്നാൽ പോലും. ഈച്ച അവരുടെ പക്കൽ നിന്ന് വല്ലതും തട്ടിയെടുത്താൽ അതിന്റെ പക്കൽ നിന്ന് അത് മോചിപ്പിച്ചെടുക്കാനും അവർക്ക് കഴിയില്ല. അപേക്ഷിക്കുന്നവനും അപേക്ഷിക്കപ്പെടുന്നവനും ദുർബലർ തന്നെ" (ക്വുർആൻ 22:73).

"അവനോടുള്ളതുമാത്രമാണ് ന്യായമായ പ്രാർഥന. അവന്നു പുറമെ ആരോടെല്ലാം അവർ പ്രാർഥിച്ച് കൊണ്ടിരിക്കുന്നുവോ അവരാരും അവർക്ക് യാതൊരു ഉത്തരവും നൽകുന്നതല്ല. വെള്ളം തന്റെ വായിൽ (തനിയെ) വന്നെത്താൻ വേണ്ടി തന്റെ ഇരുകൈകളും അതിന്റെ നേരെ നീട്ടിക്കാണിക്കുന്നവനെപ്പോലെ മാത്രമാകുന്നു അവർ. അത് (വെള്ളം) വായിൽ വന്നെത്തുകയില്ലല്ലോ. സത്യനിഷേധികളുടെ പ്രാർഥന നഷ്ടത്തിൽ തന്നെയാകുന്നു" (ക്വുർആൻ 13:14).

"അതെന്തുകൊണ്ടെന്നാൽ അല്ലാഹുവാണ് സത്യമായിട്ടുള്ളവൻ. അവനു പുറമെ അവർ ഏതൊന്നിനെ വിളിച്ച് പ്രാർഥിക്കുന്നുവോ അതുതന്നെയാണ് നിരർഥകമായിട്ടുള്ളത്. അല്ലാഹു തന്നെയാണ് ഉന്നതനും മഹാനുമായിട്ടുള്ളവൻ" (ക്വുർആൻ 22:62). ●

**ഹുസൈൻ സലഫി, ഷാർജ**
hsalafi@gmail.com





# ബിൽക്വീസ് രാജ്ഞി സുലൈമാൻ നബി عليه السلام യുടെ കൊട്ടാരത്തിൽ

**ബി**ൽക്വീസ് രാജ്ഞി തന്റെ അടുക്കൽ വരുമ്പോൾ, അവളുടെ ബുദ്ധിശക്തി പരീക്ഷിക്കണമെന്നും അല്ലാഹു തനിക്ക് നൽകിയിട്ടുള്ള പ്രവാചകത്വമടക്കമുള്ള വമ്പിച്ച അനുഗ്രഹങ്ങളിലേക്ക് അവളുടെ ശ്രദ്ധ തിരിക്കണമെന്നും സുലൈമാൻ നബി عليه السلام ഉദ്ദേശിച്ചു. അതിനായി, അവൾക്ക് വേഗത്തിൽ തിരിച്ചറിയാതിരിക്കത്തക്ക വണ്ണം സിംഹാസനത്തിന്റെ ബാഹ്യരൂപത്തിൽ ചില മാറ്റങ്ങൾ വരുത്തുവാൻ അദ്ദേഹം തന്റെ സേവകന്മാരോടാവശ്യപ്പെട്ടു.

ഒരു പക്ഷേ, പാരമ്പര്യമായി സ്വാഭാവികമായും ആ സിംഹാസനത്തിൽ ഉണ്ടായേക്കാവുന്ന അനിസ്‌ലാമിക കലാവൈഭവത്തിന്റെ പ്രതീകങ്ങളായ വശങ്ങളിൽ മാറ്റം വരുത്തുകയായിരിക്കും ചെയ്തിരിക്കുക. (അല്ലാഹുവാണ് ഏറ്റവും അറിയുന്നവൻ). അതു സംബന്ധമായി ക്വുർആൻ പറയുന്നത് കാണുക:

"അദ്ദേഹം (സുലൈമാൻ) പറഞ്ഞു: നിങ്ങൾ അവളുടെ സിംഹാസനം അവൾക്ക് തിരിച്ചറിയാത്ത വിധത്തിൽ മാറ്റുക. അവൾ യാഥാർഥ്യം മനസ്സിലാക്കുമോ, അതല്ല അവൾ യാഥാർഥ്യം കണ്ടെത്താത്തവരുടെ കൂട്ടത്തിലായിരിക്കുമോ എന്ന് നമുക്ക് നോക്കാം. അങ്ങനെ അവൾ വന്നപ്പോൾ (അവളോട്) ചോദിക്കപ്പെട്ടു: താങ്കളുടെ സിംഹാസനം ഇതുപോലെയാണോ? അവൾ പറഞ്ഞു: ഇത് അത് തന്നെ യാണെന്ന് തോന്നുന്നു. ഇതിനു മുമ്പ് തന്നെ ഞങ്ങൾക്ക് അറിവ് നൽകപ്പെട്ടിരുന്നു. ഞങ്ങൾ മുസ്‌ലിംകളാവുകയും ചെയ്തിരുന്നു" (27:41,42).

'ഇത് അത് തന്നെയാണെന്ന് തോന്നുന്നു' എന്നായിരുന്നു ബിൽക്വീസിന്റെ മറുപടി. സിംഹാസനം തന്റേത് തന്നെയാണെന്നോ അല്ലെന്നോ വ്യക്തമാക്കാത്ത, യുക്തിപൂർവമുള്ള മറുപടി നൽകി.

അതോടൊപ്പം അല്ലാഹുവിന്റെ അപാരമായ ശക്തി, സുലൈമാൻ നബിعليه السلامയുടെ പ്രവാചകത്വം, അദ്ദേഹത്തിന് അല്ലാഹു കൊടുത്തനുഗ്രഹിച്ചിട്ടുള്ള വമ്പിച്ച അനുഗ്രഹങ്ങൾ, അദ്ദേഹത്തിന്റെ ശക്തി, പ്രതാപം എന്നിങ്ങനെയുള്ള കാര്യങ്ങളെ കുറിച്ച് ഞങ്ങൾ ഇവിടെ എത്തിച്ചേരുന്നതിന് മുമ്പ് തന്നെ മനസ്സിലാക്കിക്കഴിഞ്ഞിട്ടുണ്ടെന്നും ഞങ്ങൾ ഞങ്ങളുടെ ബഹുദൈവ വിശ്വാസം ഉപേക്ഷിച്ച് മുസ്‌ലിംകളായി കഴിഞ്ഞിട്ടുണ്ടെന്നും അവർ അറിയിക്കുകയും ചെയ്തു. സുലൈമാൻ നബിعليه السلامയുടെ കത്തിൽ നിന്നും സമ്മാനവുമായി അയക്കപ്പെട്ട ദൂതന്റെ നേരിട്ടുള്ള അനുഭവത്തിൽ നിന്നും ഏറെക്കുറെ സ്ഥിതിഗതികൾ അവർക്ക് മുമ്പെ തന്നെ മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ട്.

മാറ്റംവരുത്തപ്പെട്ട സിംഹാസനം ചൂണ്ടി ഇത് തന്റേത് തന്നെയാണോ എന്ന ചോദ്യത്തിന് രാജ്ഞി നൽകിയ മറുപടിയിൽ നിന്ന് അവൾ ബുദ്ധിമതിയും സദ്‌വിചാരക്കാരിയുമാണെന്നും സുലൈമാൻ നബിعليه السلامക്ക് വ്യക്തമായി. തുടർന്ന് അല്ലാഹു പറയുന്നു:

"അല്ലാഹുവിന് പുറമെ അവൾ ആരാധിച്ചിരുന്നതിൽ നിന്ന് അദ്ദേഹം അവളെ തടയുകയും ചെയ്തു. തീർച്ചയായും അവൾ സത്യനിഷേധികളായ ജനതയിൽ പെട്ടവളായിരുന്നു" (27:43).

ബിൽക്വീസിനെ സ്വീകരിക്കുവാൻ സ്ഫടികം കൊണ്ടുള്ള ഒരു കൊട്ടാരം സുലൈമാൻعليه السلام തന്റെ പട്ടാളത്തോട് നിർമിക്കുവാൻ നിർദേശിച്ചിരുന്നു. ആ കൊട്ടാരം അതീവ സൗന്ദര്യമുള്ളതായിരുന്നു. അതിന്റെ അടിഭാഗത്ത് വെള്ളം നിറച്ച് അതിൽ മത്സ്യങ്ങളും മറ്റും ഇട്ട് മീതെ സ്ഫടികം പാകിയിരുന്നു എന്ന് പറയപ്പെടുന്നു.

"കൊട്ടാരത്തിൽ പ്രവേശിച്ചു കൊള്ളുക എന്ന് അവളോട് പറയപ്പെട്ടു. എന്നാൽ അവളത് കണ്ടപ്പോൾ അതൊരു ജലാശയമാണെന്ന് വിചാരിക്കുകയും തന്റെ കണങ്കാലുകളിൽ നിന്ന് വസ്ത്രം മേലോട്ട് നീക്കുകയും ചെയ്തു. സുലൈമാൻ പറഞ്ഞു: ഇത് സ്ഫടികക്കഷ്ണങ്ങൾ പാകിമിനുക്കിയ ഒരു കൊട്ടാരമാകുന്നു. അവൾ പറഞ്ഞു: എന്റെ രക്ഷിതാവേ, ഞാൻ എന്നോട് തന്നെ അന്യായം ചെയ്തിരിക്കുന്നു. ഞാനിതാ സുലൈമാനോടൊപ്പം ലോകരക്ഷിതാവായ അല്ലാഹുവിന് കീഴ്പെട്ടിരിക്കുന്നു" (ക്വുർആൻ 27:44).

**സുലൈമാൻعليه السلام അവൾക്കായി നിർമിച്ച ആ കൊട്ടാരത്തിലേക്ക് അവൾ പ്രവേശിക്കുകയാണ്. നിലത്ത് വെള്ളമാണെന്ന് അവൾ വിചാരിച്ചു. സ്വാഭാവികമായും ഒരാൾ വെള്ളമുള്ള സ്ഥലത്തിലൂടെ നടക്കുമ്പോൾ വസ്ത്രം ഉയർത്തുമല്ലോ. അവൾ അപ്രകാരം ചെയ്തപ്പോൾ അവളോട് സുലൈമാൻعليه السلام'ഇത് സ്ഫടികക്കഷ്ണങ്ങൾ പാകിമിനുക്കിയ ഒരു കൊട്ടാരമാകുന്നു' എന്ന് പറഞ്ഞു. ഈ അത്ഭുതക്കാഴ്ചകൾ കണ്ട അവൾ തന്റെ വിശ്വാസം അവിടെ വെച്ച് തുറന്ന് പ്രഖ്യാപിക്കുകയും ചെയ്തു.**

സുലൈമാൻعليه السلام അവൾക്കായി നിർമിച്ച ആ കൊട്ടാരത്തിലേക്ക് അവൾ പ്രവേശിക്കുകയാണ്. നിലത്ത് വെള്ളമാണെന്ന് അവൾ വിചാരിച്ചു. സ്വാഭാവികമായും ഒരാൾ വെള്ളമുള്ള സ്ഥലത്തിലൂടെ നടക്കുമ്പോൾ വസ്ത്രം ഉയർത്തുമല്ലോ. അവൾ അപ്രകാരം ചെയ്തപ്പോൾ അവളോട് സുലൈമാൻعليه السلام'ഇത് സ്ഫടികക്കഷ്ണങ്ങൾ പാകിമിനുക്കിയ ഒരു കൊട്ടാരമാകുന്നു' എന്ന് പറഞ്ഞു. ഈ അത്ഭുതക്കാഴ്ചകൾ കണ്ട അവൾ തന്റെ വിശ്വാസം അവിടെ വെച്ച് തുറന്ന് പ്രഖ്യാപിക്കുകയും ചെയ്തു.

ഇതിന് ശേഷമുള്ള സംഭവങ്ങൾ അല്ലാഹു നമുക്ക് അറിയിച്ചു തന്നിട്ടില്ല. സുലൈമാൻعليه السلام അവളെ വിവാഹം ചെയ്തു എന്ന് പറയുന്നവരുണ്ട്. അതല്ല, അവളെ സബഇലേക്ക് തന്നെ തിരിച്ചയച്ചു എന്നും എന്നിട്ട് അവിടെ അവൾ ഇസ്‌ലാമിക ഗവൺമെന്റ് സ്ഥാപിച്ചു എന്നെല്ലാം പറയുന്നവരുണ്ട്. അല്ലാഹു നമുക്ക് അതിനെ പറ്റി അറിയിച്ച് തരാത്തതിനാൽ നാം അതിന്റെ ചർച്ചകളിലേക്ക് പോകുന്നില്ല.

ഈ സംഭവത്തിലും പ്രവാചകന്മാരുടെ ജീവിതത്തിന് നിരക്കാത്ത ചില

**സുലൈമാൻ നബിﷷയുടെ പട്ടാളത്തിലെ കുതിരകളുടെ വിശേഷണമായി ക്വുർആൻ പ്രയോഗിച്ച പദങ്ങൾ നാം ശ്രദ്ധിക്കേണ്ടതുണ്ട്. കുതിരകളെ സംബന്ധിച്ച് അറിയാവുന്നവർക്കിടയിൽ ഈ വിശേഷണമുള്ള കുതിരകൾക്ക് മുന്തിയ സ്ഥാനമാണ് ഉള്ളത്. സുലൈമാൻ നബിﷷയുടെ മുന്നിലുള്ള കുതിരകളുടെ ആ നിൽപ് ആരുടെയും കണ്ണിനെ ആനന്ദിപ്പിക്കുന്നതും കുളിർമ നൽകുന്നതുമാണ്. അദ്ദേഹം അവയെ നോക്കുന്ന വേളയിൽ അവ അവയുടെ മൂന്ന് കാലുകൾ നിലത്തുവെച്ച് ഒരു കാൽ ഉയർത്തിപ്പിടിച്ച് എന്തിനും സജ്ജമായി നിൽക്കുന്നവയായിട്ടാണ് കാണുന്നത്**

വ്യാഖ്യാനങ്ങളെല്ലാം ചിലർ പറഞ്ഞിട്ടുണ്ട്. ഇസ്‌റാഈലീ കെട്ടുകഥകൾ മാത്രമാണ് അവരുടെ അവലംബം. ഒരു പ്രവാചകനെ സംബന്ധിച്ച് ചിന്തിക്കാനേ പാടില്ലാത്ത അടിസ്ഥാന രഹിതങ്ങളായ കഥകളെ നാം അവഗണിക്കുക.

സുലൈമാൻ നബിﷷയുടെ ചരിത്രം ഇത്രയും വിവിരിച്ചത് സൂറതുന്നംലിലെ വചനങ്ങളുടെ അടിസ്ഥാനത്തിലാണ്. ഇനി നാം സൂറതുസ്സ്വാദിലെ (38ാം അധ്യായം) ചില വിവരണങ്ങളിലേക്കാണ് നീങ്ങുന്നത്. അല്ലാഹു പറയുന്നു:

“ദാവൂദിന് നാം സുലൈമാനെ (പുത്രൻ) പ്രദാനം ചെയ്തു. വളരെ നല്ല ദാസൻ! തീർച്ചയായും അദ്ദേഹം (അല്ലാഹുവിങ്കലേക്ക്) ഏറ്റവും അധികം ഖേദിച്ചുമടങ്ങുന്നവനാകുന്നു” (ക്വുർആൻ 38:30).

മനുഷ്യൻ നന്മതിന്മകൾ ചെയ്യുന്ന പ്രകൃതിയിലാണല്ലോ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. തെറ്റുകൾ ചെയ്യുന്നവരെ അവഗണിച്ചുകളയുന്നവനല്ല അല്ലാഹു. തന്നിലേക്ക് പശ്ചാത്തപിച്ച് മടങ്ങുന്നവരെ അല്ലാഹുവിന് ഏറെ പ്രിയമാണ്. അവർക്ക് അല്ലാഹു അവന്റെ കാരുണ്യം നൽകുകയും ചെയ്യുന്നതാണ്.

നബിമാർ അല്ലാഹുവിലേക്ക് സദാ ഖേദിച്ചുമടങ്ങുന്നവരായിരുന്നു. അതിനർഥം അവർ പാപം ചെയ്തിരുന്നു എന്നല്ല; അല്ലാഹുവിനോട് അത്രയും വിനീതരായ ദാസന്മാരായിരുന്നു അവർ എന്നതാണ്. സൂറതുസ്സ്വാദിൽ സുലൈമാൻ നബിﷷയെ കുറിച്ച് പറഞ്ഞു തുടങ്ങുന്നത് തന്നെ അദ്ദേഹം അല്ലാഹുവിലേക്ക് ഏറ്റവുമധികം ഖേദിച്ചു മടങ്ങുന്നവനായിരുന്നു എന്നാണ്.

“കുതിച്ചോടാൻ തയ്യാറായി നിൽക്കുന്ന വിശിഷ്ടമായ കുതിരകൾ വൈകുന്നേരം അദ്ദേഹത്തിന്റെ മുമ്പിൽ പ്രദർശിപ്പിക്കപ്പെട്ട സന്ദർഭം. അപ്പോൾ അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവിന്റെ സ്മരണയുടെ അടിസ്ഥാനത്തിലാണ് ഐശ്വര്യത്തെ ഞാൻ സ്നേഹിച്ചിട്ടുള്ളത്. അങ്ങനെ അവ (കുതിരകൾ) മറവിൽ പോയി മറഞ്ഞു.(അപ്പോൾ അദ്ദേഹം പറഞ്ഞു:) നിങ്ങൾ അവയെ എന്റെ അടുത്തേക്ക് തിരിച്ചു കൊണ്ട് വരൂ. എന്നിട്ട് അദ്ദേഹം (അവയുടെ) കണങ്കാലുകളിലും കഴുത്തുകളിലും തടവാൻ തുടങ്ങി” (38:31-33).

‘അശിയ്യ്’ എന്ന് അറബിയിൽ പ്രയോഗിക്കുന്നത് ദുഹ്ർ മുതൽ പകലിന്റെ അവസാനം വരെയുള്ള സമയത്തിനോ അസ്വ്ർ മുതൽ പകലിന്റെ അവസാനം വരെയുള്ള സമയത്തിനോ ആണ്. ഒരു സന്ധ്യാ സമയത്താകാം ഈ സംഭവം നടക്കുന്നത് എന്ന് നമുക്ക് മനസ്സിലാക്കാം. അതിവേഗത്തിൽ കുതിക്കുന്ന, സൗന്ദര്യമുള്ള കുറച്ച് കുതിരകൾ അദ്ദേഹത്തിന്റെ മുമ്പിൽ ഈ വൈകുന്നേര സമയത്ത് പ്രദർശിപ്പിക്കപ്പെട്ടു. ആ കുതിരകൾ അദ്ദേഹത്തിന്റെ പട്ടാളത്തിൽ പെട്ടവയായിരുന്നു.

സുലൈമാൻ നബിﷷയുടെ പട്ടാളത്തിലെ കുതിരകളുടെ വിശേഷണമായി ക്വുർആൻ പ്രയോഗിച്ച പദങ്ങൾ നാം ശ്രദ്ധിക്കേണ്ടതുണ്ട്. കുതിരകളെ സംബന്ധിച്ച് അറിയാവുന്നവർക്കിടയിൽ ഈ വിശേഷണമുള്ള കുതിരകൾക്ക് മുന്തിയ സ്ഥാനമാണ് ഉള്ളത്. സുലൈമാൻ നബിﷷയുടെ മുന്നിലുള്ള കുതിരകളുടെ ആ നിൽപ് ആരുടെയും കണ്ണിനെ ആനന്ദിപ്പിക്കുന്നതും കുളിർമ നൽകുന്നതുമാണ്. അദ്ദേഹം അവയെ നോക്കുന്ന വേളയിൽ അവ അവയുടെ മൂന്ന് കാലുകൾ നിലത്തുവെച്ച് ഒരു കാൽ ഉയർത്തിപ്പിടിച്ച് എന്തിനും സജ്ജമായി നിൽക്കുന്നവയായിട്ടാണ് കാണുന്നത്.

ഒരു ദിവസം വൈകുന്നേരം അദ്ദേഹം തന്റെ പട്ടാളത്തിലെ കുതിരകളെ വീക്ഷിച്ചു കൊണ്ടിരിക്കുകയായിരുന്നു. തനിക്ക് ലഭിച്ചിട്ടുള്ള ഭൗതിക സൗകര്യങ്ങളുടെ സൗന്ദര്യം ആസ്വദിക്കലായിരുന്നില്ല സുലൈമാൻﷷ അവയെ നിരീക്ഷിക്കുന്നതു കൊണ്ട് ഉദ്ദേശിച്ചിരുന്നത്. മറിച്ച്, അല്ലാഹു അവന്റെ മതത്തിന്റെ പ്രചാരണത്തിനും മറ്റുമായി തനിക്ക് അധീനപ്പെടുത്തിത്തന്ന സൗകര്യങ്ങളെ ഓർത്ത് അവനോട് നന്ദി കാണിക്കുവാൻ വേണ്ടിയായിരുന്നു. അത്കൊണ്ടു തന്നെ അവയെ എത്ര നിരീക്ഷിക്കുന്നുവോ, അതിനനുസരിച്ച് അല്ലാഹുവോടുള്ള സ്നേഹം രൂഢമൂലമായിക്കൊണ്ടിരുന്നു. ഞാൻ ഈ കുതിരകളെ ഇഷ്ടപ്പെടുന്നതും സ്നേഹിക്കുന്നതും അല്ലാഹുവിനെ കുറിച്ചുള്ള ഓർമ നിമിത്തമാകുന്നു എന്നാണ് അദ്ദേഹം പറഞ്ഞതിന്റെ ചുരുക്കം.

**സത്യത്തിന്റെ ശത്രുക്കൾക്കെതിരിൽ പ്രതിരോധശക്തി വർധിപ്പിക്കുകയും അതിനായി സജ്ജീകരണങ്ങൾ ഏർപെടുത്തുകയും ചെയ്യേണ്ടത് ഭരണാധികാരികളുടെ കടമയാണ്. അതിന് വേണ്ടി അല്ലാഹു കൽപിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം ശക്തി സംഭരണങ്ങളൊന്നും കേവലം ആർഭാടങ്ങളുടെ കൂട്ടത്തിൽ പെട്ടതല്ല. അല്ലാഹുവിന്റെ സ്മരണയാകുന്ന പുണ്യ കർമങ്ങളുടെ ഇനത്തിൽ പെട്ടവയാണവ. ആ ലക്ഷ്യത്തോടും ഉദ്ദേശത്തോടും കൂടിയായിരിക്കുകയും അപ്രകാരം ചെയ്യേണ്ടത്.**

കുതിരകളെ അദ്ദേഹം നോക്കിനിൽക്കെ അവ ഓടിയോടി അദ്ദേഹത്തിന്റെ കാഴ്ചയുടെ പരിധിയിൽ നിന്നും മാറി. അല്ലെങ്കിൽ അവയുടെ കുതിപ്പിന്റെ വേഗതയാൽ പൊടിപടലം കാരണം അദ്ദേഹത്തിന് കാണാതെയായതും ആകാവുന്നതാണ്. രണ്ടായിരുന്നലും ശരി, അദ്ദേഹത്തിന് അവയെ കാണാതെയായി. ഉടനെ കൂടെയുള്ളവരോട് സുലൈമാൻﷺ അവയെ തന്റെ അരികിൽ എത്തിക്കാൻ കൽപന പുറപ്പെടുവിച്ചു. കൽപന പ്രകാരം അവയെ സുലൈമാൻﷺ അടുത്ത് എത്തിച്ചു. അപ്പോൾ സുലൈമാൻﷺ അവയുടെ കണങ്കാലുകളിലും കഴുത്തുകളിലും സ്നേഹത്തോടെ തടവിക്കൊടുത്തു.

സത്യത്തിന്റെ ശത്രുക്കൾക്കെതിരിൽ പ്രതിരോധശക്തി വർധിപ്പിക്കുകയും അതിനായി സജ്ജീകരണങ്ങൾ ഏർപെടുത്തുകയും ചെയ്യേണ്ടത് ഭരണാധികാരികളുടെ കടമയാണല്ലോ. അതിന് വേണ്ടി അല്ലാഹു കൽപിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം ശക്തി സംഭരണങ്ങളൊന്നും കേവലം ആർഭാടങ്ങളുടെ കൂട്ടത്തിൽ പെട്ടതല്ല. അല്ലാഹുവിന്റെ സ്മരണയാകുന്ന പുണ്യ കർമങ്ങളുടെ ഇനത്തിൽ പെട്ടവയാണവ. ആ ലക്ഷ്യത്തോടും ഉദ്ദേശത്തോടും കൂടിയായിരിക്കുകയും അപ്രകാരം ചെയ്യേണ്ടത്. അല്ലാഹു നബിﷺയോടും വിശ്വാസികളോടും പറയുന്നത് കാണുക:

"അവരെ നേരിടാൻ വേണ്ടി നിങ്ങളുടെ കഴിവിൽ പെട്ട എല്ലാ ശക്തിയും കെട്ടിനിർത്തിയ കുതിരകളെയും നിങ്ങൾ ഒരുക്കുക. അതുമുഖേന അല്ലാഹുവിന്റെയും നിങ്ങളുടെയും ശത്രുവെയും അവർക്ക് പുറമെ നിങ്ങൾ അറിയാത്തവരും അല്ലാഹു അറിയുന്നവരുമായ മറ്റു ചിലരെയും നിങ്ങൾ ഭയപ്പെടുത്തുവാൻ വേണ്ടി. നിങ്ങൾ അല്ലാഹുവിന്റെ മാർഗത്തിൽ ഏതൊരു വസ്തു ചെലവഴിച്ചാലും നിങ്ങൾക്ക് അതിന്റെ പൂർണമായ പ്രതിഫലം നൽകപ്പെടും. നിങ്ങളോട് അനീതി കാണിക്കപ്പെടുന്നതല്ല" (ക്വുർആൻ 8:60).

സത്യത്തിന്റെ മാർഗത്തിൽ ഇപ്രകാരം തയ്യാറാക്കി വെക്കൽ അല്ലാഹുവിങ്കൽ നിന്ന് പ്രതിഫലം ലഭിക്കുവാൻ കാരണമായതാകുന്നു. നബിﷺ ഇപ്രകാരം പറഞ്ഞതായി കാണാം:

അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം. നബിﷺ പറഞ്ഞു: "ആരെങ്കിലും അല്ലാഹുവിൽ വിശ്വസിക്കുന്നവനായും അവന്റെ വാഗ്ദാനത്തെ സത്യപ്പെടുത്തുന്നവനായും അല്ലാഹുവിന്റെ മാർഗത്തിൽ ഒരു കുതിരയെ വളർത്തിയുണ്ടാക്കിയാൽ, തീർച്ചയായും അതിന്റെ വിശപ്പ് മാറ്റുന്നതും അതിന്റെ ദാഹം മാറ്റുന്നതും അതിന്റെ കാഷ്ഠവും അതിന്റെ മൂത്രവും അന്ത്യനാളിൽ അവന്റെ തുലാസ്സിൽ വരുന്നതാണ്" (ബുഖാരി).

സുലൈമാൻﷺയുടെ ചരിത്രത്തിൽ ക്വുർആൻ പരാമർശിച്ചിട്ടുള്ള ഈ സംഭവം എന്താണെന്നത് പല രൂപത്തിലും വ്യാഖ്യാനിക്കപ്പെട്ടതായി നമുക്ക് കാണാവുന്നതാണ്. പരിശുദ്ധ ക്വുർആനിന്റെ പരാമർശത്തോട് യോജിക്കുന്ന നിലക്കുള്ള വിവരണമാണ് ഇതുവരെ നാം വായിച്ചത്. ഈ വ്യാഖ്യാനമാണ് ഇമാം ത്വബ്രി(റഹി)യും റാസി(റഹി)യും എല്ലാം ശരിവെച്ചിട്ടുള്ളതും.

മറ്റൊരു വ്യാഖ്യാനം കൂടിയുണ്ട്. ആ വ്യാഖ്യാനം പരിശുദ്ധ ക്വുർആനിന്റെ ഈ ആശയത്തോട് പൂർണമായും കൂറ് പുലർത്താത്തതാകുന്നു. അത് ഇപ്രകാരമാണ്: 'കുതിരപ്പട്ടാള പ്രദർശനത്തിൽ ശ്രദ്ധ മുഴുകിയതു നിമിത്തം സുലൈമാൻ നബിﷺ വൈകുന്നേരത്തെ നമസ്കാരം നിർവഹിക്കുന്ന കാര്യം മറന്നുപോയി. സൂര്യാസ്തമയത്തിന് ശേഷമാണ് ഓർമ വന്നത്. അതിനാൽ അവയെ തിരിച്ചു കൊണ്ടുവരാൻ ആജ്ഞാപിക്കുകയും അല്ലാഹുവിന്റെ സ്മരണക്കു വിഘാതമായിത്തീർന്ന ആ കുതിരകളെ കഴുത്തും കാലും വെട്ടി അറുക്കകയും മാംസം ദാനം ചെയ്യുകയും ചെയ്തു.'

മറ്റു വ്യാഖ്യാനങ്ങളും ഈ സംഭവത്തിന് നൽകപ്പെട്ടതായി നമുക്ക് കാണാവുന്നതാണ്. എന്നാൽ നാം നേരത്തെ പറഞ്ഞതുപോലെ ആദ്യത്തെ വ്യാഖ്യാനമാണ് ക്വുർആനിലെ പരാമർശങ്ങളോടും ആശയങ്ങളോടും ഏറ്റവും അടുത്തു നിൽക്കുന്നത്. ●

റിസാലുദ്ദീൻ എം.എം
mail@nerpatham.com

കവിത



# ശവപ്പെട്ടിയിലെ നവവരൻ

നവവരൻ ശവപ്പെട്ടിയിൽ യാത്രചെയ്യുന്നു
നാലുപാടും നിന്ന് കൂവുന്നു കൂട്ടുകാർ
നെറ്റിചുളിച്ചുപോയ് കാണുവോരൊക്കെയും
നാറ്റമടിക്കുന്നു, ലജ്ജിക്ക മലനാടേ!
നെറികേട് കാട്ടുവാനൊട്ടും മടിയില്ല
നെഗളിപ്പിൽ ചെയ്യുന്നതെന്തെന്നറിയില്ല
നാട്ടുകാർ വീട്ടുകാരൊക്കെയും നാണിച്ചു
നീണ്ടുനിവർന്നവനങ്ങു കിടപ്പല്ലോ!
അല്ലല്ലവർക്കിതെന്തു പറ്റിയഹോ?
അല്ലലില്ലാതെ വളർന്നതിൻ ദോഷമോ?
ആഭാസംകാട്ടുന്ന വേളയോ കല്ല്യാണം
ആരുടെ മാതൃകയുണ്ടിതിൽ ചൊല്ലണം
കൂട്ടുദോഷമിത്, കൂട്ടുകാരൊപ്പിക്കും
കാട്ടാന്തരങ്ങൾക്ക് കൂട്ടുനിൽപെന്തിന്?
ഫാഷനായ് മാറിയോ ഇത്തരം വേലകൾ
പേക്കൂത്തുകൾ മാറി മാറി വരുന്നുവോ?
അരുതെന്നു ചൊല്ലുവാനാരുമില്ലെന്നോ?
അറിയുക നല്ലതിനല്ലയീ നാട്യങ്ങൾ.




WISDOM
GLOBAL ISLAMIC MISSION

പ്രമാണങ്ങൾക്കൊപ്പം, ഗുണകാംക്ഷയുടെ ശബ്ദം
നേരിന്റെ ആർജവം, വേറിട്ട വായനാനുഭവം...




നേരിന്റെ വരമൊഴി

www.nerpatham.com | mail@nerpatham.com

നേർപഥം
വാരിക

Circulation Manager | Nerpatham Weekly | EKP Complex | Kallai Road | Kozhikkode 2 | Kerala | India
Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
12 Jan 2019

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

WISDOM BOOKS

**PUBLISHING || DISTRIBUTION**

Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
Tel: 0495 4019437

# പ്രകാശം പരത്തിയ പ്രവാചകന്മാർ

**ഭാഗം: 1**

**ഹുസൈൻ സലഫി**

**വില: ₹ 150**




ചരിത്ര പഠനത്തിന്റെ ഗുണഫലങ്ങൾ നിരവധിയാണ്. അത് പ്രവാചകന്മാരുടെ ചരിത്രമാവുമ്പോൾ ഫലം ഇരട്ടിയാവും. വിശ്വാസം ദൃഢീകരിക്കാനും ഭാവി കാഴ്ചപ്പാടുകൾ രൂപപ്പെടുത്താനും വിശ്വാസികൾക്ക് ഈ ലോകത്ത് എന്തുമാത്രം പ്രയാസങ്ങൾ സഹിക്കേണ്ടിവരും എന്നത് ബോധ്യപ്പെടുത്താനും പ്രവാചകന്മാരുടെ ചരിത്ര പഠനം നമ്മെ സഹായിക്കുന്നു.

ചരിത്രത്തിന്റെ പ്രാമാണികത ഒരു പ്രതിസന്ധിയാണ്. കണ്ടതും കേട്ടതുമെല്ലാം പലപ്പോഴും ചരിത്രമായി പറയപ്പെടാറുണ്ട്. എന്നാൽ ഈ ഗ്രന്ഥം ചരിത്രരചനക്കുള്ള ഒരു തിരുത്താണ്. പ്രാമാണിക ചരിത്രങ്ങൾ മാത്രമാണിതിന്റെ ഉള്ളടക്കം. എന്നാൽ ചരിത്രഗ്രന്ഥങ്ങളുടെ ഒഴുക്ക് ഒട്ടും നഷ്ടമായിട്ടുമില്ല. പ്രവാചകന്മാരുടെ അതുല്യ ജീവിതത്തിലൂടെ ഒരു വൈജ്ഞാനിക ചരിത്ര യാത്രാനുഭവമാണ് ഹുസൈൻ സലഫിയുടെ ഈ രചന വായനക്കാർക്ക് നൽകുന്നത്.

ആദം عليه السلام മുതൽ സ്വാലിഹ് عليه السلام വരെയുള്ള നബിമാരുടെ ചരിത്രമാണ് ഈ പതിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

## പുതിയ മറ്റു പുസ്തകങ്ങൾ

| | |
|---|---|
| 1. മതം മനുഷ്യൻ സാഹോദര്യം | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി / ₹ 40 |
| 2. ഖാലിദ് ബ്നുൽ വലീദ് | അബ്ദുൽ ഹഖ് സുല്ലമി / ₹ 220 |
| 3. സുബ്ഹ് ജമാഅത്തും മുസ്‌ലിം ഉമ്മത്തും | അബ്ദുൽ മാലിക് മൊറയൂർ / ₹ 70 |